# ബലികുടീരം

ജയിംസ് മണിമ



T62
M31

# ബലികുടീരം

# ബലികുടീരം

(സാമുദായിക നാടകം)

ഗ്രന്ഥകർത്താ

**ജയിംസ് കെ. സി. മണിമല**

പ്രസാധകർ

**ദീപിക പബ്ളിഷേഴ്സ്**

**കോട്ടയം**

വില 1 ക.

DHARMARAM COLLEGE LIBRARY, BANGALORE.
19895
T6
M3

Printed at the Deepika press
Kottayam

BALIKUDIRAM
Social Drama
By James K. C. Manimala
Published by Deepika Kottayam
First Edition Copies 1000
Copy R'ght Reserved by the Author
January-1963
Cover deseighn by K S Rajan

# സഹൃദയരോട്

ഏകനായി ഞാൻ ഈ വഴിത്തിരിവിൽ നില്ക്കുന്നു. കണ്ണീർത്തുള്ളികളും വിയർപ്പുതുള്ളികളും വീണു കുതിർന്നതാണീ മണ്ണ്. നെടുവീർപ്പുകളും ദീനരോദനങ്ങളും പശ്ചാത്തലത്തിൽ പ്രതിധ്വനിക്കുകയും ചെയ്യുന്നു.

രാഷ്ട്രീയ 'മേൽനോക്കികൾ'ക്ക് ജീപ്പിൽനിന്നിറങ്ങാൻ നേരമില്ല. നേതൃമ്മന്യന്മാർക്ക് പ്രസംഗമേ അറിഞ്ഞുകൂടൂ; പ്രവർത്തനം അവർ പണ്ടേ മറന്നുപോയിരിക്കുന്നു.

തളർന്ന ജീവിതത്തിന്റെ ഞരക്കങ്ങൾ ആരു കേൾക്കാനാണ്, 'ജീവിക്കുന്ന മരണം' മാത്രം അജയ്യമായി നിലകൊള്ളുന്നു.

പക്ഷെ, സ്നേഹത്തിന്റെ ചക്രവാളം മരണമല്ല. നാണയത്തുട്ടുകൾകൊണ്ടു അതിന്റെ വില കൊട്ടത്തിത്തീർക്കാനും സാദ്ധ്യമല്ല. അതിനാൽ ഈ "ബലികുടീര"ത്തിലമർന്നിരിക്കുന്ന ജീവിതം എന്നുമെന്നും സ്പന്ദിച്ചുകൊണ്ടേയിരിക്കും.

ആ സ്പന്ദനം ഒന്നു പകർത്തിക്കാണിക്കുവാൻ പണിപ്പെടുകയാണു ഞാൻ. ചിറകു മുളയ്ക്കാത്ത കുറെ ഭാവനകളും മഷിയുണങ്ങാത്ത തൂലികയും മാത്രമാണ് എന്റെ സമ്പത്ത്.

"പൊന്നും പണവുമില്ലാത്ത നിർദ്ധനയുവതികൾ സമുദായത്തിലെ അധികപ്പററുകളാണെ"ന്ന് ഈയിടെ ഒരു സഹോദരി എഴുതി. ആരുമേതുമറിയാതെ വേദനയുടെ ഹിമവത്ശൃംഗത്തിൽ അവർ ബലിയാടുകളായിത്തീരുന്നു. അവരുടെ സൗന്ദര്യത്തെ വേട്ടയാടുവാൻ യുവലോകം എല്ലാ സമരതന്ത്രങ്ങളും സ്വീകരിക്കാറുണ്ടു്. എന്നാൽ ആ സ്നേഹത്തിന്റെ സാമ്രാജ്യത്തിലൊന്നു കടന്നുചെല്ലുവാൻ പലരും വിമുഖരാണ്.

ഈ നാല്ക്കവലയിലൂടെ കടന്നുപോയ ഏതാനും യാത്രക്കാരെ ഞാൻ നിങ്ങൾക്കൊന്നു പരിചയപ്പെടുത്തുകയാണ്.

ഹൃദയത്തിന്റെ ചലനങ്ങൾ പകർത്തുവാൻ ശ്രമിച്ചപ്പോൾ ആർക്കെങ്കിലും വേദനിച്ചെങ്കിൽ സദയം മാപ്പുതരിക.

ഈ 'ബലികുടീര'ത്തിലെ കഥാപാത്രങ്ങൾ പ്രതിനിധീകരിക്കുന്ന കുറേപ്പേരുടെ വിദ്വേഷത്തിനു ഞാൻ വിധേയനായേക്കാം. വേറെ ചിലരുടെ നിശ്ശബ്ദമായ ആദരവ് എന്നെ അനുഗമിച്ചെന്നും വരാം. അതു രണ്ടും ഞാൻ സമചിത്തതയോടെ സ്വാഗതംചെയ്യും. ആ വിദ്വേഷവും ബഹുമാനവും ഒരു തൂലികക്കാരൻ പ്രതീക്ഷിക്കേണ്ട നേട്ടങ്ങളാണല്ലോ.

'ബലികുടീര'ത്തിന്റെ പ്രസിദ്ധീകരണം ഏറെറടുത്ത ദീപികയ്ക്കു് എന്റെ ഹൃദയംഗമമായ കൃതജ്ഞത, സഹൃദയലോകത്തിന് ആത്മാർത്ഥതയുടെ പൂമൊട്ടുകൾ കൊരുത്തെടുത്ത അതിവിനീതമായ ഈ ഉപഹാരം ഞാൻ സാദരം സമർപ്പിക്കുകയാണ്.

മണിമല ജോക്ക് കൃത്തു്
15-12-62

# കഥാപാത്രങ്ങൾ.

---

1 മാത്യു– പച്ചപ്പരിഷ്കാരിയാണ്. പണമുണ്ട്. പഠിപ്പുണ്ട്. ഒന്നേ കുറവുള്ളു. നട്ടെല്ല്. മിടുക്കന്മാരുടെ കൈയ്യിൽ ഒന്നാന്തരം പാവയാണ്.

2 എവറെഡിത്തൊമ്മൻ– കിറുക്കുണ്ടെന്നു അയാൾ സമ്മതിക്കുകയില്ല. പണമുണ്ടാക്കാൻ പുതിയ ബിസ്സിനസ്സറിയാം പ്രേമിക്കാനും പുതിയ പദ്ധതികളുണ്ട്.

3 ദല്ലാൾ കുഞ്ഞുവറീത്– ജീവിക്കാൻവേണ്ടി ഏതു തൊഴിലും ചെയ്യാം ഡോക്ടറാകാനും പഠിക്കണമെന്നില്ല. വാങ്ങിക്കാനല്ലാതെ കുഞ്ഞുവറീതു കൊടുക്കാൻ തുടങ്ങിയിട്ടില്ല.

4 അസനാരുകാക്കാ– ജാതിക്കും മതത്തിനുമപ്പുറം ഉയന്നു ചെല്ലുന്ന ഒരു നല്ല ഹൃദയത്തിന്റെ ഉടമസ്ഥൻ

5 ചാക്കോച്ചൻ– ബാങ്കൊന്നു പൊളിഞ്ഞാലെന്താ സ്വന്തം കാര്യം കുഴപ്പത്തിലാകാതെ നോക്കാൻ ആ മനുഷ്യനറിയാം.

6 ജോർജ്ജ്– പെങ്ങൾ കന്നി വളർന്നുപോകരുതെന്നാണ് ആ ഗംഭീരന്റെ കല്പന. കഞ്ഞികുടിച്ചില്ലെങ്കിലും ജോർജ്ജ് കള്ളുകുടിക്കാത്തദിവസമില്ല.

7 നമ്പൂതിരിപ്പാട്– ശുദ്ധരിലും ശുദ്ധനാണ്, പക്ഷെ ഹൃദയം ആർക്കും പണയപ്പെടുത്തീട്ടില്ല

8 മറിയക്കുട്ടി- അമ്മയെ സ്നേഹിക്കാനുള്ള അവകാശം അൾ പങ്കുവച്ചില്ല.

9 അന്നച്ചേടത്തി- ജീവിതത്തിന്റെ വഴിത്തിരിവിൽനിന്നു ഓമനമക്കളെ ഉൽക്കണ്ഠയോടെ നോക്കുന്ന മനസ്വിനി

10 ലാലിക്കുട്ടി– പിതാവിന്റെയും സഹോദരന്റെയും തെറ്റുകൾക്കു അവൾ പരിഹാരം ചെയ്യുന്നു. പണത്തേക്കാളുപരി മനുഷ്യത്വത്തെ സ്നേഹിക്കുന്നു.

രംഗങ്ങൾ

പതിമ്മൂന്ന്

കഥാകാലം

ഒരു വർഷം

ഈ നാടകം ഗ്രന്ഥകർത്താവിൻെറ രേഖാമൂലമായ അനുമതിയനുസരിച്ച് മാത്രമേ അഭിനയിക്കുവാൻ പാട്ടുള്ളൂ.

# ബലികുടീരം

## രംഗം 1

(ഒരു പഴയ വീട്ട്. ഇരുണ്ട ചുവരുകൾ; പൊക്കം കുറഞ്ഞ വാതിൽ. ഓല മേഞ്ഞിരിക്കുന്നു. കിണ്ടിയും മൊന്തയും നിറച്ചു വെള്ളം വച്ചിട്ടുണ്ട് അട്ടക്കളയിൽ കറികൾ താളിക്കുന്ന ശബ്ദം കേൾക്കാം. കർട്ടൻ ഉയരുമ്പോൾ കുഞ്ഞുവറീതു പ്രവേശിക്കുന്നു. വീതിയുള്ള മുണ്ട് മുട്ടോളം ചുരുക്കിക്കയററി വച്ചുട്ടത്തിരിക്കുന്നു. തേയ്ക്കാത്ത ഷർട്ട് ബട്ടനിടാതെ തുറന്നിട്ടിരിക്കുകയാണ്. പോക്കററിൽ വലിയ മുറുക്കാൻപൊതിയുണ്ട്. വെള്ളി ഫ്രെയിമുള്ള കണ്ണടയും അല്പം കീറിയ രണ്ടാം മുണ്ടും ധരിച്ചിരിക്കുന്നു.)

കുഞ്ഞുവറീതു്- (ദീർഘമായി ഏമ്പക്കം വിടുന്നു) ഏ....വ്വ. എൻറമ്മോ വായു ഭിന്നിക്കുന്നു.

(അന്നച്ചേട്ടത്തി അട്ടക്കളയിൽനിന്നോടിവരുന്നു. കേമ്പിരിത്തുണിയും ചട്ടയുമാണു വേഷം. നാല്പത്തഞ്ചിലധികം പ്രായം വരും. ജരാനരകൾ ബാധിച്ചുതുടങ്ങിയിട്ടുണ്ട്.)

അന്ന- (തെല്ലു പരിഭ്രമത്തോടെ) ഇത്ര എളുപ്പം വന്നോ കുഞ്ഞുവറീതേ? ഇവിടെ ഒന്നും കാലായില്ലല്ലോ.

കുഞ്ഞു- പേടിക്കണ്ടാ ചേട്ടത്തീ. ഇപ്പൊഴൊന്നും വേണ്ട.

അന്ന- യ്യോ! അതു മോശമല്ലേ. അവരെന്ത്യേ?

കുഞ്ഞു- ആരു്?
അന്ന- പെണ്ണും ചെറുക്കനും.
കുഞ്ഞു- വരുന്നുണ്ടു്; പോകുന്നുമുണ്ടു്.
അന്ന- എങ്ങോട്ടു പോകുന്നുണ്ടു്?
കുഞ്ഞു- ചെറുക്കന്റെ വീട്ടിലേക്കു്.
അന്ന- യ്യോ, അതു മഹാ കുറച്ചിലല്ലേ? കുടിക്കാഴ്ചകഴിഞ്ഞു ചെറുക്കൻ പെൺവീട്ടിലോട്ടു വേണ്ട വരാൻ. നാണക്കേടായല്ലോ എന്റെ തമ്പുരാനേ!
കുഞ്ഞു- അതു കുടിക്കാഴ്ച കഴിഞ്ഞിട്ടുള്ള കാര്യമല്ലേ.
അന്ന- നീ എന്തോന്നാഎന്റെകുഞ്ഞുവറീതേഇപ്പറേന്നതു്?
കുഞ്ഞു- ചേടത്തിക്കു മനസ്സിലായില്ലേ, കുടിക്കാഴ്ച കഴിഞ്ഞിട്ടുവേണ്ടെ ചെറുക്കനിങ്ങോട്ടു വരാൻ?
അന്ന- എന്നാപററി, അച്ചനില്ലായിരുന്നോ?
കുഞ്ഞു- അച്ചന്മാരു നാലുപേരുണ്ടായിരുന്നു; നാലു്.
അന്ന- പിന്നെന്നാ?
കുഞ്ഞു- കുടിക്കാണാൻ ചെറുക്കനില്ലായിരുന്നു.
അന്ന- യ്യോ! ചെറുക്കൻ വന്നില്ലായിരുന്നോ?
കുഞ്ഞു- വന്നു.
അന്ന- (ഉൽക്കണ്ഠാഭരിതയായി) ഒന്നു ചൊവ്വും നേരും പറ എന്റെ കുഞ്ഞുവറീതെ!
കുഞ്ഞു- ചെറുക്കൻ വന്നിരുന്നു പക്ഷെ അവൻ മനസ്സുചോദ്യത്തിനു വരണമെങ്കിൽ ആയിരം രൂപായും പറഞ്ഞു ബോധിച്ച ഉരുപ്പടീം ഉടനെ ബോദ്ധ്യപ്പെടുത്തണം.
അന്ന- എന്റെ ഒടേതമ്പുരാനെ എവിടെച്ചെന്നു രൂപായുണ്ടാക്കും! അവർക്കെല്ലാമറിയത്തില്ലേ.
കുഞ്ഞു- വാക്കു പൊളിഞ്ഞതവരുടെ കുററമാണോ? (ജോർജ്ജ് പ്രവേശിക്കുന്നു. വിദ്വേഷവും അസഹിഷ്ണുതയും സ്ഫുരിക്കുന്ന കണ്ണുകൾ. മദ്യപിച്ച് ഉന്മത്തമായ ഭാവം. കൈലിയും ബനിയനും ധരിച്ചിരിക്കുന്നു. ബീഡി വലിക്കുന്നുണ്ടു്)
ജോർജ്ജ്- (അമ്മയെ ചൂണ്ടിക്കൊണ്ടു് പരുഷമായ സ്വരത്തിൽ) അല്ല, ഇവരുടെ കുററം. ഞാൻ അന്നേ പറഞ്ഞു ഉണ്ണാതെ ഉടുക്കാതെ ഇങ്ങനെ സമ്പാദിച്ചു കണ്ടവനു കൊടുക്കരുതെന്നു്.

അന്ന- (പതറിയ സ്വരത്തിൽ വ്യഥാപൂർവ്വം) എന്റെ മോനേ! അങ്ങനെ പറയാതെടാ. നിന്റെ അപ്പൻ തുടങ്ങിയതാടാ ആ ബാങ്കുകണക്ക്. എന്തൊക്കെ അത്യാവിശ്യം വന്നിട്ടും ഞാൻ ഒരു പൈസ എടുത്തില്ല.

ജോ- ഞാൻ ഒരു തൊഴിലുമില്ലാതെ കിടന്നു നരകിച്ചിട്ടും- ബീഡിവലിക്കാൻ കാശില്ലാതെ അലഞ്ഞിട്ടും- നിങ്ങളൊരു പൈസ തന്നില്ല. ഉലുന്തന്റെ മുതൽ ഉറുമ്പരിക്കും. (തലയിൽ ചട്ടമ്പിക്കെട്ടു കെട്ടി ബീഡിപ്പുക വിടുന്നു)

കുഞ്ഞു- ഓ! അതു പകിടപന്ത്രണ്ടാ. ഉലുന്തനാണോ, അവന്റെ മുതൽ പാററായും പഴതാരയുമെല്ലാം അരിക്കും. കുഞ്ഞുവറീതിന്റെവക ഒരു പൈസപോലും ആരും കൊണ്ടുപോകത്തില്ല.

ജോ- തിട്ടമാണോ കാര്യം?

കുഞ്ഞു- അതെ, തിട്ടം- കറുകുതിട്ടം.

വരുംപണംപോകുമതൊന്നിലല്ല,
നരന്നുകല്യാണമുറച്ചുകാൺമൂ.

അന്ന- ഒന്നു മിണ്ടാതിരി കുഞ്ഞുവറീതേ. എന്നിട്ടെന്റെ മകൾ! (നിരുദ്ധകണ്ഠയാകുന്നു)

ജോ- (സാവജ്ഞം) ഓ, ഇപ്പം മോളങ്ങുരുകിപ്പോകും.

അന്ന- എന്റെ മോനേ! നീയെന്തൊരാങ്ങളയാടാ, നിന്റെ കുഞ്ഞുപെങ്ങൾ പുരനിറഞ്ഞു നില്ക്കുന്നതു കണ്ടിട്ടും-

ജോ- അവളെക്കെട്ടിക്കുവാൻ ഇയാളു കല്യാണം പറഞ്ഞു നടക്കുന്നതാ അത്ഭുതം!

കുഞ്ഞു- (ഒന്നും മനസിലാകാത്തമട്ടിൽ) ങേ! എന്നതാ ജോർജ്ജുകുട്ടീ!

ജോ- (തലക്കെട്ട് ഒന്നുകൂടെ ഭദ്രമാക്കിയിട്ട്) എടോ പെണ്ണിണക്കി! തനിക്കു നാണമുണ്ടോ പുര നിറച്ചു വളർന്നുനിൽക്കുന്ന പെണ്ണിനു കല്യാണം പറയാൻ.

കുഞ്ഞു- ഇന്നു നല്ല വെള്ളക്കുതിരപ്പുറത്താണല്ലോ.

അന്ന- എന്റെ കുഞ്ഞുവറീതേ! ആ തലതെറിച്ച സന്തതി വല്ലോം പറയട്ടെ. നീയിങ്ങോട്ടു വന്നേ. അവരെന്നാ പറഞ്ഞു പോയെന്നൊക്കെ വിവരിച്ചൊന്നു പറഞ്ഞേ. (അന്നച്ചേടത്തിയും കുഞ്ഞുവറീതും നിഷ്ക്രമിക്കുന്നു)

ജോ- (മദ്യോന്മത്തതയാൽ ആടിപ്പാടി ചില വിക്രിയകൾ കാണിച്ചുകൊണ്ടിരിക്കുന്നു;)
"ലാലലാ-ലല-ലല്ലലാ-ലല-ലല്ലലാ-ലല ലാലലാ-
- - - - - - -
കള്ളുപോലൊരു നല്ലസാധനമുള്ളിലായതുപോരല്ലൊ
കള്ളമില്ലൊരു ചതിയുമില്ലതി വെള്ളമായതുകിട്ടണം
ലാലലാ— — -
(മറിയക്കുട്ടി പ്രവേശിക്കുന്നു. മുററിത്തിളങ്ങിനില്ക്കുന്ന യൗവ്വനം. അഴകൊഴുകുന്ന മനോഹര മുഖം. കരിമീനൊളിക്കണ്ണുകൾ. സമൃദ്ധമായ കേശഭാരം. ആർഭാടരഹിതയായി വെള്ളസാരിയും ബ്ളൗസും ധരിച്ചിരിക്കുന്നു)

മറിയ— കുഞ്ഞാങ്ങള എപ്പോൾ വന്നു?

ജോ- നിന്നെ കെട്ടിച്ചപ്പം വന്നു.

മറി- (ലജ്ജാഭരിതയായി) പോ കുഞ്ഞാങ്ങളെ വിശേഷമെഴുന്നള്ളിക്കാതെ. (മുമ്പോട്ട നടക്കുന്നു)

ജോ- എടീ മറിയക്കുട്ടീ!
(അവൾ തിരിഞ്ഞുനില്ക്കുന്നു)

ജോ- ഇങ്ങോട്ടു മാറിനില്ക്കു്. നിന്നോടൊരു കാര്യം പറയാനുണ്ടു്.

മറി- എന്നതാ?

ജോ- നേരേനില്ലെടീ. അററൻഷൻ-

മറി- എന്നെ പട്ടാളമുറ പഠിപ്പിക്കുകയാണൊ?

ജോ- നിന്നെ പലതും പഠിപ്പിക്കാനുണ്ടു്. ഞാൻ പറയുന്നതു കേട്ടോണം.

മറി ഉം-

ജോ- എന്നതാ?

മറി- പറയാതെങ്ങിനാ കേൾക്കുന്നെ?

ജോ- എടീ മണ്ടിപ്പെണ്ണേ! പറയാതെ കേൾക്കണം, കേൾക്കാതെ പറയണം. അതാ ചീനയുമായി യുദ്ധംനടക്കുന്ന കാലത്തെ പരിഷ്കാരം,

മറി- കുഞ്ഞാങ്ങളക്കു തൊഴിലൊന്നുമില്ല.

ജോ- വല്ലോം തൊഴില്ച ചെയ്യാമെന്നുവച്ചാൽ നീയാ ത്രഫായിങ്ങോട്ടൊന്നു തന്നോ? അപ്പനൊരു വിശേഷം കാ

ണിച്ചേച്ച പോയിരിക്കുന്നെ. രൂപായൊക്കെ മകടെ പേരിലല്ലേ ബാങ്കിലിട്ടിരിക്കുന്നെ.

മറി- (വ്യഥാഭരിതയായി) കുഞ്ഞാങ്ങളേ! നമ്മുടെ പ്രിയപ്പെട്ട അപ്പച്ചൻ!

ജോ- അല്ലെടീ നിൻെറ അപ്പച്ചനെന്നുപറ. രൂപാ മുഴവൻ നിൻെറ പേരിലല്ലെ. പട്ടിണികിടന്നുണ്ടാക്കിയകാശ്ശ്!

മറി- കുഞ്ഞാങ്ങളെ അപ്പച്ചൻെറ സ്വത്തു നമുക്കു വീതിക്കാം. പക്ഷെ ആ സ്നേഹം വീതിക്കാനാവില്ല.

ജോ. ആട്ടെ സ്നേഹം മുഴുക്കെ നീതന്നെയങ്ങെടുത്തോ. എനിക്കാ കാശിങ്ങെടുത്തുതരാമോ?

മറി- അമ്മയോടു പറ. എന്നതാ കുഞ്ഞാങ്ങള പറയാൻ വന്നെ?

ജോ- അതോ

മറി- ഉം.

ജോ—ഞാൻ പറഞ്ഞാൽ കണിശം നീ അനുസരിച്ചോണം; അല്ലെങ്കിൽ ജോർജ്ജുകുട്ടിയുടെ നിറം മാറും.

മറി— എന്താ കാര്യമെന്നു പറയില്ലല്ലേ-

ജോ— അതോ; നീയിനി അല്പംപോലും വളന്നുപോകരുത്.

മറി- (ലജ്ജാസമന്വിതമായ മന്ദഹാസത്തോടെ) അതു ദൈവമല്ലേ നിശ്ചയിക്കുന്നതു്.

ജോ- അല്ലെടീ. ആരും നിശ്ചയിക്കാതെതന്നെ നീ വളന്നു; ഒത്തിരിയങ്ങു വളന്നു.

മറി— ഓ കുഞ്ഞാങ്ങള പിന്നൊട്ടും വളന്നിട്ടില്ല. തൊട്ടിലിൽ കിടക്കുന്ന കുഞ്ഞാ.

ജോ— അതല്ലെടീ. ഞാൻ വളന്നാൽ കുററമില്ല. നീ വളർന്നു പുര നിറഞ്ഞെന്നാ അമ്മ പറഞ്ഞതു്. ഇനീം വളന്നാൽ പുര പൊളിഞ്ഞുവീണതുതന്നെയാ...

മറി— (അവജ്ഞയും അസഹിഷ്ണുതയും നടിച്ച്) ഓ ഒരു വല്യ കാര്യം പറഞ്ഞെ. കള്ളുകുടിച്ചിട്ടൊണ്ടേൽ അകത്തുകിടക്കട്ടെ. (പോകുന്നു)

ജോ— "കള്ളോളം നല്ലൊരുവസ്തു ഭൂലോകത്തില്ലെടിപെണ്ണേ"
(അസനാരുകാക്കാ പ്രവേശിക്കുന്നു. കയ്യിൽ പാട്ടയും കാലിച്ചാക്കും. ശിരസ്സു മുണ്ഡനംചെയ്തു താടി വളത്തിയിരിക്കുന്നു. കള്ളിമുണ്ടും വരയൻ ബനിയനുമാണു വേ

ഷം. ഇടത്തുടെയുടുത്തു ബൽററിട്ടിരിക്കുന്നു. അരയിൽ ഉറയിട്ട പിച്ചാത്തിയുമുണ്ടു്)

അസ– കാലിപ്പാട്ടയുണ്ടോ; പാട്ട?

ജോ– എടോ കാക്കാ! അതു ചുരുക്ക്യെയതുണ്ടോ തൻെറ കയ്യിൽ?

അസ്സ– എന്തുട്ടാ?– ഞമ്മക്കു തെരിയാതു്.

ജോ– പാട്ട ചുരുക്കിയാലെന്താണെന്നറിഞ്ഞുകൂടെ? പട്ട. ഉണ്ടെങ്കിലൊരു കുപ്പിയിങ്ങോട്ടെട്ടു്.

അസ– ഞമ്മടെ ബേദത്തില്ലു് കള്ളും ശാരായോമൊന്നുംകുടിച്ചൂട തമ്പീ.

ജോ– ഞങ്ങടെ വേദത്തിലങ്ങനെയല്ല. ആണുങ്ങളായാ കുറച്ചു കള്ളും ചാരായോം കുടിക്കണമെന്നാ,

അസ– ഇസ്ലാമിനതൊന്നും പാടില്ല തമ്പീ. (ദൂരെ നോക്കി) ല്ലതാരാ ബോാണെ. കുഞ്ഞുബറീദല്ലെ. ല്ല, പ്പഹയൻ ഞമ്മടെ അഞ്ചുറുപ്പിക ബീക്കിയല്ലൊ. ഞമ്മടെ അയിഷാക്കൊരു നിക്കാഹ് പറഞ്ഞുട്ടപ്പിച്ചു ബരാമെന്നും പറഞ്ഞു. (കൈകൊട്ടി വിളിക്കുന്നു) ഹൂഹോയ്... കുഞ്ഞുബറീദേ! ഇങ്ങു ബാ അപ്പാ.

കുഞ്ഞു- (അണിയറയിൽ) നേരമില്ലണ്ണാ. തീരെ നേരമില്ല

അസ– ഇന്നാള ബറഞ്ഞ കൂട്ടരു ബരുമോ?

കുഞ്ഞു- (അണിയറയിൽ) വരുന്ന ഞായറാഴ്ച കണിശം–

ജോ- കണിശം എന്തോന്നാണെന്നു കണ്ടോ. കാക്കാക്കു തിരിഞ്ഞോ?

അസ– ആ; തമ്പിക്കു തിരിഞ്ഞോ?

ജോ– കണിശം വരത്തില്ലന്നാ. എന്നെക്കാണാൻ ഒരു പത്തമ്പതുപ്ര്യാവശ്യം ആരാണ്ടൊക്കെ വരുമെന്നയാള് പറഞ്ഞതാ. കാശും കുറെ വാങ്ങിച്ചിട്ടുണ്ടു്.

അസ– അറാം പിറന്ന പഹയൻ! (കുഞ്ഞുവറീതു പോയ വഴിയെ നോക്കിനിൽക്കുന്നു)

(കർട്ടൻ)

## രംഗം 2

(പൊതുനിരത്തു്. നല്ലൊരു ബംഗ്ലാവിൻെറ ഗേററു കാണാം. അവിടെ രണ്ടുമൂന്നു പ്ലാക്കാർഡുകൾ ചാരിവച്ചിരിക്കുന്നു. 'പ്രേമം തിരിച്ചുകിട്ടണം' 'പ്രേമവഞ്ചന അവസാനിപ്പിക്കുക' 'പ്രേമസമരം സിന്ദാബാദ്'' ഇതൊക്കെയാണു മുദ്രാവാക്യങ്ങൾ. ഒരു പ്ലാക്കാർഡും പിടിച്ചുകൊണ്ടു എവറെഡീ തൊമ്മൻ സത്യാഗ്രഹമിരിക്കുന്നു, കാക്കിഷർട്ടും മുണ്ടുമാണു വേഷം അലസത നിഴലിച്ച മുഖഭാവം. ഒരരക്കിറുക്കൻെറ ലക്ഷണമുണ്ടു്. മിനുങ്ങുന്ന പാൻറും സിൽക്കുഷർട്ടും ധരിച്ചു മാത്യു പ്രവേശിക്കുന്നു. അഴകിയ രാവണവേഷമാണു്.

മാത്യു– എന്താ എവറെഡിതൊമ്മൻ!

തൊമ്മൻ– (മൗനമവലംബിക്കുന്നു-- പ്ലാക്കാർഡു് ചൂണ്ടിക്കാണിക്കുന്നു)

മാത്യു- പ്രേമംതിരിച്ചുകിട്ടണം! എടാഅതെങ്ങനെഒക്കാനാടാ. കിട്ടുകേലടാ വിഡ്ഢീ! (രണ്ടാമത്തെ കാർഡു്നോക്കി) പ്രേമവഞ്ചന അവസാനിപ്പിക്കുക. അതുകൊള്ളാം. അതവസാനിപ്പിക്കേണ്ടതുതന്നെയാണു്. പ്രേമസമരം സിന്ദാബാദ്– ഓ വിഷമം. പ്രേമംതന്നെ വിഷമം, സമരം അതിലും വിഷമം. പ്രേമസമരമായലത്തെക്കാര്യം പറയാനുണ്ടോ? നിറുത്തെടാ കൂവേ– ഇതൊന്നും നടപ്പില്ലെടാ.

തൊമ്മൻ– (നിറുത്തുകയില്ലെന്നു് കൈകൊണ്ടു് ആംഗ്യം കാണിക്കുന്നു)
മാത്യു– എടാ ക്ലൂവെ, നിൻെറ ഈ പ്രേമയാത്രയ്ക്കൊരു സൈഡുതരണമല്ലൊ.
തൊമ്മൻ– (സാദ്ധ്യമല്ലെന്നു വീണ്ടും ആംഗ്യം കാണിക്കുന്നു)
മാത്യു– എടോ വല്ലതും ചോദിച്ചാൽ മറുപടിപറഞ്ഞുകൂടെ?
തൊമ്മൻ– ('വിജയംവരെ മൗന നിരാഹാര സത്യാഗ്രഹം' എന്നെഴുതിയ ഒരു കടലാസു നിവത്തുകാണിക്കുന്നു)

(ദല്ലാൾ കുഞ്ഞുവറീതു പ്രവേശിക്കുന്നു)

മാത്യു– കുഞ്ഞുവറീതേട്ടാ! ഇതുവല്ലോം നടക്കാമ്പോണോ.
കുഞ്ഞു– നടക്കില്ലെന്നേ! ഞാൻ എത്ര ദിവസമായി പറയുന്നു തൊമ്മനോടു പോയി പെണ്ണുകെട്ടാൻ.
തൊമ്മൻ– (അതുതന്നെയാണു് എൻെറ ലക്ഷ്യമെന്നു് ആംഗ്യം കാണിക്കുന്നു)
കുഞ്ഞു– എന്തു മാത്തുക്കുട്ടീ, ലോകത്തിലീയൊരു പെണ്ണേയുള്ളോ? ഈ കഴിഞ്ഞ കണക്കെടുപ്പിൽ നൂറാണുങ്ങൾക്കു നൂററിമൂന്നു പെണ്ണല്ലേ?
മാത്യു– പിന്നില്ലെ- വെറുതെയാണോ ഞാൻ തൊമ്മനോടൊരു സൈഡു ചോദിച്ചതു്,
കുഞ്ഞു– അന്നേരം എപ്പോഴും മൂന്നു പെണ്ണുങ്ങള് കെട്ടാമങ്കമാരായിട്ടു നിൽക്കും. അതിലെന്നായിരിക്കരുതോ ഈ ബംഗ്ലാവിലെ ലാലിക്കുട്ടി?
മാത്യു– അല്ലെടോ, തൻെറ മറിയക്കുട്ടിയായാലെന്നാ.
കുഞ്ഞു– അതൊക്കെ ബിസിനസ്സല്ലേ മാത്തുക്കുട്ടീ! കല്യാണം മാറിയപ്പോഴെ ഞാനാ താല്പര്യമൊക്കെ വിട്ടു. (പള്ളിയിൽനിന്നും സന്ധ്യാസമയത്തെ മണിനാദമുയരുന്നു തൊമ്മൻ പ്ലാക്കാർഡുകൾ പെറുക്കി അടുക്കി എഴുന്നേല്ക്കുന്നു)
മാത്യു– തൊമ്മൻ സമരമവസാനിപ്പിച്ചോ?
തൊമ്മൻ– ഇനി നാളെ. 6മണിമുതൽ 6മണിവരെയാ സത്യാഗ്രഹനിയമം.
മാത്യു– നീ പിന്നിതുവരെ മിണ്ടാതിരുന്നതോ?
തൊമ്മൻ– അതുവേറെ. തൊമ്മൻ എവറെഡിയാ. സത്യാഗ്രഹം തുടങ്ങിയാൽപ്പിന്നെ സമയം കഴിയുന്നതുവരെ എ

ന്നുവന്നാലും തൊമ്മൻ മിണ്ടത്തില്ല. അതാണു മൗനനിരാഹാരസത്യാഗ്രഹം.

കുഞ്ഞു- എടാ കുഞ്ഞേ! നീ ഇതൊക്കെ കള. ഞാനൊരു നല്ല കല്യാണമാച്ചോചിക്കാം.

തൊമ്മൻ- പാടില്ല, പാടില്ല. തൊമ്മൻ പ്രേമിച്ച പെണ്ണിനെത്തന്നെ കല്യാണംകഴിക്കും.

കുഞ്ഞു- ആ കോങ്കണ്ണിയെ ആരു കെട്ടാനാ?

തൊമ്മൻ- (ചെവിപൊത്തിക്കൊണ്ട്) മഹാപാപം! പ്രേമഭാജനത്തിന്റെ സൗന്ദര്യത്തിനു വിലയിടിക്കുന്ന യാതൊന്നും കേൾക്കുവാനേ പാടില്ല. തൊമ്മൻ എവർറെഡിയാ.

മാത്യു- അതൊക്കെയിരിക്കട്ടെ. തൊമ്മൻ ഒരു സൈഡു തരംനമല്ലോ.

തൊമ്മൻ- എങ്ങോട്ട്? ബംഗ്ലാവിലോട്ടു പോകാനോ?

മാത്യു- അതെ.

തൊമ്മൻ- ആരേക്കാണാനാ; മുതലാളിയവിടില്ല,

മാത്യു- മുതലാളിയേയല്ല.

തൊമ്മൻ- പിന്നെ?—

മാത്യു- ലാലിക്കുട്ടിയെ.

തൊമ്മൻ- (ആവേശപൂർവ്വം ഉയർന്ന സ്വരത്തിൽ) പാടില്ല, പാടില്ല. എന്റെ പ്രേമഭാജനത്തെ മറെറാരുത്തൻ കണ്ടുകൂടാ. തൊമ്മൻ എവർറെഡിയാ. (ഗേററിങ്കൽ കടന്നു നിരോധനഭാവത്തിൽ നിലകൊള്ളുന്നു. മാത്യുവും കുഞ്ഞുവറീതും പൊട്ടിച്ചിരിക്കുന്നു.)
(മാത്യു കുഞ്ഞുവറീതുമായി എന്തോ രഹസ്യം പറയുന്നു, എല്ലാത്തിനും മാർഗ്ഗമുണ്ടെന്നു ചെറുവിരലുയർത്തി കുഞ്ഞുവറീതറിയിക്കുന്നു.)

കുഞ്ഞു- അട്ടെ, തൊമ്മനിവിടെ സത്യാഗ്രഹം തുടങ്ങീട്ടു ദിവസമെത്രയായി?

തൊമ്മൻ- മഹത്തായ മൂന്നാംദിവസമല്ലെ ഇന്നു്.

മാത്യു- മുതലാളിയറിഞ്ഞോ?

തൊമ്മൻ- ഹേ! അങ്ങേരിവിടെ ഉണ്ടായിട്ടു വേണമല്ലോ. എസ്റ്റേററിൽ പോയിരിക്കുകയല്ലേ.

കുഞ്ഞു- തിരിച്ചുവരുമ്പോൾ നിന്നെയിവിട്ടുന്നു പമ്പകടത്തും.

തൊമ്മൻ- അതിനുമമ്പു സമരം ഞാൻ നേടിയെടുക്കും. തൊമ്മൻ എവർറെഡിയാ.
മാത്യു- എന്നിട്ടിത്രയുമൊക്കെയായിട്ട് അവരാരുമറിഞ്ഞില്ലേ?
കുഞ്ഞു- ആരുപറഞ്ഞു. ഇന്നലെ പോലീസുകാരിങ്ങോട്ടു വരുന്ന കണ്ടല്ലോ.
മാത്യു- ങാ! എന്നിട്ട്?
തൊമ്മൻ- അവന്മാരു വന്നേച്ച് ഉറിപോലങ്ങു പോയി. നോക്ക്. കാക്കിയാ ഞാനിട്ടിരിക്കുന്നെ. തൊമ്മൻ എവർറെഡിയാ.
മാത്യു- അവരെന്നാ ചോദിച്ചു.
തൊമ്മ- പലതും ചോദിച്ചു. ഞാൻ മിണ്ടുമോ, മൗനനിരാഹാര സത്യാഗ്രഹമല്ലെ.
കുഞ്ഞു- പിന്നാരാമിണ്ടിയതു്.
തൊമ്മ- ഈവഴിയെവന്ന എരപ്പൻപരപ്പനൊക്കെ മിണ്ടി.
മാത്യു- എന്താണുമിണ്ടിയതു്.
തൊമ്മ- എനിക്കു കിറുക്കാണെന്നു്. അവന്മാരതു നേരുവിശ്വസിച്ചങ്ങുപോയി.
കുഞ്ഞു- അപ്പം അതൊരുപകാരമായി അല്ലേ?
തൊമ്മ- പിന്നല്ലേ? ഒടുക്കം ഇൻസ്പെക്ടരദ്ദേഹം എന്നോടു വർത്തമാനമൊക്കെ പറഞ്ഞു.
മാത്യു- എന്തുപറഞ്ഞു?
തൊമ്മ- അയാളങ്ങോട്ടു നല്ല കണ്ണുപൊട്ടുന്ന നാലുതെറി പറഞ്ഞു.
കുഞ്ഞു- (പൊട്ടിച്ചിരിച്ചിട്ട്) എന്നിട്ടു നീയൊന്നും പറഞ്ഞില്ലേ.
തൊമ്മ- പറയാനൊക്കുമോ, മൗനനിരാഹാരസത്യാഗ്രഹമല്ലേ. അല്ലാരുന്നെങ്കിൽ ഞാൻ കാണിച്ചുകൊടുത്തേനെ. തൊമ്മൻ എവറെഡിയാ.
മാത്യു- ആട്ടെ തൊമ്മനിനി എങ്ങോട്ടാ?
തൊമ്മ- നേരെ പുളിമൂട്ടുകവലയിലേക്കു്.
കുഞ്ഞു- അതെന്തിനാ
തൊമ്മ- സ്വല്പം വിററാമിനടിക്കണം. നല്ല രസികൻ കോഴിക്കറീംകാണുമവിടെ. നാളത്തെ മൗനനിരാഹാരസത്യാഗ്രഹത്തിനുവേണ്ട എനർജിവേണ്ടെ എനർജി.

കുഞ്ഞു- ങ്ദാ! എന്നാൽ വേഗംചെല്ല്. ഇപ്പോഴായാലൊരു കൂട്ടുകാരനെക്കിട്ടും.
തൊമ്മ- ആരാ
കുഞ്ഞു- നമ്മുടെ വെള്ളക്കുതിര ജോർജ്ജുകുട്ടി. ആ വളവിനു പ്പുറത്തുവച്ചു ഞാൻകണ്ടതാ
തൊമ്മ- ങ്ദാ! എന്നാലവനെ ഒന്നുകാണണമല്ലൊ (പ്ലാക്കാർഡ്കളെല്ലാമെടുത്തു കൊണ്ടുപോകുന്നു)
കുഞ്ഞു- കണ്ടോ അലമ്പൊന്നുംകൂടാതെ അവനെ മാററിത്തന്നില്ലേ. അതിനുതരണം കുഞ്ഞുവറീതേട്ടനു് ആദ്യം കാശു്.
മാത്യു- ആ മറിയക്കുട്ടിയുടെ കാര്യമാലോചിക്കാൻ തനിക്കു ഞാനെന്തു പണംതന്നു. അതൊക്കെ മറന്നുപോയി.
കുഞ്ഞു- എന്നിട്ടാലോചിച്ചില്ലായിരിക്കും.
മാത്യു- പക്ഷെ നടന്നില്ലല്ലൊ.
കുഞ്ഞു- അതിപ്പം എന്താചെയ്യുന്നു. വാങ്കുപൊളിഞ്ഞു അവടെ രൂപാപോയിട്ടല്ലേ പണം വേണ്ടെന്നുവച്ചാലിനീം നടത്താം.
മാത്യു- അതുപററൂല. കല്യാണംകഴിക്കണോ കാശുകിട്ടണം വറീതേട്ടാ. എന്നെ പഠിപ്പിക്കുവാൻ ചിലവാക്കിയ കാശിൻെറ പകുതിഎങ്കിലും കിട്ടണമെന്നാ അപ്പൻ പറയുന്നെ.
കുഞ്ഞു- പഠിക്കാനെന്നാചിലവായി
മാത്യു- അതൊന്നും പറയാനില്ല. എസ് എസ് എൽ സിക്കു മൂന്നുകൊല്ലം അഞ്ചാമത്തെ ചാൻസിനാ ജയിച്ചതു്. മൂന്നു ട്യൂട്ടോറിയലിൽ പഠിച്ചു പിന്നെ പ്രീയൂണിവേഴ്സിററി അതിനു നാലുതവണ എഴുതി. എന്നിട്ടും തോററു. എല്ലാം ഗ്രഹപ്പിഴയാണെന്നെ. കാശെത്തിരി ചെലവായിട്ടുണ്ട്.
കുഞ്ഞു- നമ്മുടെ ഈ കേസു കാശുകിട്ടുന്നതാ
മാത്യു- അതല്ലാ ഒന്നുകാണാമെന്നു വച്ചതു്.
കുഞ്ഞു- മാത്തുക്കുട്ടി അവളെ കണ്ടിട്ടില്ലേ?
മാത്യു- പിന്നില്ലെ. പ്രീയൂണിവേഴ്സിററിക്കു ഞങ്ങളൊന്നിച്ചാ എഴുതിയതു്. അന്നു ഞങ്ങളു കാക്കത്തമ്പുരാട്ടിയെന്നാ വിളിച്ചിരുന്നതു്.

കുഞ്ഞു- അവൾക്കല്ലം നിറം മങ്ങിയെന്നേയുള്ളു. മിട്ടമിട്ടക്കിപ്പെങ്കൊച്ചാ.

(അസനാരുകാക്കാ ഒരുകെട്ട കാലിച്ചാക്കുമായി വരുന്നു)

അസ- എന്നാ കുഞ്ഞുവറീദേ! വല്ല പുതിയ കോളുമുണ്ടോ?

കുഞ്ഞു- ഉണ്ടല്ലൊ കാക്കാ

അസ- ഞമ്മടയിഷ്ടേൻെറ കാര്യമിനി എന്നാ കണക്കിലെട്ടക്ക?

കുഞ്ഞു- അതു ഞാനുടനെ പോയിവരാമെന്നേ മേച്ചേരിമംഗലത്തു ഹാജിമൂസാവല്ലൻെറ മോനോനൊരു മിട്ടമിട്ടക്കൻ പയ്യനുണ്ട്.

അസ- അങ്ങനെ പലതും കാണും; ങ്ങ്ള ഞമ്മട്ടരുപ്പികയിങ്ങുതരണം.

കുഞ്ഞു- അങ്ങനെപറയാതെ കാക്കാ ഒക്കെശരിയാക്കാമെന്നെ.

അസ- ങ്ങ്ള ഞമ്മളെ ബേജാറാക്കല്ലുട്ടോ ഞമ്മളുതേ ചാക്കചുമന്നുണ്ടാക്കിയ കായാ

കുഞ്ഞു- കാക്കാ!

അസ- കായുബെക്കെടോ (കുഞ്ഞുവറീതിൻെറ കഴുത്തിൽക്കിടക്കുന്ന രണ്ടാംമുണ്ടിനു പിടികൂടുന്നു. ചാക്കുകെട്ടതാഴെയിടുന്നു)

മാത്യു- അരുതുകാക്കാ. വഴക്കുണ്ടാക്കരുത്, കാക്കാക്കു എത്രയുരുപ്പികയാ തരാനുള്ളത് ഞാൻതരാം.

അസ- ല്ല, ഇബ്ലിലീസ് അഞ്ചുരുപ്പിക ഞമ്മളോട്ട മേടിച്ചതല്ലേ? ആട്ടെ കുഞ്ഞേതറേറാ കായിൻെറ കാര്യം.

മാത്യു- തീർച്ചയായും ഞാൻ തരാം.

അസ- (പിടിഅയയ്ക്കുന്നു. ചാക്കുകെട്ടെടുത്തു തലയിൽവച്ചിട്ട്) ഞമ്മളുപോണു,നാളെമാത്തുക്കുട്ടീൻെറങ്ങോട്ടുബരും!

മാത്യു- ആകട്ടെ.

(കാക്കാ പോകുന്നു. കുഞ്ഞുവറീതു പിറകിൽനിന്നു കൈ ഓങ്ങുന്നു. മാത്യു കൈയ്ക്കുകടന്നു പിടിക്കുന്നു)

കുഞ്ഞു- വിട്ടമാത്തുക്കുട്ടീ വിട്ട്. ആ പഞ്ഞമേത്തനെ അടിച്ചു ശരിപ്പെട്ടത്തിയിട്ടെയുള്ളിനി.

മാത്യു- വേണ്ടാ. നമുക്കങ്ങോട്ടുപോകണ്ടെ ഛെ വഴക്കുംവയ്യാവേലിമൊക്കെക്കള.

കുഞ്ഞു- അതോർത്തിട്ടല്ലാ അല്ലെങ്കിൽ കുഞ്ഞുവറീതിൻെറ കഴുത്തിനിതുവരെ ആരും മുണ്ടിട്ടിട്ടില്ല കേട്ടോ.

മാത്യ- മുണ്ട കുഞ്ഞുവറീതേട്ടൻെറയല്ലേ? പിന്നെ കാക്കാ അതിനൊന്നു മുറുക്കിപിടിച്ചെന്നുമാത്രം.

കുഞ്ഞു- എന്നാലും അവനിട്ടു ഞാൻ കൊട്ടക്കും. കുഞ്ഞുവറീതുകൊട്ടക്കും.

(മദ്യപിച്ചുന്മത്തനായി ജോർജ് പ്രവേശിക്കുന്നു)

ജോ- ഫൂ നീയാരാഴാ— മാത്തുവോ. എഴാ നിനക്കെൻെറ പെങ്ങളെക്കെട്ടാനൊള്ള യോഗ്യതയൊണ്ടോ? എഴാ ഒണ്ടോന്ന്. - - (കൈചൂണ്ടി അടുത്തുചെല്ലുന്നു)

കുഞ്ഞു- (മാത്യുവിനോട്ട് രഹസ്യത്തിൽ) ഇല്ലെന്നുപറഞ്ഞേര് നമുക്കെന്നാചേതം. നമ്മളിണക്കിയപണി ഏററെന്നാ തോന്നുന്നെ.

മാത്യ- ഇല്ല.

ജോ- നീപിന്നെന്തിന് അവൾക്കു കല്യാണമാലോചിച്ചു. ഉം പറ.

മാത്യ- ചുമ്മാതെ

ജോ- എന്നാ ചുമ്മാതങ്ങുകെട്ടാമോ? ഒററക്കാശു തരത്തില്ല.

കുഞ്ഞു- അതെങ്ങനാ ജോർജുകുട്ടീ, മാത്തുക്കുട്ടിക്കൊരു രണ്ടുമൂവായിരം മേടിക്കാനുള്ള ചുററുപാടില്ലേ?

ജോ- നീപോടാ പെണ്ണെണക്കീ നിന്നോട്ടചോദിച്ചോ? (മാത്യുവിനോട്ട്) മാത്യു പറേടാ. നിനക്കെൻെറപെങ്ങളെ ചുമ്മാതെ കെട്ടാമോ.

മാത്യ- സാദ്ധ്യമല്ല.

ജോ- ഹഹാ! ഹാ (മികലച്ചിരി) നീ പോടാതെണ്ടീ എൻെറ പെങ്ങളെ ഒററക്കാശു മേടിക്കാതെ ആണുങ്ങള്ളു കെട്ടിക്കൊണ്ടുപോം.

മാത്യ- കല്യാണത്തിനു ഞാൻകൂടെ വന്നേക്കാം.

ജോ- നിന്നെ വിളിക്കത്തില്ലെടാ ഫൂ! ഈ പെണ്ണെണക്കിയേംവിളിക്കേല (ആത്തട്ടഹസിച്ചു കൊണ്ടുപോകുന്നു)

കുഞ്ഞു- നമ്മുടെവെടി കണക്കിനേററു മാത്തുക്കുട്ടീ

(ഇരുവരും അത്ഥഗർഭമായി ചിരിക്കുന്നു)

(കർട്ടൻ)

## രംഗം 3

(അന്നച്ചേടത്തിയുടെ വീട്ട്. സമയം സായാഹ്നം. സൂ ര്യരശ്മികൾ ആ ഇരുണ്ട ചുവരിൽപ്പതിക്കുന്നു. അന്ന ച്ചേടത്തി കറിക്കുവെട്ടിക്കൊണ്ടിരിക്കുകയാണ്. ജോർ ജ് പ്രവേശിക്കുന്നു. പതിവിൻപടി ആടിഉലഞ്ഞാണ് വരവ്. തലയിൽ ചട്ടമ്പിക്കെട്ടും കയ്യിൽ കുറുവടിയും ഉണ്ട്.)

ജോ- അമ്മേ! അമ്മ പറഞ്ഞതെല്ലാം ഒന്നു പിൻവലിക്ക ണം.

അന്ന- എന്തോന്നാടാ ഇത് നീ ഇന്നുംകുടിച്ചു ഇല്ലേ?

ജോ- ഇന്നുംകുടിച്ചു ഇന്നലേംകുടിച്ചു നാളേംകുടിക്കും. അതി നെന്താ?

അന്ന- ഒന്നുമില്ല (ദീർഘനിശ്വാസത്തോടെ വിദൂരതയിൽ നോക്കി ഇരിക്കുന്നു.)

ജോ- അമ്മേ!

അന്ന- എന്നതാടാ?

ജോ- ആ പറഞ്ഞതെല്ലാം ഒന്നു പിൻവലിച്ചേ.

അന്ന- എന്നാ പറഞ്ഞതു്?

ജോ- എനിക്കു ചുമതലാപോതമില്ല, പെണ്ണുങ്ങളോട്ട സ്നേ കമില്ല, അവളെ കെട്ടിക്കുന്നതിനു വിശാരമില്ല എ ന്നൊക്കെ അമ്മ പറഞ്ഞില്ലേ.

അന്ന- ഓഹോ, നീ അതൊക്കെ വളരെ കാര്യമായിട്ടു ചെ യ്യുന്ന കൂട്ടത്തിലാ.

ജോ- ങാ അങ്ങനെതന്നെയാ. മറിയക്കുട്ടിക്കു കല്യാണമുറപ്പിച്ചു.

അന്ന- ആരു്?

ജോ- ഈ ഞാൻ. അവടെ ആങ്ങള ജോർജ്ജുകുട്ടി.

അന്ന- വേറെ വല്ല ആമ്പിള്ളേരുമായിരുന്നെങ്കിൽ എന്തൊക്കെ അന്വേഷിച്ചേനെ.

ജോ- അമ്മ നോക്കിക്കോ. കല്യാണം ഉടനെ നടത്തും ഞാൻ.

അന്ന- അതിനു കാശെവിടാടാ?

ജോ- കാശൊന്നും വേണ്ടമ്മേ. വെറുതെ കെട്ടുന്ന ചെറുക്കന്മാരുണ്ടു്.

അന്ന- നീ പോന്നുണ്ടോടാ കോമട്ടീ. എൻെറ മനസ്സിൽ വെറുതെ ആശ പിടിപ്പിക്കാതെ.

ജോ- (ആടിക്കുഴഞ്ഞു് കൈകൾ കൂട്ടിത്തിരുമ്മി സ്നേഹം ഭാവിച്ചുകൊണ്ടു്) അമ്മ കണ്ടോഅമ്മേ! ജോർജ്ജുട്ടി മിടുക്കനാകും. അമ്മ പെണ്ണിനെ കെട്ടിക്കാൻ വച്ചിരിക്കുന്ന ത്രുഭാ എനിക്കുതാ. ഞാൻ വല്ല കച്ചോടോം ചെയ്യട്ടെ.

അന്ന- (അത്ഭുതവും സങ്കടവും കലന്ന സ്വരം) എടാ പെണ്ണിങ്ങനെ നില്ക്കുന്നതു നീ കാണുന്നുണ്ടോ?

ജോ- അവൾക്കു കല്യാണമുറച്ചമ്മേ ഞാറാഴ്ച കൂടിക്കാഴ്ച നടത്താം.

അന്ന- ഒരു കാശും കൊടുക്കാതെ വല്ലോരും കല്യാണം നടത്താമെന്നു പറേമോടാ. നീ ഇങ്ങനത്തെ കിറുക്കൊക്കെപ്പറഞ്ഞു് എന്നെ ആധിപിടിപ്പിക്കാതെന്നു്.

ജോ- അമ്മേ! ഞാനൊന്നു ചോദിക്കട്ടെ. നമ്മള് പെണ്ണിനെ കെട്ടിച്ചുകൊടുക്കണോ?

അന്ന- അങ്ങനെയല്ലെ പതിവു്.

ജോ- അതിൻെറകൂടെ പിന്നെ ത്രുഭായുംകൂടെ കൊടുക്കണോ. അതെന്നാ മര്യാദയാ?

അന്ന- പോടാ അവിടുന്നു്. ഞാൻ വല്ലോം വലിച്ചോരു പോടു വെച്ചുതരും.

ജോ- നല്ല ഒന്നാന്തരം കല്യാണക്കാര്യമാ അമ്മേ. നമ്മക്കതു നടത്തണം.

അന്ന- (ശുഭാപ്തിവിശ്വാസത്തോടെയല്ലെങ്കിലും അറിവിനുവേണ്ടി) ചെറുക്കനേതാടാ?

ജോ— നല്ല ഒന്നാന്തരം ചെറുക്കൻ. പടിത്തമുണ്ട്, ആരോഗ്യമുണ്ട്. (ചിന്തിച്ചിട്ട്) ഉദ്യോഗമുണ്ടാരുന്നു.
അന്ന— ഇപ്പോഴോ?
ജോ. ഇപ്പോഴെന്തിനാ ഉദ്യോഗം. ആവശ്യമുള്ള പണം അവൻേറലൊണ്ടല്ലോ.
അന്ന- എവിടെയാടാ നീയീ കണ്ടുവച്ചിരിക്കുന്നതു്?
ജോ. വളരെയകലെയൊന്നുമല്ല. ഇവിടെയടുത്താ.
അന്ന— ഏതാ?
ജോ— വീട്ടിലധികം പരാധീനോമൊന്നുമില്ല. അവനൊററയ്ക്കാ. പരമാനന്ദസുഖമാ. മറിയക്കുട്ടിക്കു പരമാനന്ദമാ.
അന്ന— ചെറുക്കനേതാണെന്നു പറഞ്ഞേടാ ഞാനറീമോന്നു്.
ജോ— അറീമെന്നേ! എല്ലാരുമറീം. അവനു നമ്മടെ പെണ്ണിനോടെന്തു സിനേകമാണെന്നോ!

(മറിയക്കുട്ടി ഒരു ചൂല്യമായി പ്രവേശിക്കുന്നു)

ജോ— എടീ കുഞ്ഞുപെങ്ങളേ! എന്നെത്തുല്ലാനാണോ വരുന്നതു്? നിനക്കു ഞാൻ കല്യാണമുറപ്പിച്ചേച്ചാ വന്നിരിക്കുന്നെ.
മറി— കുഞ്ഞാങ്ങള ഒന്നു മാറിനിന്നേ. ഇതൊക്കെ അടിച്ചുവാരട്ടെ.
ജോ— കാപ്പിയുണ്ടോ പെണ്ണേ ശകലമിങ്ങു തരാൻ?
മറി— എടുത്തുകൊണ്ടുവരാം. (പോകുന്നു)
അന്ന— എടാ മോനെ, ചെറുക്കനേതാന്നൊന്നു പറഞ്ഞേടാ.
ജോ- അതറീമ്പം അമ്മ പറേം ഇപ്പത്തന്നെ പെണ്ണിനെ അവനെക്കൊണ്ടു കെട്ടിക്കണമെന്നു്.

(മറിയക്കുട്ടി കാപ്പി കൊണ്ടുവന്നു കൊടുക്കുന്നു. ജോർജ്ജു വാങ്ങിക്കുടിച്ചിട്ടു ഗ്ലാസ്സു തിരിയെ നീട്ടുന്നു) അമ്മ നമ്മുടെ തൊമ്മനെയറിയേലെ, എവറെഡിതൊമ്മൻ!

(മറിയക്കുട്ടി അസ്വസ്ഥയായി കൈ പിൻവലിക്കുന്നു. ഗ്ലാസ്സു താഴെ വീണുടയുന്നു.)

അന്ന— (പിടഞ്ഞെഴുന്നേററു്) പഞ്ചമപാതകാ! ദ്രോഹീ! നിനക്കിതു പറയാൻ തോന്നിയല്ലോടാ. മാതാവേ ആ ഗ്ലാസ്സും തകരത്തോ!
ജോ- തകക്ണെമമ്മേ! കല്യാണം നമ്മക്കു തകത്തുവച്ചു നമ

ത്തണം. (അണിയറയിൽ മറിയക്കുട്ടിയുടെ ദീർഘനിശ്വാസവും തേങ്ങിക്കരച്ചിലും കേൾക്കാം.)

അന്ന- (കറിച്ചട്ടികൈയിൽ എടുത്തുകൊണ്ട്) നീ ഈ പറഞ്ഞതിരിക്കട്ടെ. ഇനി വേറൊരുത്തരോടു മിണ്ടിയേക്കരുത് (കോപതാപാദികളാൽ അസ്വസ്ഥയായി അകത്തേയ്ക്കു പോകുന്നു. കുഞ്ഞുവറീതു പ്രവേശിക്കുന്നു.)

കുഞ്ഞു- എന്തെടാ ജോർജ്ജുട്ടീ! നീ ഏതാണ്ടാലോശിക്കുന്ന പോലെ.

ജോ- അല്ല, കേട്ടോ കുഞ്ഞുവറീതേട്ടാ പെണ്ണിനെ കെട്ടിക്കാൻ ശുഭാ ഇല്ല! ചുമ്മാ കെട്ടാനൊരു ചെറുക്കൻ വന്നപ്പം അമ്മ അമ്പിനും വില്ലിനും അടുക്കേമില്ല.

കുഞ്ഞു- ഓഹോ കല്യാണമൊക്കെ ആലോചിച്ചുതുടങ്ങിയോ? മിടുക്കൻ.

ജോ- പിന്നെ തൻെറ കുത്തകയായിരിക്കും കല്യാണാലോചന

കുഞ്ഞു- അല്ലല്ല നമുക്കതൊരു ബിസിനസ്. കൈക്കാശു കിട്ടുമോ ആക്കുവേണേലുമാലോചിക്കാം. അല്ലാത്തഏപ്പാടൊന്നും നമുക്കില്ലപ്പാ.

ജോ- എന്നിട്ടു താൻ എന്നോടിന്നാളു കാശു വാങ്ങിച്ചോണ്ടു പോയിട്ടോ?

കുഞ്ഞു- നിനക്കീ കള്ളുകുടിയൊന്നുനിർത്താമോ മുക്കുടിയനു വല്ലോരും പെണ്ണുകൊടുക്കുമോ?

ജോ- (ആലോചിച്ച്) അപ്പം കുഞ്ഞുവറീതേട്ടൻെറ കെട്ട്യോളെ താൻ കെട്ടിയതല്ലേ?

കുഞ്ഞു- പിന്നേം വേണ്ടാതീനംപറഞ്ഞാലുണ്ടല്ലോ.

ജോ- അല്ല കള്ളുകുടിയന്മാക്കു പെണ്ണുകിട്ടുകേലെന്നു പറഞ്ഞു. താൻ എന്നേക്കാൾവല്യ കുടിയനല്ലേടോ?

കുഞ്ഞു- വല്ലപ്പോഴും രഹസ്യത്തിലിത്തിരികുടിക്കുന്നപോലാണൊ എന്നും പരസ്യമായി ഷാപ്പിൽപോയി കുടിക്കുന്നെ? അതിരിക്കട്ടെ നീ മറിയക്കുട്ടിക്കു കണ്ടുവച്ചിരിക്കുന്ന ചെറുക്കനേതാ.

ജോ- എവറെഡീതൊമ്മൻ-എവറെഡി

കുഞ്ഞു-കൊള്ളാം അവൻസമ്മതിച്ചെങ്കി നല്ലൊന്നാംതരംകേസ്സാ

ജോ- പക്ഷെ അമ്മയതൊന്നു സമ്മതിച്ചിട്ടുവേണ്ടെ കുഞ്ഞുവറീതേട്ടാ.

കുഞ്ഞു- അക്കാര്യം ഞാനേററു. നീ പേടിക്കണ്ടാ.
ജോ- അനുമതി, കുഞ്ഞുവറീതേട്ടനു പെരുത്ത പെരുത്ത നന്ദി. ഞാനൊന്നു ചെല്ലട്ടെ. ആ രാമനും മമ്മുണ്ണീമവിടെ കാത്തിരിക്കയാ.
കുഞ്ഞു- ശരി ഇന്നെന്താണ്? കീച്ചോ പന്നിമലത്തോ?
ജോ- കാശുകിട്ടുന്ന കളിയേതും കളിക്കും. ഞാൻ പോവ്വാ. പറഞ്ഞകാര്യം മറക്കല്ലെ. (പോകുന്നു)
അന്ന- (പ്രവേശിച്ച്) ആങ്ഹാ! കുഞ്ഞുവറീതെപ്പവന്നു?
കുഞ്ഞു-മയ്യംനേരമായെൻെറ ചേടത്ത്യെ.
അന്ന- അവനെന്ത്യെ ആ കൊണംവരാത്ത തന്തതി
കുഞ്ഞു- അങ്ങനെയൊന്നും പറയരുതു ചേടത്തീ. എന്നെങ്കിലും നന്നാവും.
അന്ന- എന്നാ നന്നാകുന്നേ. എന്നെ കുഴീലോട്ടുകെട്ടിയെടുക്കുമ്പോഴോ?
കുഞ്ഞു- അങ്ങനെയൊന്നുമല്ല, ജോർജ്ജുകുട്ടിയുടെ സ്വഭാവം മാറിവരികയാ.
അന്ന- സ്വഭാവം മാറി. കുഞ്ഞുവറീതിനു കേക്കണോ? ഇന്നവൻ വന്നുപറകയാ ആ കിറുക്കൻതൊമ്മനെകൊണ്ടു മറിയക്കുട്ടിയെ കെട്ടിക്കാമെന്ന്.
കുഞ്ഞു- ഹേയ് അവനു കിറുക്കൊന്നുമില്ല. അതൊക്കെ പോയി. ആ പഹയൻെറ കൈയ്യിക്കാശൊണ്ടന്നേ. നല്ലകാര്യമാ ചേടത്തി.
അന്ന- നീയൊന്നുചുമ്മാതിരിയെൻെറ കുഞ്ഞുവറീതേ. ഇന്നെന്നാ അവൻ നിനക്കും കള്ളുമേടിച്ചുതന്നോ?
കുഞ്ഞു- ഓ പിന്നെ കുഞ്ഞുവറീതിനെയല്ലെ കള്ളിനും കഞ്ചാവിനുമൊക്കെ കൈയിൽക്കിട്ടുന്നതു്.

(കുറെപച്ചക്കറിസാധനങ്ങളുമായി കിട്ടുണ്ണിനമ്പൂതിരി പ്രവേശിക്കുന്നു. അൻപതിൽകവിഞ്ഞ പ്രായം. ഉച്ചിയിൽ നെയ്യപ്പത്തോളം മുടിനിറുത്തി വലത്തോട്ടുനീട്ടിക്കെട്ടിവച്ചിരിക്കുന്നു.

അന്ന- അല്ലഇതാര് തിരുമേനിയോ? ഇതെന്നാപതിവില്ലാതെ ഇങ്ങോട്ടൊക്കെ.ഇരുന്നാട്ടെ(നമ്പൂതിരി ഇരിക്കുന്നു അന്നച്ചേടത്തി അടുക്കളയിലേക്കുപോകുന്നു)
നമ്പൂ- എന്തൊക്കെയാകുഞ്ഞുവറീതേപിന്നെ?

കുഞ്ഞു- ഒഅല്ല. തിരുമേനിതന്നെ ഈ പച്ചക്കറിമേടിക്കാനൊക്കെയെറങ്ങിയകണ്ടിട്ടൊരു വല്ലായ്മ.

നമ്പൂ- എന്നാശെയ്യാ, പിള്ളേരൊക്കെ ഈസ്തിരിയിട്ട മിനുക്കിനടക്കയാ. വേലക്കാരെയാക്കാൻ വഹയില്ല. പിന്നെ തന്നെപോകാതെന്നാശെയ്യും. ഒമ്മുടെ പരാഗ്രഹത്തിനാണേപടവലങ്ങായും വെണ്ടക്കായും കൂടിയേതീരൂ.

കുഞ്ഞു- കത്താവേ മാലേത്തുമാത്തിതിരുമേനീടെ ദ്ദുർവ്വിധി.

നമ്പൂ- ഒക്കെപ്പോയികുഞ്ഞാപറീദേ! ബല്യ ഇല്ലപ്പേരുപറഞ്ഞിട്ടെന്നാകാര്യം. പിള്ളേരൊന്നുല്ല നേരെചൊവ്വെ കാരിയംനോക്കാൻ. ഒക്കെ രാഷ്ട്രീയത്തിലാ രാഷ്ട്രീയം. കൊഞ്ചം ശേരിക്കല്യവിററാ ഇക്കൊല്ലം, ഓണമുണ്ടെ.

കുഞ്ഞു- അയ്യോ പാവം!

(അന്നച്ചേടത്തി കാപ്പിയുമായി പ്രവേശിക്കുന്നു)

അന്ന- തിരുമേനി ഇത്തിരി കാപ്പികുടിച്ചാട്ടെ.

നമ്പൂ- ശ്ശീ പാടില്ല പാടില്ല. നോം ഇത്തിരി കഷ്ടത്തിലായേലും നിങ്ങടെ കാപ്പിയൊന്നും കുടിക്കളെല്ല. കേട്ടോഅന്നപ്പെമ്പിളേ ഞാൻ വന്നതെന്നാന്നറിയാമോ നിങ്ങടെ തൊട്ടുകിടക്കന്ന വരശ്ശേരിവളപ്പങ്ങു വിററുകളയാന്നുവച്ചാ. കമലാക്ഷീടെകൊച്ചിനു ചോറൂട്ടാ. വസ്തുത്തപ്പൻെറ നടതുറന്നുവേണം. അതിനിത്തിരിച്ചെലവൊക്കെയുണ്ടു്. നിങ്ങക്കതുചേരും വേണേ നോക്ക്യോളിൻ.

അന്ന- യാതൊരു വശവുമില്ലതിരുമേനീ കൊഞ്ചംകാശൊണ്ടാക്കി വാങ്കിലിട്ടിരുന്നതൊരുപ്പോക്കുപോയി. പിന്നൊരു സന്തതിയുള്ളതു കൈയ്യിക്കിട്ടുന്നിടത്തോളം നശിപ്പിക്കയല്ലേ.

നമ്പൂ- ഗ്രഹനിലയാകൊച്ചെമ്പിളേ! ഗ്രഹനിലയാ, നമുക്കശനിയാ ഇപ്പഴ്. അപ്പം ഞാനിറങ്ങട്ടോ. നിങ്ങളോട്ടചോദിച്ചിട്ടാട്ടെ വല്ലോക്കും കൊട്ടുക്കാനെന്നു വച്ചാ (പോകുന്നു)

കുഞ്ഞു- നമുക്കാസ്ഥലം വാങ്ങിക്കണംചേടത്തീ, നല്ലൊരുതങ്കപ്പെട്ട ഭൂമി.

അന്ന- നീ എല്ലാമറിഞ്ഞോണ്ടിങ്ങനെ പറേന്നല്ലെൻെറകുഞ്ഞുവറീതേ.

കുഞ്ഞു- ശുഭായുടെകാര്യമല്ലേ? ശുഭായുണ്ടാകുംചേടത്തീ അക്കാര്യംഞാനേററു.

അന്ന- നീയെന്നാ കള്ളനോട്ടടിക്കുമോ?

കുഞ്ഞു- നേരെ നോട്ടടിക്കുന്നവിദ്യയുണ്ടല്ലോചേടത്തീ പിന്നെന്തിനാ കള്ളനോട്ട്.

(അസനാരുകാക്കാ പ്രവേശിക്കുന്നു)

അസ- നിങ്ങളറിഞ്ഞോ കുഞ്ഞുബറീദേ?

കുഞ്ഞു- ഇല്ലല്ലോ എന്തോന്നാകാക്കാ

അസ- അബനില്ലേ? എബറഡിത്തൊമ്മൻ അവനെ പോലീസന്മാരു പിടിച്ചു.

കുഞ്ഞു- എന്തിന്.

അസ- മാനോള്ളബീട്ടിലെ പെങ്കൊച്ചിനെ അബമാനിച്ചെന്നുംപറഞ്ഞ്. ങ്ളൊന്നു ബരീൻ ഞമ്മക്കങ്ങോട്ടൊന്നുപോകാം.

(കൈയിൽപിടിച്ചു കൊണ്ടുപോകുന്നു)

(കർട്ടൻ)

## രംഗം 4

(ബാങ്കർചാക്കോച്ചന്റെ ബംഗ്ലാവ്. പട്ടുവിരിപ്പും റബ്ബർകുഷ്യനുമിട്ട ഇരിപ്പിടങ്ങൾ. കുടവയറും കഷണ്ടിത്തലയുമുള്ള ചാക്കോച്ചൻ ഒരു ഈസിചെയറിൽ കിടക്കുന്നു. കിട്ടുണ്ണി നമ്പൂതിരി പ്രവേശിക്കുന്നു.)

ചാക്കോ- ഓവരണം: വരണംതിരുമേനീ. അവിടെയിരുന്നാട്ടെ (നമ്പൂതിരി ഒരു കസാലയിൽ ഇരിക്കുന്നു.)

നമ്പൂ- (ഇരുന്നിട്ട്) കേട്ടോചാക്കോപ്ലേ! ശ്ശി തിടുക്കത്തിലാ നമ്മുടെ ഊണു കഴിഞ്ഞിട്ടില്യാ.

ചാക്കോ- അപ്പോ തിരുമേനി ഭാര്യവീട്ടിലോട്ടു കേറിയില്ലേ? അവരു ഊണുകഴിക്കാതെവിട്ടുമോ?

നമ്പൂ- ഛേ! ചാക്കോപ്പുഌക്കെല്ലാറിയാ ഒന്നുപറഞ്ഞൂടല്ലോ. നായരുവീട്ടീന്നു നൊമ്മളൂണുകഴിക്ക്വോ.

ചാക്കോ- ഓ അവിടെനിന്നു കല്യാണംമാത്രമേ പാടുള്ളു അല്ലേ?

നമ്പൂ- സംബന്ധം എവിടുന്നുമാവാം. പക്ഷെ എന്തൊക്കെ പരിഷ്കാരംവന്നാലും നമ്മളില്ലത്തുചെന്നേ ഊണുകഴിക്കൂ.

ചാക്കോ- ശരി പിന്നെന്താണുതിരുമേനി ഇങ്ങോട്ടിറങ്ങിയതു്?

നമ്പൂ-നമ്മുടെബേങ്കിനൊക്കെഎന്തൊണ്ടു കുഴപ്പമായെന്നുകേട്ടു.

ചാക്കോ- അതുശരിയാ ബാങ്കു മൊറോട്ടോറിയത്തിലാ.

നമ്പൂ- എന്നുവച്ചാൽ

ചാക്കോ- ബാങ്കിൻെറ പ്രവൎത്തനംനിറുത്തി ആസ്തിബാദ്ധ്യതകളൊക്കെ തിട്ടപ്പെടുത്തുകയാ,

നമ്പൂ- എന്നിട്ട നമ്മുടെ ആ ഉടപ്പന്നോളുടെവഹ നിക്ഷേപമുള്ളതിങ്ങ് കിട്ട്വോ?

ചാക്കോ- ങേ! അതൊക്കെ സൎക്കാരുകാൎയ്യമാ ഇനി എനിക്കതൊന്നുമറിഞ്ഞുകൂടാ

നമ്പൂ— അപ്പം നമ്മുടെ പണയാധാരപ്പടി ഇവിടെ വരാനുള്ള സംഖ്യയോ?

ചാക്കോ. അതൊക്കെ സൎക്കാരീന്നീടാക്കും. ചില്ലിക്കാശില്ലാതീടാക്കും.

നമ്പൂ- അപ്പോ ബാങ്കിനു കടോള്ളതൊക്കെ മേടിക്കും, ബേങ്ക് കൊട്ടക്കാനുള്ളതൊന്നും കൊട്ടക്ക്വേല്ല ഇല്ല്യോ?

ചാക്കോ- അതൊന്നും എനിക്കറിഞ്ഞുകൂടാ. മൊറോട്ടോറിയ മായാപ്പിന്നെ സൎക്കാരുകാൎയ്യമാ.

നമ്പൂ- അപ്പോ നോം പോകട്ട്യോ.

ചാക്കോ- അങ്ങനെയാകട്ടെ;

നമ്പൂ- (എഴുന്നേററു ദീൎഘനിശ്വാസപൂൎവ്വം) നാരായണ! (പോകുന്നു. അസനാരുകാക്കാ പ്രവേശിക്കുന്നു. ചാക്കോച്ചൻ ഗൗരവം ഭാവിച്ചിരിക്കുന്നു.)

അസ— അപ്പെഴേ മെയലാളീ ഞമ്മ കായിങ്ങ് ബേണല്ലോ.

ചാക്കോ— ഏതു കാശു്?

അസ— ങ്ങ്ടെ ബാങ്കിലിട്ട കായോ! അതു ഞമ്മ ചൊമടെട്ടുത്തുണ്ടാക്കിയതാ, പഞ്ഞം കെടന്നാ മുന്നൂറുപ്യാ മിച്ചമുണ്ടാക്ക്യെ.

ചാക്കോ— തന്നോട്ട ഞാൻ നേരത്തേ പറഞ്ഞിട്ടില്ലേ ബാങ്ക് മൊറോട്ടോറിയത്തിലാ. ഡിപ്പോസിററുചെയ്ത പണമൊന്നും ചോദിച്ചാൽ തരാൻ എന്നെക്കൊണ്ടാവില്ലെന്നു്.

അസ—മൊറയായാലും ഇങ്ങാറിയായാലും ഞമ്മക്കകായുകിട്ടണം;

ചാക്കോ— എടോ കാക്കാ, ഇന്നീം ബാങ്കിലെ കാര്യടപാടെല്ലാം സൎക്കാരിന്നാ.

അസ- ഞമ്മ കായ് തന്നതു് ങ്ങടെ ബാങ്കിലാ. ങ്ങളുതന്നെ ഞമ്മക്കു തരിയേം ബേണം, സൎക്കാരുമായിട്ട ഞമ്മക്കെടപാടൊന്നുമില്ല.

ചാക്കോ— എടോ തനിക്കതിൻെറ നിയമമറിഞ്ഞുകൂടാഞ്ഞിട്ടാ.

അസ— ഞമ്മക്കു നേമം തിരിയും. കൊട്ടത്താ ബാങ്ങിക്കണംന്നു്. ഹലാക്കിൻെറ കച്ചോടൊന്നും ഞമ്മക്കില്ല.

ചാക്കോ— എന്നാൽ താനിപ്പം വാങ്ങിക്കും.

അസ— ഞമ്മ മേടിക്കുന്നേ. കച്ചോടത്തിലൊററക്കായ് ഞമ്മക്കു കിട്ടാക്കുററി പോയിട്ടില്ല്യാ.

ചാക്കോ— (തെല്ലൊന്നു നയഭാവത്തിൽ) എടോ താനെങ്ങനെ മേടിക്കുമെന്നാ പറയുന്നതു്?ബാങ്കു മൊറോട്ടോറിയത്തിലായാപ്പിന്നെ പൂട്ടി മുദ്രവയ്ക്കും. അതു കഴിഞ്ഞു വീണ്ടും പ്രവത്തനം തുടങ്ങിയാൽപ്പിന്നെ കുഴപ്പമില്ല. ലികിഡേഷൻ ഓർഡർ വന്നാൽപിന്നെ സക്കാരു തരുമ്പോൾ പണം വാങ്ങാനേ പററൂ.

അസ— അല്ലാതെ മേടിക്കാം മൊയലാളി.

ചാക്കോ— അതെങ്ങിനെയാടോ. തനിക്കൊരു ചുക്കും അറിയത്തില്ലല്ലൊ.

അസ— അറിയാന്നേ, ങ്ങ്ള കണ്ടോളിൻ.

ചാക്കോ— എന്നാൽ എനിക്കതൊന്നു കാണണം.

അസ— അതു കാണിച്ചുതരാമേ, ഞമ്മ നിക്കാരമൊന്നു കഴിച്ചോട്ടെ. (പോകുന്നു. കാലും മുഖവും കഴുകി നിസ്കരിക്കാൻ തയാറെടുത്തുവരുന്നു. ഒരുവശത്തു മാറിയിരുന്നു നിസ്കാരം കഴിക്കുന്നു. അതിനിടയിൽ അന്നച്ചേട്ടത്തി പ്രവേശിക്കുന്നു.)

അന്ന— കാര്യമൊക്കെ കുഴഞ്ഞല്ലൊ ചാക്കോച്ചാ. രൂപാ മുഴുവൻ എണ്ണി ബോദ്ധ്യപ്പെടുത്താതെ അവരു സമ്മതിക്കത്തില്ല,

ചാക്കോ— അതങ്ങനാ. കല്യാണത്തിൻെറ കാര്യമങ്ങനാ. ഞാനെൻെറ ലാലിക്കുട്ടിക്കു പതിമൂന്നു കല്യാണമാലോചിച്ചു. എല്ലാരും പറഞ്ഞു തുക കൂടിക്കാഴ്ചദിവസം എണ്ണിയേല്പിക്കണമെന്നു്.

അന്ന— അതിനിപ്പം എന്നാ ചാക്കോച്ചാ ഒരു പണി?നമ്മുടെരൂപാ ഒന്നെടുക്കാൻ വല്ല മാർഗ്ഗോമുണ്ടോ?

ചാക്കോ— ബാങ്കു മൊറോട്ടോറിയത്തിലാണെന്നു പറഞ്ഞില്ലേ?

അന്ന– അതെ; എന്നാലും ചാക്കോച്ചൻ നിരൂപിച്ചാലെന്തെങ്കിലും ഒരു പോംവഴി—?

ചാക്കോ– എങ്ങ്ഹേ! എനിക്കെടപാടൊന്നുമില്ല. എല്ലാം സക്കാരിൻെറ പിടിയിലാ.

അന്ന– അയ്യോ! അങ്ങനെ പറയരുതു്. ഞങ്ങൾക്കു മററാരും ഒരു സഹായത്തിനില്ല.

ചാക്കോ– ഞാനെന്നാചെയ്യും? നിയമമല്ലേ– ഗവണ്മെൻറു നിയമം. ങാ, വേറൊരു കാര്യം. ഞാനൊരു നോട്ടീസയയ്ക്കാൻപോകയാ.

അന്ന– അയ്യോ! എന്തിനു്?

ചാക്കോ– നിങ്ങളുടെ ആ പഴയ ചിട്ടിക്കടമുണ്ടല്ലോ– മത്തായിച്ചേട്ടനു ചികിത്സയ്ക്കുംമററും മേടിച്ച പണം. അന്നു നിങ്ങളുടെ ഡിപ്പോസിററു പെണ്ണിൻെറ പേരിലായിരുന്നതുകൊണ്ടു ചിട്ടിപിടിച്ചല്ലേ പണമുണ്ടാക്കിയതു്. അതുടനെ അടയ്ക്കണം. അല്ലെങ്കിൽ വസ്തു ലേലത്തിൽ പോകും.

അന്ന= (ശോകാതുരയായി) അയ്യോ, എവിട്ടന്നു്?

ചാക്കോ– എവിടുന്നെങ്കിലും. എനിക്കു പണത്തിനു വലിയ ബുദ്ധിമുട്ടാ.

അന്ന– ചാക്കോച്ചാ ദൈവദോഷമുണ്ടു്.

ചാക്കോ– മനുഷ്യനു ഗുണമുണ്ടായിട്ടല്ലേ ദൈവത്തിനു ദോഷമുണ്ടാകുന്നതു്.

അന്ന– ചാക്കോച്ചൻ കളിയായിട്ടോ കാര്യമായിട്ടോ പറേന്നതു്?

ചാക്കോ– അതു നോട്ടീസങ്ങു വരുമ്പോഴറിയാം. എനിക്കു വേറെ ജോലിയുണ്ടു്.

അന്ന– എൻെറ മാതാവേ! (ശോകപരവശയായി പോകുന്നു. ചാക്കോച്ചൻ ഒരു സിഗരറ്റു കത്തിച്ചു വലിച്ചുകൊണ്ടു ചില കണക്കുപുസ്തകങ്ങൾ മറിച്ചുനോക്കുന്നു.)

അസ– (നിസ്കാരം കഴിഞ്ഞു് എഴുന്നേററിട്ടു്) ഇനി ങ്ങ്ക്കു കാണണോ ഞമ്മ കായു മേടിക്കുന്നെ?

ചാക്കോ– (ഹാസ്യമായി) ഇപ്പോൾത്തന്നെയോ?

അസ– പിന്നതിനെന്നാ അവധിപറയാനാ. ഞമ്മക്കു കായുടനെ ബേണം. അയിഷേനു നിക്കാഹടുത്തുബരുന്നു.

ചാക്കോ– ഉം. (നിന്ദാപൂർവ്വം തല കുലുക്കുന്നു)

(കാക്കാ തൊപ്പിയെടുത്തു താഴെ വയ്ക്കുന്നു. ഷർട്ട് ഊരുന്നു. മുണ്ടഴിച്ച് ചുരുക്കിയുടുത്ത് ബൽററിട്ടു മുറുക്കുന്നു.)

ചാക്കോ– (ഹാസ്യമായി) എടോ കിറുക്കൻകാക്കാ! താൻ വീട്ടിൽപ്പോകൂ.

അസ– ഞമ്മടെ കിറുക്ക് ങ്ങ്ള് കണ്ടോളിൻ. (പെട്ടെന്നു ഭാവം മാറുന്നു. മുഖം രൗദ്രമാകുന്നു, പൈശാചികമായ കോപാവേശത്തോടെ വലതുകയ്യിൽ കഠാരി ഊരിപ്പിടിച്ചുകൊണ്ടു് ഇടതുകൈകൊണ്ടു ചാക്കോച്ചൻെറ കഴുത്തിനു കുത്തിപ്പിടിക്കുന്നു.)

അസ– (അലറുന്ന സ്വരത്തിൽ) ബെയ്യടാ! പന്നീൻെറ മോനേ ഞമ്മടെ കായ്യ ബെയ്യെടാ.

(ചാക്കോച്ചൻ പിടഞ്ഞുതിരിഞ്ഞു് എഴുന്നേല്ക്കാൻ ഭാവിക്കുന്നു. കഠാരിമുന അയാളുടെ നെഞ്ചോളമടുക്കുന്നു)

ചാക്കോ– (പേടിച്ചു തുറിച്ചുനോക്കിക്കൊണ്ടു്) അയ്യോ! കാക്കാ! എടോ പോലീസ്'. . . .

അസ– ഏതു പോലീസാടാ ഇബിലീസേ! ഞമ്മടെ കായ്യ ബെയ്യെടാ. അല്ലെങ്കിൽ ൻെറ കൊടബയറു കുത്തിക്കീറുമെടാ. പാവത്തുങ്ങടെ കായ്യ പിട്ടങ്ങിത്തിന്നു തടിച്ച പഹിപ്പന്നി! കായ്യ ബെയ്യെടാ.

(ലാലിക്കുട്ടി സംഭ്രമാകുലയായി ഓടിവരുന്നു)

ലാലി– അയ്യോ അപ്പച്ചാ! ഹാ! കാക്കാ! എൻെറ പൊന്നുകാക്കാ! (ഓടിയടുക്കുന്നു)

അസ– അടീ മോളെ! ന്നെപ്പോലൊരു പൊന്നുമോടെ നിക്കാഹിനു ഞമ്മ പഞ്ഞംകിടന്നുണ്ടാക്കിയ കായാ ങ്ങടെ ബാങ്കിലിട്ടെ. തരാമ്പറ; ബാപ്പാനോടു തരാമ്പറ.

ലാലി– കൊടുക്കപ്പച്ചാ! എത്ര രൂപായുണ്ടെങ്കിലും കൊടു്.

ചാക്കോ– മോളേ! ബാങ്കു മോറ. . .

അസ– ഛരീ! ഇബിലീസേ! (കഠാരയടുപ്പിക്കുന്നു)

ലാലി– അയ്യോ! പൊന്നുകാക്കാ ഞാൻ തരാം എത്ര രൂപായുണ്ടെങ്കിലും തരാം. (സംഭ്രമാകുലയായി അങ്ങുമിങ്ങും നോക്കി) താക്കോലെവിടാ അപ്പച്ചാ?

ചാക്കോ– കൊച്ചുമേശേടെ ഡ്റോയിലാ കുഞ്ഞേ! അയ്യോ.

അസ- മിണ്ടിപ്പോകരുതു്;

(ലാലി അകത്തേയ്ക്കോട്ടുന്നു. സേഫ് തുറക്കുന്ന ശബ്ദം. ഒരുകെട്ടു കറൻസിനോട്ടുമായി വീണ്ടും വരുന്നു.)

ലാലി– എത്ര രൂപായാ കാക്കാ? ഇതാ എത്ര വേണമെങ്കിലും എടു്.

(കാക്കാ നോട്ടു കൈയിൽ വാങ്ങിയിട്ടു മെല്ലെ പിടി അയയ്ക്കുന്നു. ചാക്കോച്ചൻ കിതച്ചുകൊണ്ടു് എഴുന്നേല്ക്കാൻ ശ്രമിക്കുന്നു.)

അസ- (318 രൂപാ എണ്ണിയെടുത്തിട്ടു ബാക്കി ലാലിയുടെ കയ്യിൽ കൊടുക്കുന്നു.) തേ ഞമ്മടെ മുന്നൂറു റുപ്പേം അരപ്പണപ്പലിശേം മാത്രമേ എടുത്തുള്ളു. (പെട്ടെന്നു ഷർട്ടു മാത്രമെടുത്തുകൊണ്ടു പോകുന്നു. തൊപ്പി മറക്കുന്നു.)

ചാക്കോ- അമ്പോ! മുതുചെകുത്താൻ. അവൻെറ തൊപ്പി. (അതെടുത്തു ദൂരെയെറിയുന്നു;)

കർട്ടൻ

---

## രംഗം 5

(ബസ്സ്റ്റാൻഡ്, മാത്യൂവും കുഞ്ഞുവറീതും സംസാരിച്ചുകൊണ്ടിരിക്കുന്നു ലാലിക്കുട്ടി ഒരുവശത്തുകൂടെ കടന്നുപോകുന്നു. കയ്യിൽ കുറെ പുസ്തകങ്ങളുണ്ട്.)

കുഞ്ഞു– ലാലീക്കുട്ടി മോളിതിലെ വന്നേ.

ലാലി- (അടുത്തുവന്ന്) എന്നാ കുഞ്ഞുവറീതേട്ടാ?

മാത്യ– (സരസമായി ചിരിച്ചിട്ട്) ഓ, വെറുതെ ലാലിക്കുട്ടിയെ ഒന്നു കാണാൻ.

ലാലി- (വെറുപ്പോടെ) അതിനു വീട്ടിൽ വരണം. നാട്ടുവഴിക്കിരുന്നല്ല കാണുന്നത്.

കുഞ്ഞു- ഞങ്ങൾ വീട്ടിൽ പോയിരുന്നു.

മാത്യ– ലാലിക്കുട്ടി എന്നെ മറന്നുപോയി ഇല്ലേ. നമ്മളൊന്നിച്ചു പഠിച്ചതല്ലേ. (ലാലിക്കുട്ടി ഒന്നും മിണ്ടാതെ പെട്ടെന്നു കടന്നുപോകുന്നു)

കുഞ്ഞു- നല്ല തറവാടിത്തമുള്ള പെങ്കുട്ടിയാ. പെരുവഴി നിന്നൊന്നും അങ്ങനെ വത്തമാനം പറയില്ല.

മാത്യ- എന്നോടേതാണ്ടൊരു രസമില്ലാത്തപോലെ.

കുഞ്ഞു ഇവിടിരുന്നു വത്തമാനം പറഞ്ഞിട്ടല്ലേ. വീട്ടിച്ചെല്ലട്ടെ, നല്ല കിളിപോലവള സംസാരിക്കും.

മാത്യ- കാര്യം നടക്കുമോ കുഞ്ഞുവറീതേട്ടാ?

കുഞ്ഞു- പിന്നെ നടക്കാതെവിടെ പോകാന.

മാത്യ. നമ്മളിപ്പോൾ എത്ര കല്യാണമാലോചിച്ചു. എല്ലാം പണത്തിൻെറ പ്രശ്നം വരുമ്പോൾ മാറിപ്പോകയല്ലേ.

കുഞ്ഞു– ഇതങ്ങിനൊന്നും വരുല്ല. ചാക്കോച്ചൻ നല്ല പണക്കാരനാ.

മാത്യു– എന്നാലും ബാങ്കു മൊറോട്ടോറിയത്തിലാണല്ലോ. അതുകഴിഞ്ഞു ബാങ്കങ്ങു പൊളിയുകകൂടെയാണെങ്കിലോ?

കുഞ്ഞു– പൊളിഞ്ഞാലങ്ങേക്കൊരു പുല്ലും പോകില്ല്യ മാത്തുക്കുട്ടീ. കണ്ടോൻെറ വകയല്ലേ പോകുന്നെ. അങ്ങേരടേതൊക്കെ അങ്ങേരു കൈപ്പാങ്ങിലാക്കീട്ടുണ്ട്, ആ ബാങ്കുകെട്ടിടമൊക്കെ ആരെടെയാണെന്നറിയാമോ?

മാത്യു– ബാങ്കുവക.

കുഞ്ഞു– അല്ലല്ല. അതല്ലേ ഗുട്ടൻസ്സ്. ബാങ്കീന്നു പണമെടുത്തു കെട്ടിടം പണിയിച്ചു. പക്ഷെ അതങ്ങേരുടെ മൂത്തമകൻെറ പേരിലാ, ബാങ്കു നടത്തുന്നതു വാടകക്കണക്കിലാ. അതു പൊളിഞ്ഞാലെന്നാ വരാനാ.

മാത്യു– നമുക്കിപ്പോഴങ്ങോട്ടു പോയാലോ?

കുഞ്ഞു– ചാക്കോച്ചനെ കാണാനൊക്കുല്ല. അങ്ങേരെറസ്റ്റോറിലാ. നാളെ വരും. അപ്പം ഞാൻ മാത്തുക്കുട്ടിയുടെ അമ്മാച്ചനേം കൂട്ടിക്കൊണ്ടങ്ങു ചെല്ലാം.

(എവറെഡിതൊമ്മൻ പ്രവേശിക്കുന്നു)

മാത്യു– എന്താ തൊമ്മൻ വല്ല സത്യാഗ്രഹപരിപാടിക്കുമിറങ്ങിയതാണോ?

തൊമ്മൻ– ഒന്നുമില്ല. എന്നാലും നമ്മുടെ പ്ലാക്കാർഡൊക്കെ വിക്കാൻ പോവ്വാ.

മാത്യു– ആർക്കു?

തൊമ്മൻ– അതു തനിക്കു വേണോന്നുചോദിക്കാനല്ലെ ഇതിലെവന്നതു തൊമ്മനെവറഡിയാ

മാത്യു– എനിക്കോ.

തൊമ്മൻ– താൻ ലാലിക്കുട്ടിയുടെ അടുത്തു പ്രേമംതുടങ്ങീരിക്ക്യല്ലേ. സത്യാഗ്രഹംകൊണ്ടേ അവളെ കീഴ്പ്പെടുത്താനൊക്കു.

കുഞ്ഞു– അതൊള്ളതാ തൊമ്മൻ പറഞ്ഞതു്.

തൊമ്മൻ– ഇല്ലാത്തതൊന്നും തൊമ്മൻ പറയൂല്ല. തൊമ്മനെവറെഡിയാ.

കുഞ്ഞു– ആട്ടെ തൊമ്മനിപ്പോഴെങ്ങോട്ടാ.

തൊമ്മൻ– പറഞ്ഞില്ലേ പ്ലാക്കാർഡുവില്ക്കണം, കുറച്ചു കാ

ശ്ശുണ്ടാക്കണം. എന്നിട്ട തൊമ്മനൊരു പുതിയ ബിസിനസ്സു തുടങ്ങാൻപോവാ.

മാത്യു- എന്തുബിസിനസ്സ്.

തൊമ്മൻ- ഒരാമക്കച്ചോടം.

കുഞ്ഞു- ആമക്കച്ചോടമോ

തൊമ്മ- അതെ ഈ കിറുക്കന്മാക്കൊക്കെ തടിയിൽ ആമംതുളച്ച് വില്പനനടത്തുക.

(മാത്യുവും കുഞ്ഞുവറീതും പൊട്ടിച്ചിരിക്കുന്നു)

തൊമ്മൻ എന്തോന്നാ കിളിക്കുന്നേ നല്ല ചെലവുകിട്ടൂല്ലേ.

മാത്യു- കിറുക്കന്മാരധികമുണ്ടെങ്കിൽ ചെലവാകും?

തൊമ്മൻ- നിങ്ങൾക്കരണ്ടുപേക്കും ഓരോന്നുവേണ്ടെ?

കുഞ്ഞു- ഇതാണ് അസ്സൽ കിറുക്കൻെറ ലക്ഷണം. ഭ്രാന്തുള്ളോൻ മററുള്ളോരെ ഭ്രാന്തെന്നെന്നോതീടുന്നു.

തൊമ്മൻ- നമ്മുടെ ബിസ്സിനസ്സിനു രണ്ടോർഡർ ബുക്കുചെയ്യട്ടെ. തൊമ്മനെവറെഡിയാ.

മാത്യു- ആദ്യത്തെ ഓർഡറനുസരിച്ച് തൊമ്മനുതന്നെ നന്നായിട്ടൊരാമമങ്ങുണ്ടാക്ക്.

തൊമ്മൻ- അതെന്നാ നിനക്കു കിറുക്കുണ്ടോ.

കുഞ്ഞു- പിന്നല്ലാതെന്നതാ തൊമ്മനുള്ളതു്.

തൊമ്മൻ- അതുപറയാംകേട്ടോ. ഒന്നാന്തരം ഒരുവീടും പറമ്പും വയസ്സുചെന്ന ഒരമ്മ പട്ടാളത്തിപ്പോയേച്ചുവന്നപ്പംകൊണ്ടുവന്ന മൂവായിരത്തി ഇരുനൂറുരൂപ്പിക ജോർജിൻെറ പെങ്ങൾ മറിയക്കുട്ടി ഇതൊക്കെ തൊമ്മനുള്ള വകയാ.

മാത്യു- മറിയക്കുട്ടിയും തൊമ്മൻെറവകയായോ?

തൊമ്മൻ- നീപോടാ. രൂഭായില്ലെന്നുംപറഞ്ഞു നീ ഉപേക്ഷിച്ചപെണ്ണല്ലേ അവൾ. തൊമ്മൻ രൂഭാ അങ്ങോട്ടു കൊടുത്തേച്ച് അവളെക്കെട്ടും. ങാ തൊമ്മനെവറഡിയാ.

മാത്യു- ഇനിയും സത്യാഗ്രഹം അങ്ങോട്ടു മാററിത്തുടങ്ങാം അല്ലേ

തൊമ്മൻ- അതൊന്നുംവേണ്ടെടാ. പ്ലാക്കാർഡു നിനക്കുതന്നിരിക്കുന്നു. ജോർജിനിപ്പം ഞാൻ രൂഫാഎഴപത്തഞ്ചു കൊടുത്തിട്ടുണ്ട്, എഴപത്തഞ്ച്.

കുഞ്ഞു- കള്ളുകുടിച്ചവകയല്ലേ.
തൊമ്മൻ- കള്ളല്ലെടാ. അസ്സൽ വിസ്കീം, ബ്രാണ്ടീമൊക്കെയാ ഞങ്ങളിപ്പോ അടിക്കുന്നത്.
മാത്യു- വേഗംചെല്ല് കൂട്ടുകാരൻ കാത്തുനില്ക്കും,
തൊമ്മൻ- അപ്പോഴെ ഇരുപത്തൊന്നു പ്ലാക്കാർഡിനെന്നാ വില തരും.
മാത്യു- അതൊക്കെ പിന്നെ.
തൊമ്മൻ- പററൂല, പററൂല. റെഡികാഷുകിട്ടണം. ഞാൻ അങ്ങനെകൊട്ടത്തെഴുതിച്ചതാ. തൊമ്മനെവറെഡിയാ
കുഞ്ഞു- നമുക്കുപോകാം. കിറുക്കൻ വല്ലവഴീംപോകട്ടെ.
(ഒരുവശത്തേക്കു നടന്നിട്ടു വീണ്ടും തിരിച്ചെത്തുന്നു.)
ഹോനാശം! ആ കള്ളകാക്കാ വരുന്നു. (അസനാരുകാക്കാ പ്രവേശിക്കുന്നു)
അസ- (മാത്യുവിനോട്ട്)ബെക്കിൻ,ഞമ്മടെകായ്യബെക്കിൻ.
മാത്യു- കാക്കാ അത്...
അസ- മണിക്കിണിയൊന്നുംബേണ്ട ഞമ്മക്കു കായ്യബേണം ഞമ്മടയിഷാൻെറ നിക്കാഹത്തു.
കുഞ്ഞു- കാക്കാ നല്ലൊരു കേസ്സു ഞാൻ കണ്ടുവച്ചിട്ടുണ്ട്,
അസ- ഫാ! പന്നീൻെറമേനേ നീ മുണ്ടിക്കൂടാ. കായ്യതരാമെന്നേററതു മാത്തുവാ.
മാത്യു- ഇപ്പോഴില്ലല്ലൊ കാക്കാ
അസ- ഹറാംപിറപ്പൊന്നും പറവൂല്ലെന്ന്. കായ്യബെക്കിൻ
മാത്യു- കാക്കാ നാളെ ഞാൻ കാക്കായുടെവീട്ടിൽ കൊണ്ടെത്തരാം.
അസ- എന്നാലൊരു കാര്യംചെയ്യിൻ ങ്ങളീ ചാക്കും പാട്ടോം അങ്ങോട്ടെടുക്കിൻ.
മാത്യു- എന്തുപറഞ്ഞെടോ കാക്കാ ഞാൻ ആരാണെന്നുതാൻ വിചാരിച്ചു?
അസ- നേരും നെറീമൊള്ളോനാണെന്നു ഞമ്മ ബിജാരിച്ചു. ഇപ്പോ അല്ലെന്നുതെരിഞ്ഞു. ഒരു പെണ്ണുമ്പിള്ളേ കെട്ടാനുള്ള വാക്കുകൊട്ടത്തിട്ടു മാറി. ഞമ്മക്കഞ്ചുറുപ്പിക തരാനുള്ളതു തന്നില്ല.
മാത്യു- ഞാൻ തരാനുണ്ടോടോ? കുഞ്ഞുവറീതേട്ടനല്ലെ തനിക്കു രൂപാതരാനുള്ളത്,

അസ- ചരി ങ്ങളങ്ങു ബിട്ടേക്കിൻ ഈ നായിൻെറമോനോട്ട ഞമ്മള്ള മേടിച്ചോളാ (അതുതെ എന്നു കുഞ്ഞുവറീതു് ആംഗ്യംകൊണ്ടു മാത്യുവിനോടപേക്ഷിക്കുന്നു. അതിനിട യിൽനിന്നുമോടിക്കളയുന്നു. മാത്യുവും പരിഭ്രമിക്കുന്നു)

മാത്യ- കാക്കാ തേ! ഈ കുട പണയമിരിക്കട്ടെ കാശുതന്നി ട്ടു തിരികെ തന്നാൽമതി. (കൊട്ടത്തിട്ടുപെട്ടെന്നുപോകു ന്നു.നമ്പൂതിരിപ്രവേശിക്കുന്നു, കാക്കാഅടുത്തുചെല്ലുന്നു.

അസ- അവിടെ നിന്നാട്ടെ തിരുമേനി.

നമ്പൂ- (നിരോധനരൂപത്തിൽ കൈപിടിച്ചുകൊണ്ടു്) ശ്ശി മാറിനില്ലെടോ. താൻ ബൗദ്ധനല്ലേ ഞമ്മക്കു തീണ്ടു ല്ല്യോ?

അസ- തീണ്ടലൊക്കെ പിന്നെ. തിരുമേനിയുടെ മോൻ ഇ റച്ചിമേടിച്ച കായിങ്ങുബെച്ചാട്ടെ.

നമ്പൂ- ഛര , പതുക്കെപറെയൊടോ മേത്തരെ! ഉണ്ണി ഇറ ച്ചിമേടിച്ചെന്നോ.

അസ- അതെ അവരു കൂട്ടകൂടി പാർട്ടിയൊരുകൃതാ.

നമ്പൂ- (ചെവിപൊത്തിയിട്ടു്) അശൗചം അശൗചം മഹാ പാപം ഗുരുവായൂരപ്പാ ഭൂമി പിളക്കുന്നില്ലല്ലൊ.

അസ- കായ്ബച്ചിട്ടു് ബൂമീം പാതാളോംകൂടി പിളർന്നു നോക്കൂ.

നമ്പൂ- ഡോ മേത്തരേ, നമ്മോടതു ചോദിക്കരുതു്. ഒന്നാ മതു ഉണ്ണീടെ കടം നമ്മെ ബാധിക്കുല്യാ. രണ്ടാമതു ന മ്പൂരി എറച്ചിവാങ്ങിത്തിന്നെന്നുപറയുന്നതു നാണക്കേ ട്ടു്. ബല്ല ചീരത്തണ്ടോവല്ലോം വാങ്ങിച്ചവഹയാരു ന്നേങ്കിത്തരാർന്നു. (നടന്നുനീങ്ങാൻ ഭാവിക്കുന്നു)

അസ- (അയാളുടെ പൂണൂലിൽപിടിച്ചുവലിക്കുന്നു)ഇബ്ടെ നിന്നാട്ടെ തിരുമേനി.

നമ്പൂ- ശ്ശി! അശൗചം! അശൗചം ബ്രഹ്മം അശുദ്ധമാക്ക ക്കരുതേ (കൈ പൂണൂലിനടിയിൽനിന്നു പിൻവലിക്കു ന്നു. കാക്കാ പൂണൂൽചരടു കഴുത്തിലിട്ടു മുറുക്കാൻ ശ്രമി ക്കുന്നു അതിനിടയിൽ പൂണൂൽ ഊരിക്കളഞ്ഞിട്ടു് ന മ്പൂരി പമ്പകടക്കുന്നു.)

അസ- പഹയൻ പററിച്ചോ(പൊട്ടിയ പൂണൂലുമായി നി ല്ക്കുന്നു. എവറെഡിത്തൊമ്മൻ പ്രവേശിക്കുന്നു)

തൊമ്മൻ– കാക്കാ അതിങ്ങുതന്നേക്കാമോ.
അസ– എന്തിനു?
തൊമ്മൻ– പെണ്ണുകെട്ടുവാൻ
അസ– ഏതുപെണ്ണ്.
തൊമ്മൻ– മറിയക്കുട്ടിയെ
അസ– ങ്ങളുബോയി ബല്ല മയിൽകുററീനേംകെട്ടിൻ.
തൊമ്മൻ– മയിൽക്കുററി പെണ്ണാണോ കാക്കാ
അസ– ങ്ങളുബോയി ബേറെ ബല്ല പണീംനോക്കിൻ
(പോകുന്നു)

(കർട്ടൻ)

## രംഗം 6

(കുഞ്ഞുവറീതിന്റെ ഭവനം. ഒരു സഞ്ചിനിറയെ കുപ്പികളിൽ പലതരത്തിലുള്ള മരുന്നുകൾ ശേഖരിച്ച് വിയർത്തൊലിച്ച് അയാൾ കടന്നുവരുന്നു. ഒരു കടലാസ് നിവർത്തു രോഗികളുടെ പേരും നമ്പരും വായിച്ച് അതാതിനുള്ള മരുന്നുംകുപ്പി പ്രത്യേകം നീക്കിവയ്ക്കുന്നു.)

കുഞ്ഞു– കൊച്ചുകൃഷ്ണൻ 60വയസ്സ്. കൈകാൽ കഴപ്പ് എരിച്ചിൽ പരവേശം (ഒരുകുപ്പി നീക്കിവയ്ക്കുന്നു) ങാ ഇതുതന്നെ. (മറെറാരു പേരു വായിക്കുന്നു) ഏലിക്കുട്ടി 18വയസ്സ്. ഛർദ്ദി മനംമറിച്ചിൽ വയറുവേദന ങാ അതിനേതാ മരുന്നു. നമ്പർ 684! ങാ! ഇതുതന്നെ. (മറെറാരു കുപ്പിയും മാററിവയ്ക്കുന്നു വേറൊരു പേരു വായിക്കുന്നു.) അബ്ദുള്ള53വയസ്സ് തലകറക്കം പരവേശം ചൊറിച്ചിൽ ചൊറിച്ചിൽ നീരുവീഴ്ച ഹോ അതു കാണുന്നില്ല. ആ മേത്തനിപ്പോഴിങ്ങുവരും. (തിരക്കുപിടിച്ചു പരിശോധിക്കുന്നു മാത്യു പ്രവേശിക്കുന്നു)

മാത്യു– എന്താ! കുഞ്ഞുവറീതേട്ടാ ഇത്രയേറെ മരുന്നുകുപ്പികൾ.

കുഞ്ഞു– എന്നാപറയാനാ എന്റെമാത്തുക്കുട്ടീ! എല്ലാക്കുംസുഖക്കേടാ. (വീണ്ടും മരുന്നുകുപ്പി പരിശോധനയിൽ വ്യാപൃതനായിരിക്കുന്നു)

മാത്യു– എന്നിട്ടു മൂത്തമകൻ ഇപ്പോൾ ആ ചായക്കടേലിരുന്നു ചീട്ടുകളിക്കുന്നതു കണ്ടല്ലോ.

കുഞ്ഞു– അവനു് ഒരു സുഖക്കേടേയുള്ളു കാശുകിട്ടിയാലുടനെ കൊണ്ടുചെന്നു കീച്ചും.

മാത്യു– ഇപ്പോൾ കീച്ചല്ല വെളുപ്പീരെന്നൊരു കളിയുണ്ടു്.

കുഞ്ഞു- വെളുപ്പീരും കറുപ്പീരും ഇവിടെ പത്തുവയസ്സുള്ള ഒരു സന്തതിയുണ്ടു്. അവനും ജോലി ഇതുതന്നെ.

മാത്യു– അപ്പോൾ പിന്നാക്കാകുഞ്ഞുവറീതേട്ടാ സുഖക്കേടു്. ശൗരി ചൂണ്ടയിടാൻപോകുന്നതു കണ്ടല്ലോ.

കുഞ്ഞു– ഇവിടൊരുത്തനും സുഖക്കേടില്ലമാത്തുക്കുട്ടീ! ഒന്നല്ലേലൊന്നുംപറഞ്ഞാക്കേക്കെത്തില്ലെന്നേയുള്ളു.

മാത്യു– പിന്നാക്കാസുഖക്കേടു്.

കുഞ്ഞു– നാട്ടുകാക്കെല്ലാം ഭയങ്കരസുഖക്കേടല്ലേ? വെറുതേയാണോ ഈ മരുന്നൊക്കെ കൊണ്ടുവന്നുവച്ചിരിക്കുന്നതു്.

മാത്യു- ഇതൊക്കെ കുഞ്ഞുവറീതേട്ടൻ ആശുപത്രീന്നു മേടിച്ചോണ്ടുവന്നതല്ലെ?

കുഞ്ഞു– അതൊരു ബിസിനസ്സ്ട്രിക്കാ മാത്തുക്കുട്ടീ പുറത്തുവിടല്ലേ. നമ്മുടെ വയററത്തടിക്കുന്ന ഏപ്പാടാ.

മാത്യു– ഹേയ് ഞാനോ കഴുത്തറുത്താൻ കള്ളംപറയത്തില്ല.

കുഞ്ഞു- അതല്ലേകുഴപ്പം നേരുപറയുന്നതാ നമ്മുടെ ഏററവും വലിയ ബലഹീനത.

മാത്യു– എന്നാൽ നേരുപറയുന്നില്ല. ബിസിനസ്സ എന്താണെന്നു മനസ്സിലായില്ലല്ലോ

കുഞ്ഞു– സ്ത്രീധനമേപ്പാടു നിരോധിച്ചതോടെ കല്യാണമാലോചിച്ചാലൊന്നും കിട്ടാനില്ലെന്നായി. മാത്തുക്കുട്ടിയെപ്പോലൊള്ളോരും വാക്കുമാററം തുടങ്ങി. പിന്നെ ഞാനെങ്ങനാ അഞ്ചെട്ടു പരാതീനത്തെ പോററുന്നതു്.

മാത്യു– അതൊള്ളതാ പക്ഷെ എൻെറ കാര്യം പേടിക്കേണ്ടാ കേട്ടോ പറയുന്നതു കാശു കൈയ്യിലേതന്നേക്കാം. ങാ! എന്നിട്ടു പറഞ്ഞില്ലല്ലോ ബിസിനസിൻെറ കാര്യം.

കുഞ്ഞു– ജീവിക്കാനെന്തെങ്കിലുമൊരു തൊഴിൽവേണ്ടെ? ചികിത്സതന്നെയാട്ടെന്നുവച്ചു. മരുന്നിൻെറ കാശു് ആരും പിന്നാട്ടെന്നു പറയുക അത്ര സാധാരണമല്ലല്ലോ.

മാത്യു– (അത്ഭുതപൂർവ്വം) ചികിത്സയോ കുഞ്ഞുവറീതേട്ടനു ചികിത്സിക്കാനറിയാമോ?

കുഞ്ഞു- അതിനേതാണ്ടറിയാതിരിക്കുന്നോ മാത്തുക്കുട്ടി നമ്മുടെ ഗവമെന്റാശുപത്രിലേ ഡോക്ടർ ചീട്ടെഴുത്തു പേരു വിളിച്ചാലുടനെ മരുന്നിനു കുറിച്ചുകഴിയുമല്ലൊ ആളിനെക്കാണണമെന്നില്ല.

മാത്യ- അതുശരിയാ ഇന്നാളങ്ങേക്കൊരബദ്ധംപററി. അറുപതുകഴിഞ്ഞു ഒരു വൃദ്ധയ്ക്കു് ഒരു ഗർഭിണിക്കുപയോഗിക്കാനുള്ള മരുന്നിനു കുറിച്ചുകൊടുത്തു.

കുഞ്ഞു- ങാ! എന്നിട്ടു്?

മാത്യ- മരുന്നെടുത്തുകൊടുത്ത കമ്പൗണ്ടർ പറഞ്ഞു പ്രസവം കഴിയുന്നതുവരെ എന്നും അതുപയോഗിക്കണമെന്നു്. എന്നാലിതു തന്റെ അമ്മയ്ക്കു കൊണ്ടെക്കൊട്ട് എന്നു പറഞ്ഞു അവർ തുള്ളിച്ചാടി ഇറങ്ങിപ്പോയി. കേസു വീണ്ടും ഡോക്ടറുടെ അടുത്തെത്തി. അപ്പോഴാണു താൻ ആളിനെ കാണാതെകുറിച്ച മരുന്നാണു് ഈ ഗുലുമാലൊക്കെയുണ്ടാക്കിയതെന്നു അദ്ദേഹത്തിനു മനസ്സിലായതു്.

കുഞ്ഞു- അങ്ങനെയുള്ള നോട്ടക്കുറവുകോടൊന്നും കുഞ്ഞുവറീതേട്ടന്റെ കയ്യിന്നുണ്ടാകേല കേട്ടോ. വിദ്യ വേറൊന്നാ ഞാൻ പ്രയോഗിക്കുന്നതു്.

മാത്യ- ങാ! അതെന്താ?

കുഞ്ഞു- മറുചെവി പോകത്തില്ലല്ലൊ.

മാത്യ പിന്നെയുമെന്താ കുഞ്ഞുവറീതേട്ടൻ സംശയിക്കുന്നതു്.

കുഞ്ഞു- (അല്പം സ്വരം താഴ്ത്തി) ഇവിടെ വരുന്നവരുടെയൊക്കെ പേരും വയസ്സും രോഗവിവരങ്ങളും കുറിച്ചെടുക്കുക. ആശുപത്രിയിൽച്ചെന്നു വിവരംപറഞ്ഞു മരുന്നു വാങ്ങിക്കും. അതു നമ്മുടെ സർക്കാരിന്നു വെറുതെ കിട്ടുന്നതല്ലേ. ഇവിടെ കൊണ്ടുവന്നുവച്ചു വീണ്ടും രോഗികൾ വരുമ്പോൾ കൊടുക്കണം; ഒരു കുറഞ്ഞ വില ഇടാക്കിയാൽ കുഴപ്പമുണ്ടോ?

മാത്യ- എന്തു വിലവയ്ക്കും?

കുഞ്ഞു- ഒരുനേരത്തെ മരുന്നിനു് ഇരുപതു പൈസാമാത്രം.

മാത്യ- തരക്കേടില്ലല്ലൊ, നല്ല ബിസിനസ്സ്.

കുഞ്ഞു- മിണ്ടിയേക്കല്ലെ. വേറെ വല്ല പഹയന്മാരും ഇതുകണ്ടുപിടിച്ചെങ്കിൽ നമ്മള ഹലാക്കിലാകും.

മാത്യ- കുഞ്ഞുവറിതുചേട്ടാ, കുതികാലുവെട്ടുന്ന പണിയൊന്നും എൻെറ കയ്യിലില്ലെന്നറിഞ്ഞുകൂടെ? നമുക്കെപ്പഴാ ബംഗ്ലാവിലോട്ടൊന്നു പോകുന്നതു്?

കുഞ്ഞു- ഉച്ചകഴിഞ്ഞിട്ടാകട്ടെ. ഇപ്പോൾ മരുന്നിനാളുവരും.

മാത്യ നടക്കുമോ ചേട്ടാ- ലാലിക്കുട്ടി ഇന്നാളൊരു രസക്കേടൊക്കെയാണല്ലോ കാണിച്ചതു്.

കുഞ്ഞു- പേടിക്കണ്ടെന്നു പറഞ്ഞില്ലേ. കാര്യം ഞാൻ നേടിത്തരാം.

മാത്യ- ബാങ്കു ലിക്വിഡേററുചെയ്തല്ലോ. ചാക്കോച്ചൻെറ കയ്യിൽ രൂപായില്ലെന്നുവരുമോ?

കുഞ്ഞു- രൂപായില്ലെങ്കിൽ അതു നേട്ടമാ. അല്ലെങ്കിലും നിയമപ്രകാരം സ്ത്രീധനം വാങ്ങാൻ പാടില്ല ലാലിക്കുട്ടി അവകാശപ്പെണ്ണാ. കല്യാണം കഴിഞ്ഞാൽ നമുക്കു കണക്കു പറഞ്ഞു് തുക വാങ്ങിക്കാം.

മാത്യ- അപ്പോൾ അവളുടെ ചേച്ചിമാരും അവകാശം പറഞ്ഞോണ്ടു വരില്ലേ.

കുഞ്ഞു- അവരൊക്കെ സ്ത്രീധനനിരോധന നിയമം വരുന്നതിനുമുമ്പു കല്യാണം കഴിച്ചയച്ചതാ. ഇനി ഒരു നയാപൈസാ കൊടുക്കണ്ടാ. പിന്നെ അങ്ങേങ്ങാണ്ടു പഠിക്കുന്ന ആ ചെറുക്കനുണ്ടു്; പാപ്പച്ചൻ. കൂടിവന്നാൽ അവൻമാത്രമേ അവകാശം പറയാനുള്ളു.

മാത്യ- ഏതായാലും നമുക്കുടനെ അതാലോചിക്കണം. മറിയക്കുട്ടി നല്ല പെണ്ണാണെന്നും സ്ത്രീധനം കിട്ടിയില്ലെങ്കിലും ആ കല്യാണം നടത്തേണ്ടതായിരുന്നെന്നും ചിലരൊക്കെ പറയുന്നുണ്ടു്.

കുഞ്ഞു- എന്നാ വാഴക്കാ കിട്ടാനാ. ഞാൻ നാലുതവണ കയറിയിറങ്ങിനടന്നാലോചിച്ചിട്ടു് മൂന്നുരൂപായാ തന്നതു്. അപ്പലാതികളു്,

(എവറെഡിതൊമ്മൻ പ്രവേശിക്കുന്നു)

തൊമ്മൻ- ആണ്ട്ഹാ! മാത്തു! നീയിങ്ങു പോന്നോടാ. നമുക്കു വരാനുള്ള പൈസാ കിട്ടിയില്ലല്ലോ,

മാത്യ- ഏതുവക?

തൊമ്മൻ- ആ പ്ലാക്കർഡൊക്കെ നീ കച്ചോടം ചെയ്തില്ലി

ക്കയല്ലേ. തുക മുഴവൻ തന്നു് ഉടനെ ചരക്കു് ഏററു വാങ്ങിക്കോണം. തൊമ്മനെവ്വറെഡിയാ.

മാത്യു- എനിക്കാവശ്യമില്ല.

തൊമ്മൻ– (പ്രക്ഷുബ്ധനായി) നീ വെറുതെയല്ലല്ലോടാ ഒരു പെണ്ണിനെക്കെട്ടാമെന്നു പറഞ്ഞേച്ചു മറെറാന്നിൻെറ പുറകെ നടക്കുന്നതു്. വാക്കുപാലിക്കാത്ത ഏഭ്യൻ.

കുഞ്ഞു- (കുപ്പികൾ ക്രമപ്പെട്ടത്തിവച്ചിട്ടു്) എന്താ, തൊമ്മൻ ക്ഷോഭിക്കുന്നതു്.

തൊമ്മൻ- തൻെറ ഓർഡറു ബുക്കചെസ്സിരിക്കുകയാ. പണം തന്നു സാധനം ഉടനെ കൊണ്ടുപോരണം. അല്ലെങ്കിൽ ഞങ്ങൾ ഇവിടെ എത്തിച്ചുതരാം. ചെലവു വഹിക്കണം.

കുഞ്ഞു- ആരാണു ഞങ്ങൾ?

തൊമ്മൻ- അറിയത്തില്ലേ? ഞങ്ങൾ ഒരു കമ്പനി തുടങ്ങിക്കഴിഞ്ഞു. "ജോർജ്ജ് ആൻഡ് തൊമ്മൻ. ആമം, ശവപ്പെട്ടി, പ്ലാക്കാർഡു് വ്യാപാരം" കുറഞ്ഞ വില.

(മാത്യുവും കുഞ്ഞുവറീതും പൊട്ടിച്ചിരിക്കുന്നു)

തൊമ്മൻ- അത്ര കളിയാക്കാനൊന്നുമില്ലെടാ. സാധനങ്ങളുടെ ഡിമാൻഡു് നോക്കി വേണം ബിസ്സിനസ്സു ചെയ്യാൻ.

മാത്യു- ശരിയാണു്. എങ്ങനെയിരിക്കുന്നു നല്ല വില്പനയുണ്ടോ?

തൊമ്മൻ– നീ മിണ്ടിപ്പോകരുതു്. വാക്കുപാലിക്കാത്ത റാസ്കൽ!

കുഞ്ഞു- (ഹസ്തവിക്ഷേപത്താൽ മാത്യു പോകാൻ നിർദ്ദേശിച്ചിട്ടു്) മാത്തുക്കുട്ടി ഞങ്ങൾക്കു് അല്പം സ്വകാര്യം പറയാനുണ്ടായിരുന്നു.

മാത്യു- ഞാൻ പോകുന്നു. ഉച്ചകഴിഞ്ഞു തീർച്ചയായും വരണേ.

കുഞ്ഞു– റെഡിയല്ലെ. (മാത്യു പോകുന്നു)

തൊമ്മൻ- താൻ റെഡിയാണോ? തൊമ്മൻ എവർ റെഡിയാ. മനസ്സിലായോ?

കുഞ്ഞു- തൊമ്മനു പോകാൻ ധൃതിയില്ലല്ലോ. എങ്ങനെയിരിക്കുന്നു കല്യാണക്കാര്യം?

തൊമ്മൻ- എല്ലാം തീർച്ചപ്പെടുത്തി. ഇരുപത്തേഴാംതീയതി യാ. തുലാം ഇരുപത്തേഴ്,
കുഞ്ഞു- സ്ത്രീധനമെന്തുകിട്ടും?
തൊമ്മൻ- സ്ത്രീധനമൊന്നുമില്ലെടോ ഞാൻ പുരുഷധനം കൊടുക്കും, പുരുഷധനം. ങാ, തൊമ്മനെ പറെഡിയാ.
കുഞ്ഞു- നല്ലകാര്യം. എത്രരൂപാ കൊടുക്കണം?
തൊമ്മൻ- അഞ്ഞൂറു രൂപാ കൊടുത്തുകഴിഞ്ഞു. ഞങ്ങൾ അതുകൊണ്ടു ബിസ്സിനസ്സുമാരംഭിച്ചു. ജോർജ് ആൻഡ് തൊമ്മൻ ആമം, ശവപ്പെട്ടി, പ്ലാക്കാർഡു, കച്ചവടം.
കുഞ്ഞു- കൊള്ളാം. നല്ല ചെലവു കിട്ടും.
തൊമ്മൻ- പക്ഷെ, തന്റെ ബിസ്സിനസ്സുടനെ നിറുത്തിക്കൊള്ളണം.
കുഞ്ഞു- (ജിജ്ഞാസാഭരിതനായി) എന്തു്?
തൊമ്മൻ- ഈ ചികിത്സയും മരുന്നുകൊടയും.
കുഞ്ഞു- അതെങ്ങനാ. ഞാനും ജീവിക്കണ്ടെ?
തൊമ്മൻ- വേണ്ടെടോ. താൻ ചെന്നു ചാക്. ഞങ്ങൾക്കൊരു പെട്ടി ചെലവാകുമല്ലോ.
കുഞ്ഞു- (അവജ്ഞാപൂർവ്വം) ശരിയാ. വല്ലതും തടയും!
തൊമ്മൻ- അതാ ഞാൻ പറഞ്ഞതു താൻ മരുന്നുകൊട നിത്തണമെന്നു്. അപ്പോൾ മനുഷ്യർക്കു സുഖക്കേടു കൂടും. മരണംനടക്കും. ഞങ്ങൾക്കു ശവപ്പെട്ടിയും ചെലവാകും.

(അന്നച്ചേട്ടത്തി പ്രവേശിക്കുന്നു)

തൊമ്മൻ- (സാദരം) അമ്മ എന്തിനാ ഇങ്ങോട്ടു വന്നതു്? എന്റെ മറിയക്കുട്ടിക്കു സുഖമല്ലേ?
അന്ന- ഞാൻ നിന്റെ അമ്മയല്ല.
തൊമ്മൻ- അല്ല. എന്നാലും മറിയക്കുട്ടിയുടെ അമ്മയല്ലേ അന്നേരം മറിയക്കുട്ടി എന്റേതാകുമ്പോൾ..!
അന്ന- (വെറുപ്പോടെ) മറിയക്കുട്ടി നിന്റേതാണെന്നാരുപറഞ്ഞു?
തൊമ്മൻ- അതൊക്കെ തീർച്ചപ്പെടുത്തിയ കാര്യമല്ലേ. അഡ്വാൻസു കൊടുത്തുകഴിഞ്ഞു. തൊമ്മനെ പറെഡിയാ.
കുഞ്ഞു- തൊമ്മാ ഇനി നമുക്കു പിന്നെ കാണാം. എനിക്കിത്തിരി അത്യാവശ്യമുണ്ടു്.
തൊമ്മൻ- പിന്നെ കാണണ്ടാ. താൻ ഉടനെ ചാകണം,

ഞാൻ പെട്ടി നല്ലപോലെ അലങ്കരിച്ചുവച്ചേക്കാം. മിതമായ വില. 35 രൂപാ മതി.

കുഞ്ഞു- (ചിരിച്ചുകൊണ്ട്) എന്നാലങ്ങനെയാകട്ടെ.

തൊമ്മൻ- തീർച്ചയാണല്ലോ.

കുഞ്ഞു- തീർച്ച.

തൊമ്മൻ ഇനി വാക്കു മാറരുത്. തൊമ്മനെവരെഡിയാ. (ഡയറി എടുത്തെഴുതുന്നു. സാവധാനം വായിക്കുന്നു) കടമ്പൻ പൈലുണ്ണി കുഞ്ഞുവറീതു പേക്ക് ശവപ്പെട്ടി ഒന്ന്. എന്നാൻ ഞാനിറങ്ങട്ടെ. (പോകുന്നു)

കുഞ്ഞു- ങാ, എങ്ങനെയിരിക്കുന്നു ചേടത്തീ?

അന്ന- തലവേദനയുണ്ട്. വിശപ്പു തീരെയില്ല.

കുഞ്ഞു- ങാ മനസ്സിലായി. വാതമാണ്. ദാ ഈ മരുന്നു കുടിക്കുമ്പോൾ ഭേദമാകും. (ഒരു കുപ്പി എടുത്തു കൊടുക്കുന്നു) അറുനേരം ഒന്നര രൂപാ.

അന്ന- (ഒരു രൂപാ കൊടുത്തിട്ട്) ഇപ്പോൾ ഇതേയുള്ളല്ലോ.

കുഞ്ഞു- താമസിപ്പിക്കരുത്. എനിക്കു നാളെകഴിഞ്ഞു മരുന്നെടുക്കാൻ പോകേണ്ടതാ.

അന്ന- അന്നേരത്തേക്കു തരാം എന്റെ കുഞ്ഞുവറീതേ, ആ കൊണംവരാത്തസന്തതി കിറുക്കൻതൊമ്മനുമായിട്ടേതാണ്ട ക്രൂശാക്കൊള്ളി പറഞ്ഞുറപ്പിച്ചെന്നാണല്ലോതോന്നുന്നത്.

കുഞ്ഞു- അവർ പങ്കുവ്യാപാരം നടത്തുകയല്ലേ.

അന്ന- ഏതായാലും എന്റെ കുഞ്ഞിനെ ആ കിറുക്കനോടുകൊണ്ടു ഞാൻ കെട്ടിക്കുകേല.

കുഞ്ഞു- അങ്ങനെയൊന്നും വാശിപിടിക്കരുത്. വിധിച്ചതേ ലഭിക്കൂ.

അന്ന- നിനക്കങ്ങനെ പറയാൻ തോന്നീയല്ലോ കുഞ്ഞുവറീതേ, എന്റെ കുഞ്ഞ്. (കണ്ണു തുടക്കുന്നു)

കുഞ്ഞു- ഞാനൊന്നും പറയുന്നില്ല. ബാങ്കു ലിക്വിഡേഷനലായി. ഇനീംകാശു കിട്ടുമെന്നൊന്നുംവിചാരിക്കേണ്ട.

അന്ന- ആ പഞ്ചമഹാപാതകൻ ഏതാണ്ട പഴേ കടത്തിനു കിടപ്പാടം നടത്തിയെടുക്കാനിരിക്കുന്നെന്നാ കേട്ടു. നീയൊന്നു കണ്ടു പറഞ്ഞെ കുഞ്ഞുവറീതേ. നിങ്ങളുതമ്മിലിഷ്ടമല്ലേ.

കുഞ്ഞു- എന്റെ ചേടത്തി അ,യാളൊരു കട്ടവായാണെന്നേ. ആരുപറഞ്ഞാലും കേക്കത്തിലെന്നേ.

അന്ന-- പിന്നെങ്ങനാ എന്റാ കുഞ്ഞുവറീതേ! ഒരു സന്തതിയൊള്ളോനിതൊന്നും അറിയാതെ ചീട്ടുകളിച്ചും കള്ളുകുടിച്ചും നടക്കുകാ,

കുഞ്ഞു- വല്ല വക്കീലന്മാരേം കണ്ടു നിയമത്തിന്റെ വശമാലോചിക്കണം. അല്ലാതൊരു പണീമില്ല.

അന്ന- ഏതായാലും ഞങ്ങള കാശു മേടിച്ചതാ. കിടപ്പാടം പോയാലും വീട്ടീന്നിറക്കിവിടാതിരുന്നാ മതിയാരുന്നു

കുഞ്ഞു- കുറച്ചു കാശുണ്ടാക്കാമോ; ഞാനൊന്നു ശ്രമിച്ചു നോക്കാം.

അന്ന- ഏതായാലും കുഞ്ഞുവറീതങ്ങോട്ടൊന്നു കടക്ക്.

(മഞ്ഞനുമായി പോകുന്നു)

കർട്ടൻ

## രംഗം 7

(ചാക്കോച്ചന്റെ ബംഗ്ലാവ്. ലാലിക്കുട്ടി ഒരു നീലക്കണ്ണാടിയുടെ മുൻപിൽ നിന്നു മുടി ചീകിക്കൊണ്ടിരിക്കുന്നു. ഹെയർ ഓയിൽ, പൗഡർ മുതലായവ മേശപ്പുറത്തുണ്ട്. ഹൃദ്യമായ പ്രേമഗാനത്തിന്റെ ശീലുകൾ ആലപിക്കുന്നു. മാത്യു ഒരുഭാഗത്തുവന്ന് എത്തിനോക്കിയിട്ട പിൻവലിയുന്നു. ലാലിക്കുട്ടി ഒരു പുസ്തകമെടുത്തു നിവർത്ത് അതിനുള്ളിലിരിക്കുന്ന കത്തെടുത്തു ബ്ലൗസിനുള്ളിൽ തിരുകിവയ്ക്കുന്നു. പുറത്ത് "ടക്ക് ടക്ക്" എന്നു വാതിലിൽ മുട്ടുന്ന ശബ്ദം)

ലാലി– അരാണതു്?

(പുറത്തു നിശബ്ദം. വീണ്ടും വാതിലിൽ മുട്ടുന്നു)

ലാലി– ആരാണതു്; പറഞ്ഞുകൂടെ?

മാത്യു– (അകത്തുനിന്നു്) ഞാനാ ലാലിക്കുട്ടീ.

ലാലി– ഞാനെന്നുവച്ചാൽ?

മാത്യു– ഞാൻതന്നെ.

ലാലി– എന്നാൽ മിസ്റ്റർ ഞാൻ കയറിവരണം.

മാത്യു– (പ്രവേശിച്ചു്) ഗുഡീവനിംഗ് മിസ് ലാലിക്കുട്ടീ.

ലാലി– ഓ, ശരി നിങ്ങളായിരുന്നോ. ഞാൻ വിചാരിച്ചു..

മാത്യു– എന്തുവിചാരിച്ചു?

ലാലി– വേറേവല്ല ആഭാസന്മാരുമാണെന്നു്'

മാത്യു– അതെന്താ അങ്ങനെ തോന്നാൻ?

ലാലി– അല്ലെങ്കിൽ ഒരു സ്ത്രീയുടെ ഡ്റസ്സിംഗ്റൂമിനടുത്തുവന്നു് ഇങ്ങനെ ഒളിഞ്ഞുനോക്കുമോ?

മാത്യു– ഞാൻ പുറത്തു വന്നു നിന്നേയുള്ളു.
ലാലി- അതാണാഭാസത്തരമെന്നു ഞാൻ പറഞ്ഞതു്.
മാത്യു- പിന്നെന്താ ഇങ്ങോട്ടു കേറിവരണമായിരുന്നോ?
ലാലി- ഇതിലും ഭേദം അതായിരുന്നു.
മാത്യു- ഏതിലും ഭേദം?
ലാലി- ഈ അന്തസ്സില്ലാത്ത ഒളിഞ്ഞുനോട്ടത്തിലും ഭേദം.
മാത്യു- അതിനെനിക്കവകാശം തരുമോ ലാലിക്കുട്ടീ?
ലാലി- ഏതിനു്?
മാത്യു- ഏതവസരത്തിലും അനുവാദംകൂടാതെ എന്റെ ലാലിക്കുട്ടിയുടെ മുറിയിൽ കടന്നുവരാൻ.
ലാലി- അതാലോചിക്കേണ്ട കാര്യമാണു്.
മാത്യു– എന്നാൽ ഞാൻ ഒരു കാര്യം തുറന്നുപറയട്ടെ.
ലാലി- ഒന്നല്ല, ഒമ്പതു കാര്യം പറഞ്ഞോണം.
മാത്യു- (ശൃംഗാരത്തിൽക്കുഴഞ്ഞ പ്രേമഭാവത്തിൽ) ഞാൻ ലാലിക്കുട്ടിയെ സ്നേഹിക്കുന്നു.
ലാലി- വളരെ ഉപകാരം. വേറെ ആരെയൊക്കെ സ്നേഹിക്കുന്നുണ്ടു്?
മാത്യു- മററൊരു സ്ത്രീയെപ്പററിയും എനിക്കു ചിന്തിക്കുവാൻ സാദ്ധ്യമല്ല.
ലാലി- നിങ്ങളുടെ അമ്മ?
മാത്യു- അമ്മ മരിച്ചുപോയി.
ലാലി– സഹോദരികൾ?
മാത്യു- അവരെയെല്ലാം കെട്ടിച്ചയച്ചു, ലാലിക്കുട്ടിയോടു പോരെടുക്കാൻ ആരുമില്ല.
ലാലി– അതല്ല; അമ്മയേയും സഹോദരിമാരെയുംപററി നിങ്ങൾ ചിന്തിക്കാറില്ലേ?
മാവ്യു– അതൊക്കെ പഴയ കാര്യങ്ങൾ. ഇപ്പോൾ ലാലിക്കുട്ടിയെപ്പററി മാത്രമേ എനിക്കു ചിന്തയുള്ളു.
ലാലി- മെനി താങ്ക്സ്.
മാത്യു- അതുകൊണ്ടായില്ല.
ലാലി- പിന്നെ?
മാത്യു- ലാലിക്കുട്ടി എനിക്കു വാക്കുതരണം.
ലാലി– എന്തിനു്?
മാത്യു– നമ്മൾതമ്മിലുള്ള വിവാഹത്തിനു്.

ലാലി- (തെല്ലു സങ്കോചത്തോടെ) അതിനു വാക്കമതിയോ?

മാത്യു- (ശൃംഗാരവൈവശ്യത്തോടെ) മതി. എന്റെ ലാലിക്കട്ടിയുടെ ഒരു വാക്കമതി നമ്മുടെ ജീവിതം പൂവണിഞ്ഞുല്ലസിക്കുവാൻ. ഒന്നു പറയൂ. താമരത്തണ്ടു പോലെയുള്ള ഈ കൈകൾ പിടിച്ചുകൊണ്ടു ഞാൻ അങ്ങു ചക്രവാളത്തിലേയ്ക്കു പറന്നുപോകും.

ലാലി- നിൽക്കു! നിങ്ങൾ വല്ല നോവലും വായിക്കുകയാണോ?

മാത്യു- അതെ; ലാലിക്കുട്ടി എന്ന നോവൽ.

ലാലി- ശരി, എന്നാൽ ഞാൻ ശല്യപ്പെടുത്തുന്നില്ല. (പെട്ടെന്നു അകത്തേയ്ക്കു പോകുന്നു)

മാത്യു- (ഉൽക്കണ്ഠാകുലനായി ആ വശത്തേയ്ക്കു നോക്കിയിട്ട്) ലാലിക്കുട്ടീ! ലാലിക്കുട്ടീ! എന്റെ തങ്കമല്ലേ. ഒന്നിങ്ങോട്ടു വായോ.

(നമ്പൂതിരിപ്പാടു പ്രവേശിക്കുന്നു)

നമ്പൂ- ചാക്കോമാപ്ലയില്ല്യോ ഇബ്ടെ?

മാത്യു- (തിരിഞ്ഞുനിന്ന് വേണ്ടത്ര ഗൗരവം നടിച്ച്) ഇല്ലല്ലോ.

നമ്പൂ- പിന്നെ ആരുണ്ട്?

മാത്യു- ലാലിക്കുട്ടി.

നമ്പൂ- മാപ്ലയിടെ മഹളല്ല്യാ?

മാത്യു- അതെ,

നമ്പൂ- എബ്ട്യാ?

മാത്യു- അകത്തുണ്ട്.

നമ്പൂ- നിങ്ങളാരാ?

മാത്യു- ഞാൻ— ഞാൻ- ഞങ്ങൾ സ്വന്തക്കാരാ.

നമ്പൂ- ല്ല കുട്ടീനെ ഒന്നിങ്ങു വിളിക്കു.

മാത്യു- ലാലിക്കുട്ടീ ഒരാൾ വന്നിരിക്കുന്നു.

(ലാലിക്കുട്ടി പ്രവേശിക്കുന്നു)

നമ്പൂ- കുട്ടീന്റെ അപ്ഫൻ എബ്ടെ പോയിരിക്കുന്നു?

ലാലി- പള്ളിയിൽ പോയതാ,

നമ്പൂ- ല്ലയാളെന്തിനു പള്ളീപ്പോണ്, ബല്ലോരുടേം പണ്ടമൊക്കെ മേടിച്ചിട്ടു കൊടുക്കാത്തോരൊക്കെ പള്ളീലും അമ്പലത്തിലും പോയിട്ടു കാര്യമെന്താ

ലാലി- (അഭ്യത്ഥനാഭാവത്തിൽ മാത്യുവിനെ വീക്ഷിച്ചിട്ട്)
തിരുമേനിയേ, വെറുതെ കുത്തുവാക്കു പറയരുത്.

നമ്പൂ- വെറുതെയാണല്ലൊ? നോം എണ്ണിയെണ്ണി ഉരുപ്പി
ക തന്നതാ. നിങ്ങള്ള ക്രിസ്ത്യാനികൾക്കീ ഉത്തരിപ്പുക
ളൊക്കെ പ്രസംഗത്തിലും പ്രാത്ഥനപ്പുത്തകത്തിലുമേ
യുള്ളൂ; അല്ലേ?

ലാലി- (മാത്യുവിനോടു സ്വകാര്യം) എങ്ങനെയെങ്കിലും ഇ
യാളെ ഒന്നു പറഞ്ഞയക്കാമോ നാശമായല്ലേ.

മാത്യു- (കൈ ചൂണ്ടിക്കൊണ്ടു് അടുത്തുചെന്നു്) എടോ പേ
ട്ടനമ്പൂരീ കടക്കടോ പുറത്തു്.

നമ്പൂ- ഉം നീയാരാ?

മാത്യു- ഞാനാരായാലെന്നാ. ഇവിടെനിന്നനാവശ്യം പറ
ഞ്ഞാൽ

(ലാലിക്കുട്ടി അകത്തേയ്ക്കു പോകുന്നു)

നമ്പൂ- എന്നാൽ നമുക്കു വരാനുള്ള പണം നീയിങ്ങു ത
ന്നേക്കു്.

മാത്യു- താൻകൊണ്ടെ കേസ്സുകൊടുക്കെടോ.

നമ്പൂ- ഞാൻ കേസ്സൊന്നു കൊടുക്കാൻപോകയാ നിങ്ങള്ളു
ടെ പള്ളീൽ അച്ചന്റയടുക്കൽ. മേടിച്ചാൽ കൊടു
ക്കണ്ടോന്നു് അങ്ങേരു പഠിപ്പിച്ചിട്ടുണ്ടോന്നറിയണം.

മാത്യു- (പൂർവ്വാധികം രോഷാകുലനായി) തനിക്കൊന്നു പോ
കാമോ

നമ്പൂ- പോയില്ലെങ്കിൽ?

മാത്യു- തന്റെ ഈ പൂണൂലുണ്ടല്ലോ അതു വലിച്ചുപൊട്ടി
ച്ചു ഞാൻ പട്ടിയുടെ കഴുത്തിൽ കെട്ടും.

നമ്പൂ- അത്രയേയുള്ളോ? എന്നാലതു നിന്റെ കഴുത്തോത്ത
ന്നെ കെട്ടിയാ മതിയല്ലൊ.

മാത്യു- എന്തു പറഞ്ഞെടോ ഞാൻ പട്ടിയാണെന്നോ.

നമ്പൂ- തിണ്ണമിടുക്കു കാണിക്കുന്നവൻ പിന്നാരാ?

മാത്യു- (നമ്പൂതിരിയുടെ കഴുത്തിനു പിടിക്കാനായുന്നു. അ
യാൾ പിന്നോക്കം മാറുന്നു) എന്തുപറഞ്ഞെടോ.

നമ്പൂ- ഛരായ്, അരുതരുതു്. നമ്മുടെ ബ്രാഹ്മണ്യത്തെ അ
വഹേളിച്ചുകൂടാ.

കുഞ്ഞു- (പെട്ടെന്നു പ്രവേശിച്ചു്) നേരാ നേരാ. എന്താണ

മാത്തുക്കുട്ടീ വിവരമില്ലായ്മകൊണ്ട് കാണിക്കുന്നെ. (പിടിച്ചുമാററുന്നു)

നമ്പൂ- കുഞ്ഞുബറീദല്ലേ? ഇന്നാള്ള ബായിപ്പമേടിച്ച മൂന്നുരുപ്യ ഇങ്ങു തരാനുണ്ടോ?

കുഞ്ഞു- ഇല്ലല്ലോ തിരുമേനീ. അതു വായ്പയാരുന്നോ? ഞാനോത്തല്ലോ കുഞ്ഞുവറീതിനു വെള്ളംകുടിക്കാൻ തന്നതാണെന്നു്.

നമ്പൂ- നല്ല ശിക്ഷയായി. ഉണ്ണിക്ക മരുന്നുമേടിക്കാൻ കാശില്ല്യാതിരിക്കുമ്പോഴല്ല്യോ.

മാത്യ- എന്നിട്ടാളിനെക്കണ്ടാലെങ്ങാണ്ടു വലിയ മനസ്സുളേതാണെന്നാണല്ലൊ ഭാവം.

കുഞ്ഞു- എന്നിട്ട തിരുമേനീ നമുക്കു കൊഞ്ചം കാശു വരാനുണ്ടല്ലൊ.

നമ്പൂ- (സജിജ്ഞാസം) ഏതു്?

കുഞ്ഞു- ഇന്നാള്ള മരുന്നു വാങ്ങിച്ചവക.

നമ്പൂ- കേട്ടോ കുഞ്ഞുബറീദേ, നമുക്കീ ചാക്കോമാപ്ലേൻെറ കൈയീന്നു മൂന്നുറു രുപ്യ ബരാനുണ്ടു്, ഒന്നു വാങ്ങിച്ചു തരാമോ?

കുഞ്ഞു- പിന്നെന്താ.

നമ്പൂ- എന്നാലേ നമുക്കു ബരാനുള്ള മൂന്നു രുപ്യ തരണ്ട, മരുന്നുബെലയെല്ലാം നോം തരാം ട്ടോ.

കുഞ്ഞു- ശരി അങ്ങനെതന്നെ.

നമ്പൂ- എന്നാൽ നോം ഇറങ്ങട്ടെ. പിന്നെ കേട്ടോ പയ്യൻ (മാത്യവിനോടു്) ചെറുപ്പത്തിലേ ബ്രഹ്മശാപമൊന്നും ബെരുത്തിബെക്കല്ലെ. കളത്രഭാഗ്യമുണ്ടാവ്വല്ല ട്ടോ. (പോകുന്നു)

(ചാക്കോച്ചൻ പ്രവേശിക്കുന്നു. കുഞ്ഞുവറീതും മാത്യവും ആദരപൂർവ്വം ഒരു ഭാഗത്തു മാറിനിൽക്കുന്നു)

ചാക്കോ- ങാ! എപ്പവന്നു കുഞ്ഞുവറീതേ! ഇരിക്കിൻ (രണ്ടുപേരും ഇരിക്കുന്നു. ചാക്കോച്ചൻ ചാരുകസാലയിലുപവിഷ്ടനായി രണ്ടാംമുണ്ടു മടക്കി വീശിക്കൊണ്ടിരിക്കുന്നു.) അതാരാ ഇപ്പോഴങ്ങോട്ടു കടന്നല്ലോ?

കുഞ്ഞു- ആ ഇരട്ടത്തലയൻ നമ്പൂരിയല്ലേ. ഏതായാല്യം ആ വയ്യാവേലിയ ഞങ്ങൾ പറഞ്ഞയച്ച.

ചാക്കോ. കേട്ടോ കുഞ്ഞുവറീതേ, ഇവനൊക്കെ ഒരു ചുക്കും തിരിയാത്തതാണത്ഭുതം. ബാങ്കിലെങ്ങാണ്ട പണം നിക്ഷേപിച്ചതിനിപ്പം ഞാനെന്നാവേണം. അതു ലിക്വിഡേഷനിലായി. ഇനി അധികാരികൾ മുറപ്രകാരം കാര്യം നടത്തും. പിന്നെന്തിനാ കാലത്തും വൈകിട്ടും ഇങ്ങോട്ട കാശിനു വരുന്നതു്!

കുഞ്ഞു– അതല്ലേ ഞാനുമോക്കുന്നതു്. നമുക്കീ പടിക്കലൊരു ബോർഡെഴുതി വയ്ക്കണം. ബാങ്കിലിട്ട പണത്തിനൊന്നും ചാക്കോച്ചനുത്തരവാദിത്വമില്ലെന്നു്.

മാത്യു– അവനിട്ടല്ല. ആ ആഭാസൻ കാക്കായ്ക്കിട്ടാണു രണ്ട കൊടുക്കേണ്ടതു്.

കുഞ്ഞു– അതൊക്കെ മാത്തുക്കുട്ടി പററിക്കും.

ചാക്കോ– അവൻെറ ചെവിക്കല്ലടിച്ചു പൊട്ടിച്ചേതരു്. ഞാൻ സമാധാനം പറഞ്ഞോളാം.

കുഞ്ഞു– നമുക്കാപഞ്ഞ കാക്കായെ ഒന്നുപിടിക്കണം. മാത്തുക്കുട്ടി.

മാത്യു– ആട്ടെ ശ്രമിച്ചുനോക്കാം.

കുഞ്ഞു– അപ്പോഴേ ചാക്കോച്ചാ ഞങ്ങളിങ്ങോട്ടിറങ്ങിയതേ ഇന്നാളപറഞ്ഞ കാര്യത്തിനാ.

ചാക്കോ– ഏതു് കല്യാണക്കാര്യമോ എൻെറ കൈയ്യിൽ ഒരു പൈസാ ഇല്ലാതിരിക്കുകയാണല്ലോ.

കുഞ്ഞു- അതൊന്നുംവേണ്ട ചാക്കോച്ചൻ ഒരുവാക്കുപറഞ്ഞാൽ മതിയെന്നാ മാത്തുക്കുട്ടി പറയുന്നതു്.

ചാക്കോ– എന്നാൽ പ്രയാസമൊന്നുമില്ല. നമുക്കുടനെ നടത്താം. പക്ഷേ എനിക്കിപ്പോൾ കുറച്ചു പണത്തിനാവശ്യമുണ്ടു്.

കുഞ്ഞു– ചാക്കോച്ചൻ അത്ര ഞെരുക്കത്തിലാണെന്നു കരുതിയില്ല.

ചാക്കോ- പണത്തിനുള്ള ഇനങ്ങൾ ധാരാളമുണ്ടു്. ബാങ്കിനു മൊറട്ടോറിയമനുവദിപ്പിക്കാൻ കുറച്ചു പണം ചെലവായി. പിന്നെ ഡിപ്പോസിററുകാർവന്നു ശല്യപ്പെടുത്താതിരിക്കാൻ ഞാൻ ബാംഗ്ളൂരിൽപ്പോയി താമസിച്ചു. നല്ല ഈടിൻപടിയുള്ള ചില കടങ്ങൾ ഞാൻ എൻെറപേരിൽത്തന്നെ മേയിഡോവർ എഴുതിക്കുക

യും ചെയ്തു. അതിൽ ഏതാണ്ടൊക്കെ വിധിയായിട്ടുണ്ട്. അതൊക്കെ ഒന്നു നടത്തിഎടുക്കണം ഇതൊക്കെ സ്ത്രീക്രൂട്ടാണ്. പിന്നെ കുഞ്ഞുവറീതിനോടായതുകൊണ്ടു പറയുകയാ.

കുഞ്ഞു— മാത്തുക്കുട്ടിയുടെ കൈവശം കുറച്ചു കാശിനുള്ള ഇനമൊക്കെയുണ്ട്.

ചാക്കോ— ആറുമാസത്തിനകം ഞാൻ പണം തിരിച്ചുകൊടുക്കാം.

കുഞ്ഞു— എന്തുപറയുന്നു മാത്തുക്കുട്ടി.

മാത്തു— (ആലോചിച്ച്) ഒരാഴ്ചക്കകം വിവരം പറയാം,

ചാക്കോ— അതുമതി ലാലിക്കുട്ടീ!

ലാലി— (അകത്തുനിന്ന്) എന്തോ

ചാക്കോ— കൂൾഡ്റിംക്സുവല്ലതും കൊണ്ടുവാ.

കുഞ്ഞു— വേണ്ടാ. ഞങ്ങളിപ്പോൾ അതെല്ലാം കഴിച്ചതാ.

ചാക്കോ— ഇവിടുന്നോ.

കുഞ്ഞു— അല്ലല്ല. ബസ്സ്റ്റാൻഡീന്ന്.

(ലാലിക്കുട്ടി ഒരു ചായത്തട്ടത്തിൽ പാനീയവുമായി പ്രവേശിക്കുന്നു. കുഞ്ഞുവറീതു മാത്യുവിൻെറ ചെവിയിൽ രഹസ്യം പറയുന്നു)

(കർട്ടൻ)

## രംഗം 8

(എവറെഡി തൊമ്മൻെറ പുതിയവ്യാപാരശാല "ജോ ജ്ജ് ആൻഡ് തൊമ്മൻ, ആമം ശവപ്പെട്ടിവ്യാപാരം'' എന്നെഴുതിയിട്ടുള്ള ഒരു പരസ്യപ്പലക കാണാം. ഒരുഭാഗത്തു ഏതാനുംശവപ്പെട്ടികൾ അടുക്കിവച്ചിരിക്കുന്നു.(ശവപ്പെട്ടിയുടെ ഒരുവശംമാത്രം പ്രത്യക്ഷപ്പെടത്തക്കരീതിയിൽ രംഗസജ്ജീകരണങ്ങൾചെയ്താൽ മതി.) മറേറവശത്തു ഒരു തുളച്ച തെങ്ങുംതടിയുണ്ട്. ഏതാനും വർണ്ണക്കടലാസ്സുകൾ അവിടവിടെ തൂക്കിയിട്ടിരിക്കുന്നു. കർട്ടൻ ഉയരുമ്പോൾ തൊമ്മൻ മുട്ടുകുത്തിനിന്നു കൂപ്പുകൈയ്യോടെ പ്രാത്ഥിക്കുന്നതു കാണാം.)

തൊമ്മൻ— കത്താവെ!നിൻതിരുനാമം
കീത്തിക്കുന്നീത്തൊമ്മൻ,
പെട്ടികളൊന്നുംചെലവില്ല
പട്ടിണിയായിഞങ്ങൾ
മരണംഞങ്ങടെനാട്ടുകളിൽ
വരണേ—യിനിമേ—ലെന്നും—
ഞങ്ങടെപെട്ടികൾചെലവാകാ—
നങ്ങുകനിഞ്ഞരുളേണേ.

(കണ്ണടച്ചു ധ്യാനിച്ചുകൊണ്ടു്) എൻെറ കത്താവെ! ഇന്നൊരു പെട്ടി ചെലവാകണേ. ഞങ്ങളുടെ ബിസിനസ്സിനു നല്ല ലാഭം കിട്ടണമേ. ഇന്നൊരു പെട്ടി ചിലവായാൽ ഒരുകൂട്ട തിരി തീർച്ചയായും കത്തിച്ചേക്കാമേ. ദൈവമേ എനിക്കും മറിയക്കുട്ടിക്കും ജോർജ്ജുകുട്ടി

ക്കുമൊഴിച്ചു നാട്ടിലെല്ലാവക്കും സുഖക്കേട്ട വരുത്തേണേ. ധാരാളം കുത്തുംവെട്ടും നടക്കുവാൻ തിരുമനസ്സാകണമേ ബസ്സിൻെറ സ്റ്റീയറിംഗ് റോഡുരിപ്പോകുകയും ബ്രേക്കില്ലാതാകയും ചെയ്യാൻ ഇടയാക്കണേ. പഴഞ്ചൻവണ്ടികൾ നല്ലതാണെന്നുപറഞ്ഞു പെർമിററുകൊടുക്കുവാൻ ട്രാഫിക്കധികാരികളെ തോന്നിക്കണമേ.

(ജോർജ് മദ്യോന്മത്തനായി ആടിയുലഞ്ഞു പ്രവേശിക്കുന്നു)

ജോ– ഹ ഹഹാ!— അതുമാത്രം ഫലിച്ചു. ആ ചെട്ടികാട്ടവളവിലാണ്ടെ ബസ്സു മറിഞ്ഞുകിടക്കുന്നു,

തൊമ്മൻ (സന്തുഷ്ടനായി പിടഞ്ഞെഴുന്നേററ്) നേരോ എത്രപേരു മരിച്ചു.

ജോ– അതാണു കഷ്ടം. ഒററയൊരുത്തൻ ചാകണ്ണമല്ലോ.

തൊമ്മൻ– നാശമെ! ഈ മരണം ഇപ്പോൾ പണിമുടക്കിയിരിക്കയൊണോ?

ജോ– അതല്ലളിയാകുഴപ്പം! ഈ സോഷ്യൽ സവ്വീസുകാരെന്നുംപറഞ്ഞൊരു കൂട്ടരു ഓടിവന്നു വണ്ടിവലിച്ചു പൊക്കി എല്ലാത്തിനേം ആശുപത്രിയിൽക്കൊണ്ടുപോയി.

തൊമ്മൻ– ആ ഡ്റൈവറെങ്കിലും തുലഞ്ഞില്ലേ?

ജോ– ഡ്റൈവർ, കണ്ടക്ടർ, പോർട്ടർ, ചെക്കർ ഈ നാലുദ്യോഗസ്ഥന്മാരും എങ്ങോട്ടുപോയെന്നറിഞ്ഞില്ല. മഷിയിട്ടുനോക്കിയിട്ടും കാണാനില്ലെന്നറിയാം.

തൊമ്മൻ– നാശമായല്ലോ. ആട്ടെ ഓർഡർ വല്ലതും കിട്ടിയോ അളിയാ.

ജോ– ഇല്ലെന്നേ ആ കോളറാമാത്തൻപോലും രക്ഷപ്പെട്ടു.

തൊമ്മൻ– ആ ക്ഷയരോഗി പത്മനാഭൻനായരോ?

ജോ. ചത്തില്ലെന്നേ! അല്ലേലും അവരു പെട്ടിമേടിക്കത്തില്ല.

തൊമ്മൻ– അട്ടക്കുളമാമ്മിച്ചേടത്തിയോ?

ജോ– അവരെ ആരാണ്ടെല്ലാംകൂടെ പണപ്പിരിവു നടത്തി ആശുപത്രിയിലോട്ടു കെട്ടിയെടുത്തു.

തൊമ്മൻ– മുടിഞ്ഞുപോകാനോരോത്തൻെറ പകനോക്കണേ! ബാക്കിയുള്ളോരുടെ ബിസ്സിനസ്സു പൊട്ടിക്കാനുള്ള പണി. കേട്ടോ അളിയാ ധാരാളം ചെലവുകിട്ടുമെന്നുകരുതിയല്ലേ, നമ്മളിതിനു് കാശുമുടക്കിയതു്. വേറേ

ഈ അടുത്ത നാട്ടിലെങ്ങാനും ശവപ്പെട്ടിക്കടയുണ്ടോ എന്നിട്ട ചെലവില്ലാതിരിക്കുന്നകണ്ടോ.

ജോ– ഞാനാശ്ശുപത്രിയിലോട്ടൊന്നു ചെല്ലട്ടെ. ബസ്സു മറിഞ്ഞകൂട്ടത്തിൽ വല്ലോന്നും തുലഞ്ഞോന്നു്.

തൊമ്മൻ– വേഗംചെല്ല്. ചാകുന്നേനമുമ്പെ പെട്ടിവാങ്ങിച്ചാൽ 25 ശതമാനം വിലകുറച്ചു കൊടുക്കുമെന്നു പറയണം. തൊമ്മനെവരെഡിയാ

ജോ– അതു പറയാം; നമ്മുടെ ചെലവിൽ സ്ഥലത്തെത്തിച്ചുകൊടുക്കയുംവേണം.

തൊമ്മൻ- അതുപിന്നെ പറയാനുണ്ടോ തൊമ്മനെവരെഡിയാ (ജോർജ് പോകുന്നു)

(തൊമ്മൻ ഒരു ലിസ്റ്റെടുത്തു പരിശോധിക്കുന്നു, സമീപസ്ഥലങ്ങളിൽ രോഗാതുരരായി കിടക്കുന്നവരുടെ പേരുകൾ വായിച്ച് ആലോചനാപൂർവ്വം ചില നിഗമനങ്ങളിലേക്കു നീങ്ങുന്നു.)

തൊ- അവിട്ടശ്ശേരിൽഅവറാൻഉതുപ്പാൻ54വയസ്സ് ന്യൂമോണിയ. ആശ്ശുപത്രിയിൽ. ചാകുന്നലക്ഷണമില്ല. വേലൃക്കാരൻ. മാണിമറിയ32വയസ്സ്. പനി കണിയാൻെറകഷായം. ചിലപ്പോൾതുലഞ്ഞേക്കും. തടിവെട്ടുകാരൻതോമ്മാ 42വയസ്സ് തലപൊട്ടി. കാലൊടിഞ്ഞു--ശെടാ എന്നിട്ടും അവൻ ചത്തില്ലല്ലോ. (മറിയക്കുട്ടി പ്രവേശിക്കുന്നു ശോകാസങ്കുലമായ പകച്ചനോട്ടം)

തൊമ്മൻ– (സന്തോഷഭരിതനായി അനിയന്ത്രിതമായ ശൃംഗാരലാസ്യത്തോടെ) ആരു്. എൻെറ തങ്കമേ! ഓമനേ! വന്നേ! വന്നേ! ഇവിടെ ഞാൻ തന്നെയുള്ളൂന്നു നീ എങ്ങനെയറിഞ്ഞെടീകൊച്ചുകള്ളീ.

മറി– (പരിഭ്രമത്തോടെ) കുഞ്ഞിച്ചായനിവിടില്ലേ.

തൊമ്മൻ– ഇല്ലെടീതങ്കം! കള്ളീ ഞാനുണ്ടല്ലോ. എവരെഡിതൊമ്മൻ പിന്നാരുവേണം.

മറി- അമ്മയ്ക്കു പനിയാ വളരെ കൂടുതലാരുന്നു. കുഞ്ഞിച്ചായനെ കാണണമെന്നു പറഞ്ഞു.

തൊമ്മൻ- ങേ! പനിയാണോ (കടലാസെടുത്തു്) എന്നാലതിനെ ലിസ്റ്റിൽ ചേർത്തേക്കാം. തൊമ്മനെവരെഡിയാ വീട്ടുപേരും---ങാ! പറ---

BANGALORE. 19885

മറി– (സസംഭ്രമം ചുററുപാടും വീക്ഷിച്ചിട്ട് വെറുപ്പോടെ) എന്തിനു്?

തൊമ്മൻ– അതുകൊള്ളാം. തങ്കത്തിനറിയത്തില്ലേ ഇതു നമ്മുടെ ബിസ്സിനസല്ലേ ഈ ബോർഡുനോക്ക് ഇവിടങ്ങളിൽ സുഖക്കേടുള്ളവരുടെയൊക്കെ ലിസ്റ്റെടുത്തുസൂക്ഷിക്കുക. എന്നിട്ട് അവിടെച്ചെന്നു് ഓർഡർ പിടിക്കും ങാ! പറഞ്ഞോവയസ്സ്. സുഖക്കേട് ആരുടെ ചികിത്സഎന്ന് (മറിയക്കുട്ടി പെട്ടെന്നു പോകാൻഭാവിക്കുന്നു തൊമ്മൻ എഴുന്നേററുചെന്നു് അവളെ തടഞ്ഞുനിത്തുന്നു!)

തൊമ്മൻ– ങാ! അതുപററത്തില്ല. ഓമന ആദ്യമായിട്ടു കടയിൽ വന്നതല്ലേ നമ്മുടെ കല്യണമുറച്ചിരിക്കുന്നതുകൊണ്ടുള്ള നാണമായിരിക്കും. അതൊന്നും സാരമില്ല, ഇപ്പോഴിങ്ങനെവല്ലോമുണ്ടോ. വന്നേ!തങ്കത്തിനെന്നാവേണം, കാപ്പിയോ, ചായയോ, കൂൾഡ്റിംക്സോ.

മറി– (നൈരാശ്യവും വേദനയും സ്ഫുരിക്കുന്ന സ്വരത്തിൽ) എൻെറദൈവമേ!

തൊമ്മൻ– ഓ വെറുതെയാ ഈ ദൈവത്തിനെ വിളിക്കുന്നെ. ഞാനിതുവരെ പ്രാത്ഥിക്കുകയാരുന്നു എന്നിട്ടൊരു പെട്ടി ചെലവായില്ല. ദൈവത്തിനുമുണ്ടെന്നേ കളിപ്പീരുപണി.

(മറിയക്കുട്ടി പോകാൻഭാവിക്കുന്നു തൊമ്മൻ അവളുടെ കൈയ്യുപിടിക്കാനായുന്നു)

മറി– (ആവുന്നത്ര ഗാംഭീര്യം സംഭരിച്ചുകൊണ്ടു്) ഫ! മാറിനില്ക്കു. തൊട്ടുപോകരുതെന്നെ

തൊമ്മൻ– ങേ! (തെല്ലൊന്നു പകച്ചുനിന്നിട്ട്) കല്യാണം താമസിപ്പിക്കുന്നതുകൊണ്ടുള്ള പിണക്കമാണോ അതു നമുക്കു വരുന്നമാസത്തിൽതന്നെ നടത്താം. തേ! ജോർജുകുട്ടിക്കു തൊമ്മൻ ത്രൂഭാ അഞ്ഞൂറാകൊട്ടത്തിരിക്കുന്ന അഞ്ഞൂറു്

മറി– അമ്മ തന്നേയുള്ളു എനിക്കു പോകണം,

തൊമ്മൻ– ഞാൻ തന്നേയുള്ളു ഓമന ഇപ്പോൾ പോകരുതു് (മറിയക്കുട്ടി മുമ്പോട്ടു അതിവേഗം നടന്നുപോകാനായുന്നു. തൊമ്മൻ അവളുടെ ഇടത്തുകയ്യിൽപിടിച്ചുന

റുത്തുന്നു. അവൾ പൊട്ടിക്കരയുന്നു ഉയത്തിപ്പിടിച്ച കഠാരിയുമായി അസനാരുകാക്കാ പ്രവേശിക്കുന്നു. തലയിലിരിക്കുന്ന കാലിപ്പാട്ടയും ചാക്കും താഴെവയ്ക്കുന്നു.

അസ- ഛരീ! പന്നീൻെറമോനെ! ബിടടാ ആ പെങ്കൊച്ചിനെ

തൊമ്മൻ- കാക്കാ ഇതു ഞങ്ങടെ സ്വന്തംകാര്യം.

അസ- നിൻെറ സ്വന്തം കാര്യം അറാംപിറന്നവനെ (ഇടതു കൈകൊണ്ടു തൊമ്മൻെറ കഴുത്തിനു പിടിക്കുന്നു. അയാൾ മറിയക്കുട്ടിയുടെ കൈയ്യിൽനിന്നു പിടിവിടുന്നു. അവൾ കൃതജ്ഞതാഭരിതയായി കാക്കായെ വീക്ഷിക്കുന്നു) മോളുപൊയ്ക്കോ മോളെ ഈ പഹയനോടു ഞമ്മ ശോദിച്ചോളാം (മറിയക്കുട്ടി പോകുന്നു)

തൊമ്മൻ- (ഭയസംഭ്രമാകുലനായി) കാക്കാ വിടുകാക്കാ! രണ്ടു ശവപ്പെട്ടി തന്നേക്കാം. മറുവിലയ്ക്കുകൊടുത്താൽ അമ്പതുരൂപാകിട്ടും,

അസ- ഒന്നുമതിയെടാ; ഇബ്ലിലീസേ! നിന്നെ മയ്യത്താക്കി അതിനുള്ളിൽ വച്ചിട്ടേ പോവുന്നുള്ളു. (കഠാരി വീണ്ടും ഉയത്തുന്നു)

തൊമ്മൻ- കാക്കാ ദൈവത്തെഓത്ത്

അസ- പീപ്പന്നിമാടാ ആ പെങ്കൊച്ചിനെ നീ ബെജറാക്കിയപ്പം പടച്ചോനെയോത്തോടാ

തൊമ്മൻ- അവൾ--എൻെറ

അസ- അവൾ നിൻെറ

തൊമ്മൻ- ഭാ--ര്യാ--തൊമ്മനെവരെഡിയാ

(കാക്കാ അയാളുടെ കഴുത്തിൽനിന്നു പിടിവിട്ടു വയിററത്ത് ആഞ്ഞിടിക്കുന്നു, തൊമ്മൻ വയററിൽ അമത്തിപ്പിടിച്ചു താണിരിക്കുന്നു കാക്ക ഒരു കൈയ്യിൽ കഠാര ഉയത്തിപ്പിടിച്ച് മറേറക്കൈയിലെ ചൂണ്ടുവിരൽ കൊണ്ടു അത്യുഗ്രവും അപ്രതിരോധ്യവുമായ ചില നിർദ്ദേശങ്ങൾ നല്കുന്നു.)

അസ- എണീക്കെടാ! തെമ്മാടീ

(തൊമ്മൻ ദയനീയമായി അനുസരിക്കുന്നു)

അസ- (തുളച്ച തെങ്ങുംതടിചൂണ്ടിക്കാണിച്ചിട്ട്) ഇതെന്നതാടാ

തൊമ്മൻ- ആമം

അസ- ഇതെന്തിനാ?

തൊമ്മൻ- വില്ക്കാനാ, കാക്കാമ്മുവേണോ

അസ- എനിയ്ക്കല്ലെടാ നായിൻെറമോനെ നിനക്കാംനാവശ്യം

തൊമ്മൻ- (ഭയപ്പെട്ട് അല്പം പിന്നോക്കംമാറി) തൊമ്മനെവരെഡിയാ

അസ- ഇവിടെവാ! (തെങ്ങിൻതടിയുടെ തുള ചൂണ്ടിക്കാണിച്ച്) ഇടെടാ കാലിവിടെ (തൊമ്മൻ മനസ്സില്ല. മനസ്സോടെ അനുസരിക്കുന്നു കാക്കാ ആണിയടിച്ചു ബലപ്പെടുത്തിയിട്ട കഠാരി എളിയിൽ തിരുകുന്നു. ചാക്കുകെട്ടും പാട്ടയുമെടുത്തു പോകാനൊരുങ്ങി തിരിഞ്ഞു നിന്നിട്ട്) അറാപിറന്നവനെ അവിടെ നില്ല് (പോകുന്നു)

(കർട്ടൻ)

## രംഗം 9

(അന്നച്ചേടത്തിയുടെവീട്ട് അകത്തുനിന്നു ചെമ്പിൽത്ത ല്ലുന്നതുപോലുള്ള ചുമയും ചില ദീനസ്വരങ്ങളും കേൾക്കാം മറിയക്കുട്ടി ഒരു പഴയ പുതപ്പു തുന്നിത്തയിച്ചുകൊണ്ടിരി ക്കുന്നു ജോർജ് പ്രവേശിക്കുന്നു)

മറി– (പിടഞ്ഞെഴുന്നേററിട്ട്) ആരു് കുഞ്ഞിച്ചായനോ അമ്മ ഇപ്പോഴും ചോദിച്ചു

ജോ– (സഗൗരവം) അതിനുമുൻപു ഞാനൊന്നു പറയട്ടെ

മറി– എന്നതാ

ജോ– തിങ്കളാഴ്ച നിന്റെ കല്യാണമാ

മറി– (ഞെട്ടിയിട്ട്) എന്നാരുപറഞ്ഞു

ജോ– ഞാൻപറഞ്ഞു അതു തീരുമാനിച്ചുകഴിഞ്ഞു

മറി– അമ്മ സുഖമില്ലാതെകിടക്കുമ്പോൾ?--

ജോ– മകളുടെ കല്യാണംനടക്കണം

മറി– കുഞ്ഞിച്ചായൻ കളിപറയാതെ അമ്മയുടെ അടുക്ക ലേക്കു ചെന്നേ

ജോ ഞാൻ കാര്യമായിപ്പറയുന്നു നിനക്ക് എല്ലാംകളി യാണു് ഇനി ഞാൻ അങ്ങനെ കളിക്കാൻ തീരുമാ നിച്ചിട്ടില്ല ബാങ്കിൽക്കിടക്കുന്ന രൂപാ എടുത്തുതരണം കല്യാണം കെങ്കേമമായി നടത്തണം

മറി– ബാങ്ക് ലിക്വിഡേഷനിലായിപ്പോയതു കുഞ്ഞിച്ചായനറി ഞ്ഞില്ലേ?

ജോ- ലിക്വിഡേഷനും മാങ്ങാത്തൊലിയും നീ ആ രൂപാഏട്ടുത്തുതരണം അപ്പൻ നിൻെറപേരിലല്ലേ നിക്ഷേപിച്ചിരിക്കുന്നതു് മകനെ വിശ്വാസമില്ലാത്തഅപ്പൻ

അന്ന- (അകത്തുനിന്നും വേദനാപൂർവ്വം) മകനേ!——

മറി- അമ്മവിളിക്കുന്നു കുഞ്ഞിച്ചായാ ഒന്നിങ്ങോട്ടു വന്നേ
(അകത്തേക്കു പോകുന്നു)

ജോ- (അവജ്ഞാപൂർവ്വകമായ കോപാവേശത്തോടെ) അമ്മ വിളിക്കുന്നു! അമ്മ! അപ്പനു വിശ്വാസമില്ലാത്ത മകനെ അമ്മയ്ക്കുവേണം കിടക്കയിൽനിന്നു പൊങ്ങുകേലന്നായപ്പോൾ ഞാനെത്രതവണ കെഞ്ചൊതെകെഞ്ചി ആ രൂപാ ഒന്നെടുത്തുതരാൻ അതു മകൾക്കവേണ്ടിസമ്പാദിച്ചു എന്നിട്ടു കണ്ടില്ലേ ഉണ്ടതു്. നേരുംനെറിയുംമററ ബാങ്കുമുതലാളിമാർ എല്ലാം തട്ടിയെടുത്തു
(ലാലിക്കുട്ടി പ്രവേശിക്കുന്നു)

ജോ- (അവളെ സൂക്ഷിച്ചുനോക്കിയിട്ടു്) ആ ബംഗ്ലാവിലെ പെണ്ണല്ലെ?

ലാലി- അതെ; അതിനെന്താ?

ജോ- നീ എന്തിനു വന്നതാ?

ലാലി- അന്നച്ചേട്ടത്തിയെ ഒന്നു കാണാൻ.

ജോ- എന്നാൽപിന്നെ നിനക്കെന്നെയൊന്നു കണ്ടുകൂടെ?

ലാലി- കാണാം,

ജോ- (നീണ്ടുനിവർന്നു നേരേ നിൽക്കുന്നു) എന്നാൽ കാണു്.

ലാലി- ജോർജ്ജുചേട്ടനു സുഖക്കേടൊന്നുമില്ലല്ലൊ.

ജോ- അപ്പോൾ സുഖക്കേടുള്ളവരെമാത്രമേ കാണത്തുള്ളോ? എന്നാൽ ഞാനും സുഖക്കേടായിട്ടു കിടക്കാം.

ലാലി- അന്നച്ചേട്ടത്തിക്കെങ്ങനെയിരിക്കുന്നു?

ജോ- അതൊന്നും എന്നോടു ചോദിക്കരുതു്. ബിസിനസ്സു സംബന്ധമായിട്ടു വല്ലതും ചോദിച്ചോ.
(ലാലിക്കുട്ടി അകത്തേയ്ക്കു പോകുന്നു)

ജോ- ഈ പെണ്ണിൻെറ പ്രേമത്തിനുവേണ്ടിയല്ലേ തൊമ്മൻ സത്യാഗ്രഹം നടത്തിയതു്. അമ്പടീ അവളൊരു സുന്ദരിക്കോത.
(അകത്തു് അവ്യക്തമായ വിലാപവും ചുമയും)

മറി- (സംഭ്രമാകുലയായി പ്രവേശിച്ച്) കുഞ്ഞിച്ചായാ ഒരു കാറു വിളിച്ചോണ്ടുവന്നെ. അമ്മയ്ക്കു വളരെ കൂടുതലാ. നമുക്കാശുപത്രിയിൽ കൊണ്ടുപോകാം.

ജോ- ആ മുതലാളിപ്പെണ്ണെന്ത്യേ?

മറി- ഇവിടെയുണ്ട്; എന്റെ കുഞ്ഞിച്ചായാ ഒന്നെളുപ്പം ചെന്നേ.

ജോ- രൂപായെവിടാ?

മറി- രൂപാ! (പൊട്ടിക്കരഞ്ഞിട്ടു തന്റെ കണ്ണാഭരണങ്ങൾ അടത്തിയെടുത്തു കൊടുത്തിട്ട്) ഇതാ ഒന്നു വേഗം ചെല്ല്; നമ്മുടെ അമ്മ-

ജോ- (അതു വാങ്ങിച്ച് ചൂണ്ടുവിരൽ ചലിപ്പിച്ചുകൊണ്ട് എന്തോ കണക്കു കൂട്ടിയിട്ട് ഉദാസീനഭാവത്തിൽ) നമ്മുടെ അമ്മ- നിന്റെ അമ്മ അധികം എന്റെ അമ്മ സമം നമ്മുടെ അമ്മ; (പോകുന്നു. അകത്തുനിന്നു വീണ്ടും ചുമ. മറിയക്കുട്ടി നിഷ്ക്രമിക്കുന്നു. മാത്യു പ്രവേശിക്കുന്നു, ചുററും പതറിനോക്കുന്നു)

മാത്യു- (ആരോമടന്നില്ലാതെ) ഇവിടെയാരുമില്ലേ?

മറി- (വാതുക്കൽവന്നു തെല്ലു സങ്കോചത്തോടെ) ഉണ്ട്,

മാത്യു- ആ ബംഗ്ലാവിലെ ലാലിക്കുട്ടി ഇങ്ങോട്ടു വന്നോ?

മറി- വന്നു.

മാത്യു- എനിക്കൊന്നു കാണണമെന്നു പറയൂ.

(മറിയക്കുട്ടി പിൻവാങ്ങുന്നു- ലാലി വരുന്നു)

മാത്യു- എങ്കിലും ലാലിക്കുട്ടി ഈ ചതിവു ചെയ്തല്ലൊ.

ലാലി- ഒക്കെ പിന്നെപ്പറയാം. വേഗം ചെന്നൊരു കാറുവിളിച്ചോണ്ടുവരൂ. ജോർജ്ജുചേട്ടനങ്ങോട്ടു പോയിട്ടുണ്ട്. ഉടനെ വേണം.

മാത്യു- ലാലിക്കുട്ടിയെ ഞാൻ എവിടെയെല്ലാം തേടിയെന്നറിയാമോ!

ലാലി- ഇനി ഏങ്ങും തേടേണ്ട. കാറുവേണം, വേഗം. (നിഷ്ക്രമിക്കുന്നു. അകത്തു വീണ്ടും കൂട്ടച്ചുമ. മാത്യു വിഷണ്ണനായി പോകാൻ ഭാവിക്കുന്നു. അസനാരുകാക്കാ പ്രവേശിക്കുന്നു.)

അസ- ഹേയ് ഞമ്മടെ കായ് കിട്ടിയില്ലല്ലൊ;

മാത്യു- ഏതു കാശ്?

അസ- അതങ്ങ് മറന്നോ? ഇതാ ഇബ്‌ലീസിൻെറ കളി. ല്ല പ്പഹയൻ കുഞ്ഞുവറീതു തരാനുള്ള വഹ, ങ്ങ്ള് കുട്ടീ യേററിരിക്കുന്നതേ,

മാത്യു- അതയാളോടുചെന്നു വാങ്ങിക്ക്.

അസ- (ഉഗ്രമായി വിരൽ ചൂണ്ടിയിട്ട്) ദേ, അറാംപിറപ്പ ങ്ങു വച്ചേക്കണം. കായ് ബെക്കുന്നോ?

മാത്യു- അഭിമാനമുള്ളവരെ അപമാനിച്ചാലുണ്ടല്ലോ.

അസ- അഭിമാനം! ഒരു പെണ്ണിനെ നിക്കാഹ് ചെയ്യാമെ ന്നു വാക്കുകൊടുത്തിട്ട് സമയത്തു മാറിപ്പോയ നിങ്ങള്ക്കാ അഭിമാനം! ഇബ്‌ലീസിൻെറ കളി.

മാത്യു- തനിക്കു നഷ്ടമൊന്നുമില്ലല്ലൊ,

അസ- ഞമ്മടെ കയ്യിൻെറ തഴമ്പ് ങ്ങ്ളറിഞ്ഞിട്ടില്ല്യാ.

മാത്യു- (ക്ഷുഭിതനായി) മര്യാദയ്ക്കു സംസാരിക്കെടോ പിച്ചന്നിത്തടിയാ.

അസ- (മാത്യുവിൻെറ കഴുത്തിനു ചാടി പിടികൂടിയിട്ട്) ഇബിലീസേ! ഹറാംപിറന്നോനെ! നിന്നെ ഞമ്മള് മയ്യത്താക്കുന്നുണ്ട്.

മറി- (പ്രവേശിച്ച്) അരുതേ! പൊന്നുകാക്കാ വഴക്കുണ്ടാക്കരുതെ. അമ്മ തീരെ സുഖമില്ലാതെ കിടക്കുന്നു.

അസ- ഇബിലീസേ! ല്ലപ്പെങ്കൊച്ചു പറഞ്ഞതുകൊണ്ടു നിന്നെ ഞമ്മള് ബിട്ടിരിക്കുന്നു. ഞമ്മടയിഷ്ടേൻെറ പ്രായമാണ്. (വിടുന്നു. മാത്യു കോപതാപങ്ങളോടെ അയാളെ ഒന്നുഗ്രമായി നോക്കിയിട്ടു പോകുന്നു)

മറി- അമ്മയ്ക്കു കൂടുതലാണു കാക്കാ, ആശുപത്രീ കൊണ്ടു പോകണം. കുഞ്ഞിച്ചായൻ കാറു കൊണ്ടുവരാൻ പോയിട്ടുണ്ട്.

അസ- ആരു് ജോർജാ? എന്നിട്ടവൻ ആ കവലയ്ക്കിരുന്നു ശീട്ടുകളിക്കുന്നു. ഉറുപ്യബച്ചുള്ള ഗംഭീരൻ കളി.

മറി- എൻെറ ദൈവമേ! (അമ്പരപ്പോടെ ശൂന്യതയിലേക്കു നോക്കിനിൽക്കുന്നു. കാക്കാ അകത്തേയ്ക്കുപോയി രോഗിണിയെ സന്ദർശിച്ചിട്ടു തിരിച്ചുവരുന്നു.)

അസ- മോളേ മോളൊന്നും ബശമിക്കേണ്ട, ഞമ്മള് തേ ശേട്ടുപൂക്കെന്നു കാറുകൊണ്ടുവരാം.

(കാക്കാ പോകുന്നു, ചാക്കോച്ചൻ പ്രവേശിക്കുന്നു. ഗാംഭീര്യം സ്ഫുരിക്കുന്ന നോട്ടം.)

ചാക്കോ- എവിടെയെടീ പെണ്ണേ നിൻെറ അമ്മ?

മറി- സുഖമില്ലാതെ കിടക്കുകയാ. എൻെറ പൊന്നു മുതലാളീ ആ കാറൊന്നു തന്നേ; അമ്മേനെ ആശുപത്രീക്കൊണ്ടുപോകാൻ,

ചാക്കോ- (സഗൗരവം) എൻെറ കാറു ടാക്സി ഓടാൻ കൊടുക്കത്തില്ല.

മറി- എന്നാലും അത്യാവശ്യത്തിനു്—

ചാക്കോ- അതിലും വലിയ അത്യാവശ്യത്തിനു പോയിരിക്കുകയാ വണ്ടി.

മറി- അതെന്താണു്?

ചാക്കോ- ആമീനദ്ദേഹത്തെയും ഇൻസ്പെക്ടരെയും പോലീസുകാരെയുമൊക്കെ ഇങ്ങോട്ടിറക്കാൻ.

മറി- എന്തിനു്?

ചാക്കോ- (അവജ്ഞാപൂർവ്വം) നീ ഒന്നുമറിഞ്ഞില്ല; ഞാൻ വസ്തു നടത്തിഎടുക്കാൻ വിധി സമ്പാദിച്ചിട്ടുണ്ടു്. നിങ്ങൾ ഉടനെ ഇറങ്ങിത്തരണം.

മറി- ദൈവമേ! എൻെറ അമ്മയ്ക്കു കിടന്നു മരിക്കാനുള്ള മണ്ണുപോലും—!

ചാക്കോ- പെണ്ണേ ഇതിനൊക്കെ നിയമമുണ്ടു്; നിയമം. ബാങ്കിലേയ്ക്കു പണയാധാരം തന്നിട്ടാ നിൻെറ അപ്പനു ചികിത്സയ്ക്കു രൂപാ മേടിച്ചതു്. അതു ഞാൻ ബാങ്കീന്നു മേടിച്ചു. കാലഹരണമാകാമ്പോയതുകൊണ്ടു നമ്പരുകൊടുത്തു. അങ്ങനെ വസ്തുനടത്താൻ വിധിയും സമ്പാദിച്ചു. നിങ്ങൾ ഉടനെ ഇറങ്ങിത്തരണം.

മറി- ഞങ്ങൾ ബാങ്കിൽ നിക്ഷേപിച്ചിരുന്ന പണം തിരികെത്തരാൻ ഒരു നിയമവുമില്ലല്ലോ.

ചാക്കോ- അതൊക്കെ ലിക്വിഡേറ്റർ നോക്കിക്കൊള്ളും. ബാങ്കു വൈൻഡപ്പു ചെയ്തുപോയി.

മറി- (അടക്കാനാവാത്ത അമർഷത്തോടെ) എല്ലാം അറിയുന്ന ദൈവം ഒരിക്കൽ നിങ്ങളെയൊക്കെ വൈൻഡപ്പു ചെയ്യാതിരിക്കില്ല തീർച്ച.

ചാക്കോ- (കോപാകുലനായി) ഛീ! നീ എന്നെ വേദാന്തം പഠിപ്പിക്കുകയാണോ? ഇറങ്ങെടീ തെണ്ടീ! നിൻെറ അമ്മയെവിടെ?- ആ കിഴട്ടുകിളവി. (പുറത്തൊരു കാറിൻെറ ഹോൺ) അതാ ഇൻസ്പെക്ടർ വന്നുകഴിഞ്ഞു.

മറി- ദയവുചെയ്തു അന്ത്യശ്വാസം വലിക്കാറായികിടക്കുന്ന എൻെറ അമ്മയെപ്പററി ഒന്നും പറയരുതു്.

ചാക്കോ- പറഞ്ഞാൽ- - - -? അമ്പടീ, നീയാരാ, ഇത്ര കേറിക്കളിക്കാൻ? നിൻെറയമ്മ കണ്ടമാനം നടന്നുണ്ടായ സമ്പത്തല്ലേ നീ.

മറി- (അകത്തുനിന്നു് ഒരു ചൂലുമായി പ്രത്യക്ഷപ്പെട്ടു് ഉഗ്ര ഗാംഭീര്യത്തോടെ) ഫ! ഇനി അതു ശബ്ദിച്ചാൽ തൻെറ കരിമോന്ത ഞാൻ അടിച്ചു ശരിപ്പെടുത്തും.

അന്ന- (വടിയൂന്നി വേച്ചു നടന്നു ചങ്കു പറിയുന്ന ചുമയുമായി പ്രത്യക്ഷപ്പെടുന്നു. മകളെ കെട്ടിപ്പിടിക്കുന്നു.) വേണ്ടാ മോളേ! - - - അയ്യോ - - - അങ്ങേക്കു് (ചുമ) നമ്മൾ രൂപാ (ചുമ) കൊടുക്കാനുള്ളതാ- - (ചുമ) ഉത്തരിപ്പുകടം - - -

മറി- അയ്യോ അമ്മച്ചി എന്തിനാ എഴന്നേററുവന്നെ, ഹാ! (പൊട്ടിക്കരഞ്ഞുകൊണ്ടു് അന്നച്ചേടത്തിയെ താങ്ങിയെടുക്കുന്നു.)

(പുറത്തു് ഒരു കാറിൻെറ ഡോർ പെട്ടെന്നു തുറന്നടയുന്ന ശബ്ദം. അസനാരുകാക്കാ പ്രവേശിക്കുന്നു)

അസ. മോളേ! ദേ കാറുവന്നു; പോകാം.

(കാക്കായും മറിയക്കുട്ടിയുംകൂടി അന്നച്ചേടത്തിയെ താങ്ങിപ്പിടിച്ചുകൊണ്ടു പോകുന്നു.)

ചാക്കോ- നന്നായി. ഈ ദാരിദ്ര്യവാസികളെയൊക്കെ തല്ലിയിറക്കാതെ കാര്യം നടന്നല്ലോ ആ പെണ്ണിൻെറ ഒരു ഡംഭു്! ആ നരകകാലക്കി കാക്കാ ചെല്ലാത്ത സ്ഥലമില്ലല്ലോ.

## രംഗം 10

(കുഞ്ഞുവറീതിൻെറ വസതി. മരുന്നുകുപ്പികൾ മേശപ്പുറത്തു നിരന്നിരിക്കുന്നു. പലതും കാലിയാണു്. അന്തി മയങ്ങിക്കഴിഞ്ഞു. വിളക്കു കത്തിച്ചിട്ടില്ല. മേശപ്പുറത്തു ഒരു പാട്ടവിളക്കു കാണാം. കുഞ്ഞുവറീതു നടന്നലഞ്ഞു ക്ഷീണിച്ച വേഷത്തിൽ പ്രവേശിക്കുന്നു.)

കുഞ്ഞു- (അകത്തേയ്ക്കു നോക്കി) എടീ - പിന്നേ! - പൂഹോയ്- - ഏയ്- (അകത്തുനിന്നു് ഉത്തരമൊന്നുമില്ല. രംഗത്തേയ്ക്കു തിരിഞ്ഞു്) നാശമേ അവളെ എങ്ങോട്ടു കെട്ടിയെടുത്തു?

(അകത്തുനിന്നു് പരുഷമായ സ്വരം)- ഓ, എന്നെക്കൊണ്ടൊന്നും പറയിക്കരുതു കേട്ടോ.

കുഞ്ഞു- അങ്ഹാ നീയവിടൊണ്ടാരുന്നോ? ഈ വിളക്കെന്താടീ ഒന്നു കത്തിക്കാത്തെ?

സ്വരം- വിളക്കിലെന്നാഒഴിച്ചാ കത്തിക്കുന്നെ?

കുഞ്ഞു- അതു കാര്യമാ. പച്ചവെള്ളമൊഴിച്ചാൽ വിളക്കു കത്തത്തില്ല. വല്ലോരുമിവിടെ മരുന്നിനു വന്നോടീ?

സ്വരം- (കോപിഷ്ടയായി) ഞാൻ കണ്ടില്ല.

കുഞ്ഞു- നീയെന്നാടീ അത്ര കോപിക്കുന്നെ? ഇന്നും പത്തുരൂപാക്കാശിനു വേലയിറക്കീട്ടാ കുഞ്ഞുവറീതു വരുന്നെ, അതിങ്ങോട്ടൊന്നു കിട്ടണ്ടെ. (രംഗത്തേയ്ക്കു തിരിഞ്ഞു്) അല്ല നോക്കണേ! ഇപ്പൊഴൊരു പട്ടിക്കുഞ്ഞൻ പോലും മരുന്നുവാങ്ങിക്കാനും വരുന്നില്ലല്ലൊ.

(എവറെഡിതൊമ്മൻപ്രവേശിക്കുന്നു)

തൊമ്മൻ- കേട്ടോ കുഞ്ഞുവറീതേട്ടാ, കല്യാണത്തിനു വിളിച്ചിരിക്കുന്നു. തിങ്കളാഴ്ച രാവിലെ തൊമ്മൻെറ കല്യാണമാ. താൻ വന്നേക്കണം, തൊമ്മനെവറെഡിയാ.

കുഞ്ഞു- മറിയക്കുട്ടി അവളുടെ അമ്മയേയുംകൊണ്ടു ആശുപത്രിലെങ്ങാണ്ടു പോയിരിക്കയാണല്ലോടാ കൂവേ!

തൊമ്മൻ- അതൊക്കെ സമയത്തിങ്ങു വരും തൊമ്മൻ എവറെഡിയാ.

കുഞ്ഞു- അതു ശരി. എങ്ങനെയിരിക്കുന്നു നിങ്ങടെ ബിസ്സിനസ്സ്?

തൊമ്മൻ- ഒരൊററ പെട്ടിപോലും ചെലവില്ല. മനുഷ്യരൊന്നും ചാകുന്നില്ലെന്നേ.

കുഞ്ഞു- ആക്കും സുഖക്കേടുമില്ലെന്നു തോന്നുന്നു. എനിക്കു മരുന്നുചെലവും തീരെക്കുറവാ.

തൊമ്മൻ- ഹേ, അതൊന്നുമല്ല സുഖക്കേടുകൾ ധാരാളം അവരുടെയൊക്കെ ലിസ്റ്റു ഞങ്ങളെടുത്തു സൂക്ഷിച്ചിട്ടുണ്ടു്, തൊമ്മനെവറെഡിയാ

കുഞ്ഞു- കല്യാണത്തിനു മറിയക്കുട്ടി സമ്മതിച്ചോ

തൊമ്മൻ- അവളുപോയിട്ടു് അവടെ ആങ്ങള ആ ജേ ങ്കരൻ ജോർജ്ജുകുട്ടി സമ്മതിച്ചല്ലൊ

കുഞ്ഞു- അതുമതിയൊ പെണ്ണുകൂടെ സമ്മതിക്കണ്ടെ

തൊമ്മൻ- സമ്മതിച്ചില്ലെന്നാരുപറഞ്ഞു തൊമ്മനെവറെഡിയാ താൻ വരുമല്ലൊ

കുഞ്ഞു- വരാൻനോക്കാം.

തൊമ്മൻ- (അല്പം നടന്നിട്ടു തിരിഞ്ഞുനിന്നു്) വന്നില്ലെങ്കിൽ തന്നോടു യാതൊരു വിരോധവുമില്ല കേട്ടോ (പോകുന്നു)

കുഞ്ഞു- ശ്ശെടാ അതിനുമുമ്പു മാത്തുക്കുട്ടിയുടെ കല്യാണം നടന്നില്ലെങ്കിൽ കുറച്ചിലാണല്ലൊ അതു മാത്രമോ രൂപാ എത്ര ഞാൻ മേടിച്ചിട്ടുണ്ടിതു പറഞ്ഞു് ഇനിയുംചോദിച്ചാൽ മാത്തുക്കുട്ടി തരുമോ എന്തോ?

(അങ്ങോട്ടുമിങ്ങോട്ടും അലസനായി നടക്കുന്നു മാത്യു പ്രവേശിക്കുന്നു)

കുഞ്ഞു- ആര് മാത്തുക്കുട്ടിയോ? ആയുസ്സുണ്ടല്ലോ ഞാൻഇപ്പൊഴിവിടെ പറഞ്ഞതേയുള്ളു.

മാത്യു- ആരോട്?

കുഞ്ഞു- ആരോടെന്നില്ലാതെ തന്നത്താനങ്ങ് പറകയായിരുന്നു ഏതു് എനിക്കൊരു കാര്യത്തിൽ താല്പര്യംവന്നാലങ്ങനാ

മാത്യു- ഏതായാലും കാര്യമെല്ലാം കുഴഞ്ഞല്ലോ കുഞ്ഞുവറീതുചേട്ടാ.

കുഞ്ഞു- എന്താ

മാത്യു- ലാലിക്കുട്ടി പറഞ്ഞതറിഞ്ഞോ

കുഞ്ഞു- പിന്നില്ലയോ എന്തുവന്നാലും മാത്തുക്കുട്ടിയെമാത്രമേ കല്യാണംകഴിക്കുന്നുള്ളല്ലേ

മാത്യു- അതല്ല രൂപാ മൂവായിരം അങ്ങോട്ടു കൊടുക്കണം; അവൾ വിവാഹത്തിന്നു സമ്മതിക്കണമെങ്കിൽ

കുഞ്ഞു- കൊടുക്കണം കണ്ണുമടച്ചു കൊടുക്കണമെന്നേ അവകാശപ്പെണ്ണല്ലേ

മാത്യു- അതല്ലകുഞ്ഞുവറീതുചേട്ടാ അതൊരു തിരിച്ചടിയായിപ്പോകുമല്ലോ

കുഞ്ഞു- ഏതു്

മാത്യു- സ്ത്രീധനം കിട്ടാഞ്ഞിട്ടല്ലേ മറിയക്കുട്ടിയുമായുള്ള കല്യാണം ഉപേക്ഷിക്കേണ്ടിവന്നതു് ഇപ്പോൾ വേറൊരു പെണ്ണിനെകെട്ടാൻ രൂപാ അങ്ങോട്ടു കൊടുക്കേണ്ടി വന്നാലോ?

കുഞ്ഞു- മാത്തുക്കുട്ടിക്കിത്രേയുള്ളോ ബുദ്ധഗതി അതൊക്കെ നമ്മളറിഞ്ഞൊപ്പോരെ ലാലിക്കുട്ടിയും ചാക്കോച്ചൻെറ വമ്പിച്ച സ്വത്തിൻെറ വീതവും കുഞ്ഞിൻെറ കാല്ക്കൽ വന്നുവീഴുകയാ

മാത്യു (ചിന്താകുലനായി വിദൂരതയിൽ നോക്കിയിരുന്നിട്ടു്) അതൊള്ളതാ

കുഞ്ഞു- വേറെയുമൊന്നുണ്ടു് മറിയക്കുട്ടിയുടെ വിവാഹം വരുന്നതിങ്കളാഴ്ചനടക്കുകയാ തൊമ്മനിപ്പംവന്നു് എന്നെ വിളിച്ചേച്ചുപോയി അന്നുതന്നെ നമുക്കിതും നടത്തണം.

മാത്യു- തീർച്ചയാണൊ നടക്കുമോ കുഞ്ഞുവറീതുചേട്ടാ.

കുഞ്ഞു- നടക്കുമെന്നേ ഞാനേററിരിക്കുന്നകാര്യം മാത്തുക്കുട്ടി ത്രുപായുണ്ടാക്കിക്കോ

മാത്യ- അപ്പച്ചൻ കണ്ണുതുറക്കുന്ന ലക്ഷണമില്ല കുഞ്ഞുവറീതുചേട്ടൻ അങ്ങോട്ടു വരണം.

കുഞ്ഞു- മാത്തുക്കുട്ടി ഉടനെ പൊയ്ക്കോ ഞാൻ വെളുപ്പിനെ അവിടെയുണ്ട്.

മാത്യ- ശരി! എന്നാലിറങ്ങട്ടെ (പോകുന്നു)

കുഞ്ഞു- (വീണ്ടും വാതിക്കലേക്കുചെന്നു്) എടീ! പിന്നേ?അവളൊറക്കംപിടിച്ചോ? നോക്കണേ ഒരു കുടുംബദേവതചെയ്യുന്ന പണി. സന്ധ്യയായില്ല അതിനുമുമ്പെ ഉറക്കം എവിടെ കഴുത്തേൽ താലികെട്ടിയ എനിക്കെങ്ങനെ ഗൊണംവരാനാ (അകത്തുനിന്നു കൂക്കംവലിക്കുന്ന ശബ്ദം) എടീ നീ കെടന്നൊറങ്ങിക്കോ കുഞ്ഞുവറീതിൻെറ യോഗം തെളിയാമ്പോകയാ.

(ചാക്കോച്ചൻ പ്രവേശിക്കുന്നു)

ചാക്കോ- എടാ കുഞ്ഞുവറീതേ അവനിട്ടു നാലെണ്ണം കൊടുക്കണമല്ലൊ (കുഞ്ഞുവറീതു സംഭ്രമാകുലനായി മുതലാളിയെ സൽക്കരിക്കുവാൻ വെമ്പൽകൊള്ളുന്നു അകത്തുചെന്നു ഒരു പഴയ കസേര എടുത്തുകൊണ്ടുവന്നു തോത്തു വിരിച്ചിട്ടു ഇരിക്കാൻ കൊടുക്കുന്നു)

കുഞ്ഞു- കൊടുക്കണം കൊടുക്കണം ഞാനേററന്നേ ആ കാര്യം.

ചാക്കോ- (ഇരുന്നിട്ടു്) നിനക്കു ധൈര്യമുണ്ടോ?

കുഞ്ഞു- ഏതു മണികെട്ടിയ തെമ്മാടിയാണെങ്കിലും കുഞ്ഞുവറീതു പറന്നടിക്കും പറന്നു് ങാ!

ചാക്കോ- എന്നാലൊന്നിറങ്ങിക്കേ ഇടിച്ചവൻെറ ചങ്കുകലക്കണം പിന്നത്തെ കേസ്സൊക്കെ ഞാനേററു.

കുഞ്ഞു- അവനല്ലേ? അവൻ ആ ഒററക്കണ്ണൻ മക്കോസ്

ചാക്കോ- അല്ലെടാ

കുഞ്ഞു- ങാ! നീക്കോലിരാമനായിരിക്കും അവനെ എനിക്കു കാലേപ്പിടിച്ചോരു കുത്തിനില്ല,

ചാക്കോ- അല്ലെടാ ആ പഞ്ഞാത്തുലൃക്കൻ

കുഞ്ഞു- ആരു വളകാലൻ പരീതായിരിക്കും അവൻ എന്നെക്കാണുമ്പം മുട്ടു കുത്തിയടിക്കും.

ചാക്കോ- അല്ലെന്നേ ആ മലപ്പുറം അസ്സനാരുകാക്കാ

കുഞ്ഞു- (പെട്ടെന്നു ഭാവംമാറുന്നു ഭീതിപൂർവ്വമായ ഒരു ഞെട്ടൽ വിഷമംമാററാനുള്ള തത്രപ്പാട്) ചാക്കോച്ചാ! അപ്പോൾ മുളകുവില എങ്ങിനിരിക്കുന്നു

ചാക്കോ- ഒട്ടും മെച്ചമല്ല മുളകു വില്ലുണ്ടാ കാശുവേണമെങ്കിൽ ഞാൻ തരാം. അവനിട്ട നാലെണ്ണം കൊടുത്തേച്ചാൽമതി.

കുഞ്ഞു- പുതിയറോഡു് നമ്മുടെ പറമ്പിക്കൂടെയാണോ

ചാക്കോ— അല്ലെന്നേ നടത്തിയെടുത്ത പറമ്പിക്കൂടാ; അവനെ തകത്തെങ്കിലേ അതൊക്കെ നടക്കൂ.

കുഞ്ഞു- അന്നേരം ലാലിക്കുട്ടിയേ കോളെജിൽ അയയ്ക്കുന്നില്ലേ?

ചാക്കോ- ചക്കെന്നുപറേമ്പം കൊക്കെന്നു മനസ്സിലാക്കിയാല്ലോ ആ പഹയൻമേത്തനല്ലേ ഇപ്പഴവിടെക്കേറി ക്കാര്യംനടത്താൻ വന്നിരിക്കുന്നെ വല്ല ചാക്കും പാട്ടയും കച്ചവടംചെയ്യാനല്ലാതെ അവനീ വേണ്ടാതീനത്തിനൊക്കെ വലിഞ്ഞുകേറിയിരിക്കുന്നു.

കുഞ്ഞു- (എന്തോ ആലോചിച്ചുനിന്നിട്ട്) നേരാ! നേരാ ഞാൻ മരുന്നുതരാം.

ചാക്കോ- എന്താമരുന്നു്? നിനക്കു ചികിത്സയുണ്ടോ?

കുഞ്ഞു- (പെട്ടെന്നു് ഇളിഭ്യനായി വിരൽ കടിച്ചിട്ട്) അല്ല ഞാനേതാണ്ടോത്തുനിന്നുപോയി. അന്നേരം കല്യാണമെന്നാ നമുക്കു നടത്തുന്നതു്.

ചാക്കോ- കല്യാണത്തിനു പെണ്ണിനത്ര സമ്മതമില്ലല്ലോ.

കുഞ്ഞു— പെമ്പിള്ളേരങ്ങനൊക്കെപ്പറേം അതു കണക്കാക്കാനില്ല

ചാക്കോ- അതല്ലെടാകുഞ്ഞുവറീതേ അവളെൻെറയാ മോളു് അവളു പറയുന്നതു 3000 രൂപാ ഇങ്ങോട്ടു തന്നെങ്കിലേ കല്യാണം കഴിക്കുന്നുള്ളെന്നാ

കുഞ്ഞു— അതു മാത്തുക്കുട്ടി കൊടുക്കുമല്ലോ

ചാക്കോ- എന്നാലുടനെ നടത്താം കുഞ്ഞുവറീതങ്ങോട്ടുവന്നേ നാളെത്തന്നെ അതിനുമുമ്പു ആ മേത്തനെ അടിക്കണം ഉടനെവേണം

കുഞ്ഞു- ഇപ്പഴോ?

ചാക്കോ- അതെ ഇപ്പോൾത്തന്നെ

കുഞ്ഞു- കുഞ്ഞുവറീതു കൂട്ടകാരോടൊക്കെ ഒരു യാത്രപറഞ്ഞിട്ട വന്നാപ്പോരെ?

ചാക്കോ- അതെന്താ നിനക്കവനെപ്പേടിയാണോ?

കുഞ്ഞു- ഛേരയ്! പേടിയൊന്നുമില്ല

ചാക്കോ- എന്നാലൊന്നുവന്നേ ആ തെമ്മാടി എന്നോടാ പറഞ്ഞെ ആശുപത്രീപ്പോയ കെളവി തിരിച്ചുവരുന്നവരെ അങ്ങോട്ട കാലെടുത്തു കുത്തിയേക്കരുതെന്നു്.

കുഞ്ഞു- ങാ! അങ്ങിനെയാണോ കാര്യം അവരു തിരിച്ചുവരുന്നതു ശവക്കുഴീലോട്ടാ എനിക്കറിഞ്ഞുകൂടെ ആദ്യം ചികിത്സിച്ചതു ഞാനല്ലേ

ചാക്കോ- നല്ല സൗകര്യത്തിനു ഒരു പൊല്ലാപ്പുംകൂടാതെ വസ്തുനടത്താനുള്ള അവസരംവന്നതാ അന്നേരം തേ അവിടെ വലിഞ്ഞുകേറിയിരിക്കുന്നു ആകാശകോടാലി

കുഞ്ഞു- (ആലോചിച്ചുനിന്നിട്ട്) ആകാശക്കോടാലിയൊക്കെയെടുത്തു ദൂരെക്കളയാമെന്നേ കല്യാണമങ്ങോട്ട നടക്കട്ടെ. മാത്തുക്കുട്ടീടെപാർട്ടീൽ നല്ല കടാമുട്ടന്മാരുണ്ട്. ഗുഗ്ഗാപ്പട്ടാളങ്ങളെക്കൂട്ട്.

ചാക്കോ- നേരോ എന്നിട്ടിതുവരെ നീ പറഞ്ഞില്ലല്ലോ

കുഞ്ഞു- നല്ലകൂത്ത്. ഇതുവരെ നമുക്കതിൻെറ ആവശ്യമുണ്ടായോ? മുതലാളി കണ്ടോ കാക്കായല്ല അവൻെറ മുത്തപ്പൻ പമ്പകടക്കുമല്ലൊ.

(കർട്ടൻ)

## രംഗം 11

(ആശുപത്രി അന്നച്ചേടത്തി കട്ടിലിൽ കിടക്കുന്നു അസനാരുകാക്കാ കടലാസുമടക്കി അവരെ വീശിക്കൊണ്ടു അട്ടുത്തുനില്ക്കുന്നു. മറിയക്കുട്ടി ശോകമൂകയായി ഒരു സ്റ്റൂളിൽ ഇരിക്കുന്നു. അവൾക്കു വല്ലാത്ത ക്ഷീണമുണ്ടു്.)

അസ- (മുഖം കുനിച്ചു് സാവധാനം) പെങ്ങളെ

മറി- (ഗത്ഗദകണ്ഠയായി) വിളിക്കണ്ട കാക്കാ അമ്മയ്ക്കു വല്ലാത്ത വിഷമമാ

അസ- ഇനി രക്തം കുത്തിബെക്ക്ണന്നാണോ ഡോക്കിട്ടർ പറഞ്ഞെ

മറി- അതെ ഇനി അഞ്ചുമണിക്കു വരും.

അസ- മോളെ ഇനി മോടെ രക്തം എടുക്കണ്ടാ തേ പൊന്നുംകൊടംപോലിരുന്നകൊച്ചു കുരുത്തോലപോലെ ബളറി ഇപ്പം അഞ്ചാറുതവണ രക്താം എടുത്തില്ലേ?

മറി- എൻെറ അമ്മയ്ക്കുവേണ്ടി അവസാനത്തെത്തുള്ളി രക്തംവരെ ഞാൻ കൊടുക്കും കാക്കാ

അസ- ല്ല പഹയൻ ജോർജ്ജുകുട്ടി ഇനിയും ബന്നില്ലല്ലൊ

മറി- ഇല്ല അതു പറയുമ്പോൾ അമ്മയുടെ ചങ്കു പൊട്ടും, (അന്നച്ചേടത്തി ഏതോ അവ്യക്തസ്വരം പുറപ്പെടുവിക്കുന്നു)

മറി- (മുഖംകുനിച്ചു്) അമ്മേ!

അന്ന- (കൈയ്യുയർത്താൻശ്രമിക്കുന്ന മറിയക്കുട്ടി ആ കരം ഗ്രഹിക്കുന്നു കാക്കായും അവരുടെ മുഖത്തേക്കു സൂക്ഷിച്ചു

കുനിഞ്ഞുനില്ക്കുന്നു) അവൻ വന്നോ മോളേ
മറി- (ചങ്കുപൊട്ടുമാറ്) ഇല്ലമ്മേ
അന്ന- വേണ്ടാ .. എൻെറമോളേ...ഹാ (കാക്കായുടെമുഖത്തു സൂക്ഷിച്ചുനോക്കി) കാക്കാ..
അസ- പെണ്ണള ബെ:ശമിക്കണ്ടാ ഞമ്മളെല്ലാം ഏററിരിക്കുന്നു (എവറെഡിതൊമ്മൻ പ്രവേശിക്കുന്നു പാൻറും ഷർട്ടും ടൈയും വേഷം)
തൊമ്മൻ- മറിയക്കുട്ടീ നീ ഇവിടെ മുനിപോലിരുന്നാമതിയോ നാളെയല്ലേ നമ്മുടെ കല്യാണം.
അസ- (തൊമ്മൻെറനേക്ക് ഉഗ്രമായി നോക്കിയിട്ട്) ങ്ങള മനുസനാണോടാ ഇബിലീസേ! ഈ പെണ്ണള മയ്യത്താവാൻപോണതു കണ്ടിട്ടും—
തൊമ്മൻ- മരിക്കുന്നവർ മരിക്കട്ടെ. ജീവിച്ചിരിക്കുന്നവർ കല്യാണം കഴിക്കട്ടെ. തൊമ്മനെവറെഡിയാ.
മറി- ദയവുചെയ്തു് ഇവിടെനിന്നൊന്നു പോകാമോ?
തൊമ്മൻ- പോകാമെടി പെണ്ണേ! നീകൂടി ഇങ്ങു വന്നേച്ചാൽ മതി.
അസ- ങ്ങളിങ്ങോട്ടു ബന്നതെന്തിനാ?
തൊമ്മൻ- അതൊക്കെ ബിസ്സിനസ്സ്. വെറും ബിസ്സിനസ്സ്. ആശുപത്രിയിൽ എത്രപേർ മരിക്കാറായിട്ടുണ്ടെന്നും നമുക്കെത്ര പെട്ടി ചെലവാകുമെന്നും അറിയാൻ വന്നതല്ലെ. അന്നേരം എൻെറ മറിയക്കുട്ടിയെ ഒന്നു കാണാതെ പോകാനൊക്കുമോ?
മറി- (ഗാംഭീര്യത്തോടെ) ഞാൻ നിങ്ങളുടേതല്ല. വേഗം ഇവിടെനിന്നൊന്നു പോകാമോ.

തൊമ്മൻ- അതു ശരി. ആയിട്ടില്ല. ഞാൻ ജോർജ്ജുകുട്ടിയുമായി എഗ്രിമെൻറുചെയ്തു് രൂപാ മുഴവൻ കൊടുത്തുകഴിഞ്ഞു. ആഭരണം എല്ലാം എടുത്തുവച്ചിരിക്കുന്നു, വീട്ടിൽ പന്തലുമിട്ടു. ഇന്നി മറിയക്കുട്ടിയുടെ കഴത്തിലൊരു മിന്നു കെട്ടാത്ത താമസമേയുള്ളൂ. എൻെറ തങ്കമിങ്ങു വന്നേ. (കൈകയ്യു പിടിക്കാനായുന്നു)
അസ- (തൊമ്മൻെറ ചെവിട്ടത്തടിക്കുന്നു) ഇബിലീസേ കടക്കെടാ പുറത്ത്.

തൊമ്മൻ– ങേ! അക്രമം! അക്രമം! ഇതു മൗലികാവകാശത്തി
ന്മേലുള്ള കയ്യേററമാണ്. ഞാൻ റിട്ട കൊടുക്കും.
അസ- ഉം! റിട്ടും ചീട്ടും കൊടെടാ ഹറാംപിറപ്പേ! (പിടലി
ക്കു പിടിച്ചു തള്ളുന്നു. തൊമ്മൻ നിഷ്ക്രമിക്കുന്നു)
അന്ന- (അവ്യക്തസ്വരം) അതാരാ മോളേ? എന്നതാ?
മറി- ഒന്നുമില്ലമ്മേ.
(നമ്പൂതിരി പ്രവേശിക്കുന്നു)
നമ്പൂ– എന്തുട്ടാ കാക്കാ- എപ്പടി ഇരിക്ക്ണു?
അസ- ഒട്ടും ബേദായില്ല നമ്പൂരിശ്ശാ.
നമ്പൂ- കാക്കാ ഒന്നു വേഗം വെല്ലൂ. നിങ്ങളില്ലാത്തപ്പം മുത
ലാളി തക്കംനോക്കി ഇവരുടെ വീട്ടിൽ കുഞ്ഞുവറീതി
നെക്കേററി താമസിപ്പിക്കാൻ നോക്കുന്നു.
അസ- അത്രയ്ക്കായോ ഹറാംപിറന്നവൻ! (മറിയക്കുട്ടിയോട്)
ഞമ്മള് പോട്ടെ മോളെ! ഞമ്മടെ കയുത്തിനുമേൽ ജീ
വനുണ്ടെങ്കിൽ ആ പന്നിപ്പഹയന്മാരു് അവിടുന്നൊരു
പ്ലാവിലപോലുമെടുക്കത്തില്ല ട്ടോ.
മറി- വേണ്ട കാക്കാ അയാൾ എല്ലാം എടുത്തോട്ടെ. എന്റെ
അമ്മയുടെ ജീൻനേക്കാൾ വലുതായിട്ടൊന്നുമില്ല.
അസ- സരോല്യാ; ഞാൻ പോണു. (ധൃതിയിൽ പോകുന്നു)
നമ്പൂ– (രോഗിണിയുടെ അടുത്തുചെന്നു കുനിഞ്ഞു നോക്കി
യിട്ട്) എങ്ങനെയിരിക്കുന്നു മൂത്തെയ്മ്പ്ളേ!
മറി- ഒരു കുറവുമില്ല തിരുമേനി. മൂന്നു ദിവസമായി രക്തം
കൊടുക്കാൻ തുടങ്ങിയിട്ട്. (കണ്ണീർ കവിൾത്തടത്തി
ലൂടെ ഒഴുകുന്നു)
നമ്പൂ- കൊച്ചു കരയാതെ. ഭഗവാൻ ഒന്നും വരുത്തുല്ല.
മറി- തിരുമേനി ഡോക്ടരെ ഒന്നു കാണാമോ, ഞാൻ എപ്പ
ഴുമെപ്പഴും ചെല്ലുന്നതു് അദ്ദേഹത്തിനിഷ്ടമല്ല.
നമ്പൂ- കാണാമല്ലോ. ല്ലാ തെക്കുവശത്തെ ബാല്ലാവിലല്ലേ
അങ്ങേരു താമസിക്കുന്നെ.
മറി– അതെ.

നമ്പൂ- നോം ഉടനെ വരാം. (പോകുന്നു)
(രോഗിണി തിരിയുകയും മറിയുകയും ചെയ്യാൻ ഭാ
വിക്കുന്നു. മറിയക്കുട്ടി വേണ്ട പരിചരണങ്ങൾ ചെയ്യു

കൊട്ടുകുന്നു. കണ്ണീർത്തുള്ളികൾ അടർന്നുവീഴുന്നു. ലാലിക്കുട്ടി പ്രവേശിക്കുന്നു)

ലാലി- എങ്ങനെയിരിക്കുന്നു ചേച്ചീ?

മറി- ഒട്ടും കുറവില്ല. ലാലിക്കുട്ടി എന്തിനാ ഇങ്ങോട്ടു വന്നതു്! ഞങ്ങൾ പാവങ്ങളല്ലേ.

ലാലി- സഹോദരി തെററിദ്ധരിക്കരുതു്. എൻെറ അപ്പൻ ഇപ്പോഴും പണത്തെ മാത്രമാണു സ്നേഹിക്കുന്നതു്. അദ്ദേഹം നിങ്ങളോടുചെയ്ത തെറുകൾക്കു് ഞാൻ മാപ്പു ചോദിക്കുന്നു.

മറി- (വിങ്ങിക്കരഞ്ഞു് ഏങ്ങലടിച്ചുകൊണ്ടു്) അനിയത്തീ നീ ഭാഗ്യവതിയാണു്. നാട്ടിലെ പേരും പെരുമയുമുള്ള പണക്കാരൻെറ മകളല്ലേ. നാളെ കല്യാണപ്പന്തലിലേക്കു് അണിഞ്ഞൊരുങ്ങേണ്ട നീ ഈ പാവപ്പെട്ട മരണശയ്യക്കരുകിൽ സമയംകളയാതെ വേഗം പോകൂ.

ലാലി- കല്യാണം! ചേച്ചീ! എനിക്കതിനെപ്പററി നൂറുനൂറു കാര്യങ്ങൾ പറയാനുണ്ടു്, പക്ഷേ ഇപ്പോളതിനു സമയമില്ല. (ഭദ്രമായി ഒട്ടിച്ചു സീൽചെയ്ത ഒരു കവർ കൊടുക്കുന്നു) നാളെ പള്ളിയിൽ വരുമ്പോഴേ ഇതു തുറന്നു നോക്കാവൂ എന്നൊരപേക്ഷയുണ്ടു്.

മറി- വളരെ ഉപകാരം. (അതു വാങ്ങിച്ചു് അലസമായി കട്ടിലിൻെറ തലയ്ക്കൽ വയ്ക്കുന്നു)

ലാലി- ചേച്ചിയുടെ വിവാഹവും നാളെയാണല്ലോ. എന്നെ വിളിക്കുന്നില്ലേ. മിസ്റ്റർ തൊമ്മൻ ക്ഷണിച്ചിട്ടുണ്ടു്.

മറി- ലാലീ നീ എന്നെ കൊന്നുകൊള്ളൂ. ഇങ്ങനെ പരിഹസിക്കരുതു്. (വ്യഥാഭരിതയായി തളർന്നു താഴെ ഇരിക്കുന്നു)

ലാലി- ക്ഷമിക്കു ചേച്ചീ! ഞാൻ വെറുതെ പറഞ്ഞതാണു്.

മറി- (വിദൂരതയിൽ നേക്കിയിരുന്നു നെട്ടവീർപ്പിടുന്നു)

ലാലി- മറിയക്കുട്ടീ ഇനി അന്നച്ചേട്ടത്തിയെ ഈ ആശുപത്രിയിൽ ചികിത്സിക്കേണ്ടാ. നമുക്കു തിരുവനന്തപുരത്തിനു കൊണ്ടുപോകാം.

മറി- മതി അനിയത്തീ ആക്ഷേപിച്ചതു്. ഞങ്ങൾ പാവങ്ങളാണു്; ഉററവരും ഉടയവരും ഇല്ലാത്തവർ.

ലാലി- ഈ ഡോക്ടർ ഒരു വിശേഷം കാണിച്ചതറിഞ്ഞോ?

മറി– ഇല്ല.

ലാലി– ആ പേവാർഡിൽ ഒരു പെണ്ണിനു അദ്ദേഹം വെയിൻ ഇഞ്ചെക്ഷൻ കൊടുത്തു. പക്ഷെ വെയിനിനുപകരം ആർട്ടറിയിലാണ ഇഞ്ചെക്ററുചെയ്തതു്. അവളുടെ കൈ മുറിച്ചുകളയേണ്ടിവരുമെന്നാണു തോന്നുന്നതു്.

മറി- (വികാരഭരിതയായി) എൻെറ ദൈവമേ!

ലാലി– അതാണു് ഈ മനുഷ്യൻെറ ഉത്തരവാദിത്വം. നമുക്കു നാളെകഴിഞ്ഞു ഇവിടെനിന്നു അന്നച്ചേട്ടത്തിയെ കൊണ്ടുപോകണം. ചേച്ചി ഒന്നുകൊണ്ടും വിഷമിക്കേണ്ട. ഞാൻ പോകട്ടെ,

മറി– വളരെ ഉപകാരം. ഞങ്ങളെ ഒന്നു വന്നു കാണാനെങ്കിലും ദയ തോന്നിയല്ലോ.

ലാലി– തെററിദ്ധരിക്കരുതു ചേച്ചീ. എനിക്കു് ഒത്തിരികാര്യങ്ങൾ പറയാനുണ്ടു്. (പോകുന്നു)

(നമ്പൂരി പ്രവേശിക്കുന്നു)

നമ്പൂ- കൊച്ചേ!അങ്ങേരു പറഞ്ഞതേ, ഇനിയും രക്തം കുത്തിവയ്ക്കണംന്നാ,

മറി- അതിനെന്താ തിരുമേനീ! എൻെറ അവസാനത്തെ രക്തത്തുള്ളിവരെ ഞാൻ കൊടുക്കും. അമ്മ ഒന്നെഴുന്നേററിരുന്നെങ്കിൽ!

നമ്പൂ- ഈ കൊച്ചല്ലാതെ അവക്കു വേറെ മക്കളില്ലേന്നു് അങ്ങേരു ചോദിച്ചു.

മറി– (വിദൂരതയിൽനോക്കി നെഞ്ചുരുകുമാറു്) വേറെ മക്കൾ - - - വേറെ മക്കൾ - - - തിരുമേനീ! അതെന്തിനന്വേഷിക്കുന്നു. അമ്മയ്ക്കു വേണ്ടിടത്തോളം രക്തം എൻെറ ശരീരത്തിലുണ്ടെന്നു പറയൂ തിരുമേനീ!

നമ്പൂ- അതൊക്കെ ഞാൻ പറഞ്ഞു കൊച്ചേ! അങ്ങേരിപ്പത്തന്നെ വരും കൊച്ചിനെന്നാ ഒരു വല്ലാത്ത വെളർച്ച?

മറി- ഒന്നുമില്ല തിരുമേനീ! എനിക്കൊരസുഖവുമില്ല.

നമ്പൂ- കൊച്ചേ ആ കിറുക്കൻ തൊമ്മനുണ്ടല്ലോ, അവൻ കല്യാണത്തിനു പൊടിപൂരമായിട്ടൊരുക്കമാ. ഞാൻ പറഞ്ഞു മൂത്തയ്മ്പ്ള് ആശുപത്രീന്നു വന്നിട്ടാട്ടെന്നു്. അവൻ സമ്മതിക്കത്തില്ല. ഉച്ചക്കിറുക്കനല്ലേന്നെ.

(സനിശ്വാസം) തിരുമേനീ!

നമ്പൂ.— മനസ്സില്ലെന്നുപറേണം കൊച്ചേ! പള്ളീച്ചെന്നു നി ങ്ങടച്ചൻ ചോദിക്കമ്പോൾ കട്ടായമങ്ങു പറയണം. കൊച്ചിനെ അങ്ങനൊരുത്തൻ പററിച്ചതല്ലേ.

മറി. തിരുമേനീ എല്ലാം ദൈവം അറിയുന്നുണ്ട്. (ചിന്താകുലയായി അമ്മയുടെ മുഖത്തുതന്നെ തറച്ച ദൃഷ്ടികളോടെ നില്ക്കുന്നു)

കർട്ടൻ.

## രംഗം 12

(അന്നച്ചേട്ടത്തിയുടെ വസതി. സമയം രാത്രി, കുഞ്ഞുവറീതു് ഒരു വീഞ്ഞപ്പെട്ടിയുമായി പുറത്തേക്കിറങ്ങിവരുന്നു. ഇരുളിൽ പതുങ്ങിപ്പതുങ്ങി പകച്ചു നോക്കിനടക്കുന്നു. അസനാരുകാക്കാ പ്രവേശിക്കുന്നു.)

അസ— ഛേ! പന്നീൻെറമോനേ, ബെ। ക്കടാ താഴെ.

കുഞ്ഞു— കാക്കാ — - ങാ പിന്നെ. ഞാൻ കുറച്ചു മരുന്നു വാങ്ങിച്ചോണ്ടു വരികയാ.

അസ- എടാ താഴെ ബെക്കടാ.

കുഞ്ഞു- (അനുസരിക്കുന്നു) എൻെറ പൊന്നു കാക്കാ.

അസ— ഞമ്മള് പൊന്നും ബെള്ളിയുമൊന്നുമല്ലെടാ, മനുസേനാ. ശോരേം നീരും ഖൽബുമുള്ള മനുസേൻ. (കുഞ്ഞുവറീതു പോകാൻ ഭാവിക്കുന്നു) ബരട്ടെടാ; അബ്ടെ നിക്ക്. എന്തുട്ടാണിതു്?

കുഞ്ഞു— ഇതൊരു - ഒരു— (പരുങ്ങലോടെ) വീഞ്ഞപ്പെട്ടി

അസ— അതു ഞമ്മക്ക തെരിയും. അതുക്കുള്ളിലോ?

കുഞ്ഞു— (പരുങ്ങലോടെ) കുറെ - കുറെ - മരുന്നു്,

അസ— എന്നാ മരുന്നു്? തുറക്കു്.

കുഞ്ഞു- അതിൻെറ ആവശ്യമില്ല കാക്കാ. ഞാൻ ചികിത്സയ്ക്കു മരുന്നു വാങ്ങിച്ചുകൊണ്ടു വന്നതാ.

അസ- ങ്ങളുമ്മെന്നാ ചികിത്സയാ? നാണമെണ്ടോ, ആശുപത്രീന്നു ബെറുതെ കിട്ടുന്ന മരുന്നു മേടിച്ചുകൊണ്ടുവ

ന്നുവച്ച്യ പാവപ്പെട്ടവന്റെ പെരുത്ത ബെലക്കു ബിക്ക്ണ പണി ശെയ്യാൻ.

കുഞ്ഞു– യ്യോ കാക്കാ ആരോടും പറയല്ലെ.

അസ– ആരോടും പറയല്ല്. രണ്ടുകാലില്ല് നടക്കിണ നായാണു നീ. തുറക്കെടാ പെട്ടി.

(കുഞ്ഞുവറീതു മനസ്സില്ലാമനസ്സോടെ പെട്ടി തുറക്കുന്നു. കുറെ കുപ്പികളും പിഞ്ഞാണങ്ങളും തുണിയും പുറത്തെടുക്കുന്നു)

അസ– കള്ളപ്പയല്ലേ! നീ പാവങ്ങടെ ഉപ്പുചിരട്ടക്കൂടെ പെറുക്കിക്കൊണ്ടു കടക്കപൊണില്ലേ. (ചെകിട്ടത്തൊരടികൊടുക്കുന്നു. വീണ്ടും കയ്യോങ്ങുന്നു.)

കുഞ്ഞു- കാക്കാ! ദൈവത്തെ ഓർത്തു ഇനി എന്നെ തല്ലല്ലെ. അയ്യോ.

അസ- മനുസനെ ഓക്കാതെ നിനക്കെന്നാടാ അള്ളാവിൻെറ പേരു ശൊല്ലാൻ കാര്യം? (കഴുത്തിനു പിടിക്കുന്നു)

കുഞ്ഞു- യ്യോ. എന്നാൽ പൊന്നുകാക്കായെ ഓർത്ത്

അസ– ഞമ്മക്കു ഞമ്മളെ ബിജാരില്ല്യാ (പിടി മുറുക്കുന്നു) നിന്നെപ്പോലത്തെ അറാംപിറപ്പിൻെറ കാര്യം ശരിപ്പെടുത്തിയിട്ടേയുള്ളു (പിടി മുറുക്കുന്നു)

കുഞ്ഞു- കൊല്ലല്ലേ കാക്കാ ഞാൻ എല്ലാം പറയാം

അസ- അതു ശരി പറ ഞമ്മളുകേക്കാം.

കുഞ്ഞു- കാക്കാ ഇവിടില്ലാത്ത തക്കംനോക്കി ഇവിടെവന്നു താമസിക്കണമെന്നുപറഞ്ഞുമുതലാളി എനിക്കു നൂറുരുപാ തന്നു. ഇവിടെവന്നിട്ടു കാക്കായുടെ കാര്യം ഓക്കുമ്പം എനിക്കു പേടിയാ അതുകൊണ്ടു തപ്പിപ്പെറുക്കി കിട്ടിയ വകയെല്ലാം കൊണ്ടുപോകാമെന്നുവച്ച്യ കാക്കാ വരുന്നതിനുമുമ്പ്

അസ– നല്ല കാര്യ്യമായി ശരി ആ ഉറുപ്യാ ഇങ്ങെട്.

കുഞ്ഞു- അത്...അത്...ഇല്ല

അസ- പററില്ല്യ. നിന്നെ ഞമ്മളു വിടണമെങ്കിൽ നൂറു രൂപ്യ കിട്ടണം (കുഞ്ഞുവറീതു ഗത്യന്തരമില്ലാതെ മടിയിൽനിന്നു രൂപയെടുത്തു കൊടുക്കുന്നു) ഉം ഇനി ഈ പെട്ടി അകത്തുകൊണ്ടെ ബച്ചിട്ടുവാ (കുഞ്ഞുവറീതു

അനുസരിക്കുന്നു.) ഇനി ഇങ്ങാമാറി നില്ല്. (അനുസ്വ രണം) ഏത്തമിട്ട് (മടിച്ചുനില്ക്കുന്നു)

അസ- മൂന്നുബട്ടം ഏത്തമിടടാ നായേ

(കുഞ്ഞുവറീത് ഏത്തമിടുന്നു. ജോർജ്ജ് പ്രവേശി ക്കുന്നു)

ജോ- ബലേഭേഷ് നമുക്കുംകൂടെ മൂന്നെണ്ണം പോട്ടു കുഞ്ഞു വറീതുചേട്ടാ (കുഞ്ഞുവറീതുവിഷണ്ണനായിനില്ക്കുന്നു)

ജോ- കല്യാണക്കച്ചോടത്തിൽ ചൊവ്വില്ലായ്മ കാണിച്ചേ ന്ന പ്രായശ്ചിത്തമല്ലേ ഇതു് എന്തുകാക്കാ

അസ- അതുതാൻ

ജോ- ശരി എന്നോട്ടും ഇയ്യാൾ കല്യാണമാലോചിക്കാമെ ന്നുപറഞ്ഞു കാശുവാങ്ങിച്ചു, (സഗൗരവം) ഏത്തമി ടടോ (കുഞ്ഞുവറീതു ദയനീയമായി അസനാരുകാ ക്കായെ നോക്കുന്നു)

അസ- അതുവും ഓരളവുനീതിയാ ഉം.

(കുഞ്ഞുവറീതു വീണ്ടും മൂന്നരു ഏത്തമിടുന്നു)

ജോ- ഇന്നി മറിയക്കുട്ടിക്കു ഒരു മൂന്നേത്തകൂടെ അവളുടെ ക ല്യാണവും താൻ ഉഴപ്പിയില്ലേ

(വൈമനസ്യം കാണിച്ചെങ്കിലും ഗത്യന്തരമില്ലാതെ കുഞ്ഞുവറീതു വീണ്ടും ഏത്തമിടുന്നു)

അസ- ഉം ഇബ്ടെവാ (കുഞ്ഞുവറീതു് അടുത്തുവരുന്നു)

അസ- ഇബ്ബരിൻെറ കാല്യപിടിച്ചു മാപ്പുപറ. (ജോർജ്ജി നോട്ടു്) ങ്ങ്ടെ ബീട്ടില്യ് ആരുല്ലാത്തപ്പോ എല്ലാം തപ്പിപ്പെറുക്കിക്കൊണ്ടു പോകാനുള്ള വട്ടാന്നു പട ച്ചോൻെറ കിറുപകൊണ്ടു ഞമ്മ സമയത്തുവന്നു.

കുഞ്ഞു- ക്ഷമിക്കണം ജോർജ്ജുകുട്ടി

ജോ- ക്ഷമിക്കാമെടാ പെണ്ണുണെക്കി നിന്നോടു ഞാനൊ ന്നു ക്ഷമിക്കാൻ തീരുമാനിച്ചിട്ടുണ്ടു് ഇപ്പഴങ്ങുപോ ഓടടാ... (കുഞ്ഞുവറീതു ജീവനുംകൊണ്ടു പായുന്നു)

അസ. ങ്ങ്ളെന്തുട്ടജാതിയാ അപ്പാ. ങ്ങ്ടെ അമ്മ അന്തൂ ശ്വാസംബലിച്ചു കെടക്ക്ണു. അവർക്കു രക്തം കൊട്ട ത്തുകൊടുത്തു ആ പെങ്കൊച്ചുമയ്യത്താകാറായി ങ്ങള്ന്നു ആശുപത്രീലോട്ടൊന്നു ബേഗം ചെല്ലിൻ.

ജോ- ഞാൻ പോകാനിറങ്ങിയതാ കാക്കാ മറിയക്കുട്ടിയെ ഉ

ടനെ വിളിച്ചോണ്ടു വരണം നാളെ അവളുടെ കല്യാണമാ.

അസ- ങ്ങ്ളക്ക പിരാന്തുണ്ടോ മൂണ്ടാതിരിക്കിൻ അമ്മക്കപ്പിരാണവേദന മകൾക്കു കല്യാണം അവരു മയ്യത്താകുംമുമ്പ് ങ്ങളൊന്നു ശെന്നുകാണിൻ ഉം ബെഗാട്ടെന്ന്

ജോ— ഇതാ ഞാൻ പൊയ്ക്കഴിഞ്ഞു (ധൃതിയിൽ പോകുന്നു)

(കർട്ടൻ)

## രംഗം 13

(ശ്മശാനം ഒരു പുതിയ ശവകോടത്തിൽ മൺകൂന ഉയൎന്നിരിക്കുന്നു. പച്ചമണ്ണിന്റെ നിറവും മണവും മങ്ങിയിട്ടില്ല ധാരാളം പുഷ്പങ്ങൾ അതിനുമുകളിൽ വാരിവിതറിയിട്ടുണ്ടു്. തലയ്ക്കൽ ഒരു മരക്കുരിശു നാട്ടിയിരിക്കുന്നു. പശ്ചാത്തലത്തിൽ കരളലിയിക്കുന്ന ശോകഗാനം മാറ്റൊലിക്കൊള്ളുന്നു. ജോർജ്ജ് ഒരു ഭ്രാന്തനെപ്പോലെ ആ ശവകുടീരത്തിന്റെ ഒരുവശത്തു രംഗത്തേക്കുനോക്കി മുട്ടുകുത്തിനില്ക്കുന്നു. അലക്ഷ്യമായ വസ്ത്രധാരണം പാറിപ്പറന്ന തലമുടി കാതരനേത്രങ്ങൾ നൈരാശ്യത്തിന്റെ പ്രതീകമായ മുഖം ഇടനെഞ്ഞുതകൎക്കുമാറുള്ള നെടുവീർപ്പും, ഏങ്ങലടികളും! പശ്ചാത്തലത്തിൽനിന്നും ഒരു സ്വരം—

ആരാണതു്?

സ്നേഹത്തിന്റെ തെളിനീർച്ചാലിൽനിന്നും ഒരു തുള്ളിപോലും അവൻ കുടിച്ചില്ല; തിളച്ചുപൊങ്ങുന്ന മാറുകപാനീയംകൊണ്ടു അവന്റെ ഉദരം മാത്രമല്ല ഹൃദയവും സിരാചക്രങ്ങളും നിറഞ്ഞു. ജീവിതംഅവന്റെനേക്കൊരു മാദകചഷകം വച്ചുനീട്ടി. അടിയോളം അവൻ ആൎത്തിയോടെ ഈമ്പിക്കുടിച്ചു, അമ്മയുടെ ഹൃദയരക്തം! അരിമസഹോദരിയുടെ ജീവനാളം ഹാ! അതു കാണുവാൻ അവനു കണ്ണില്ലായിരുന്നു,

എന്നിട്ടോ?

എന്നിട്ടവൻ എന്തുനേടി തീരാത്ത നിരാശ, തോരാത്ത കണ്ണുനീർ, അടങ്ങാത്ത നെടുവീർപ്പുകൾ, ഒടുങ്ങാത്തവ്യഥാഭാരം ആർത്തിരമ്പുന്ന അലകടൽ ആ ശ്മശാനത്തി

ൽനിന്നു അവനെ ഗ്രസിക്കുവാൻ നീളുകയാണു് അനി യത്തി ഹൃദയവും ഹൃദയവും തമ്മിൽ കോർത്തുമുറുക്കുന്ന ആ തങ്കനൂൽ പൊട്ടിപ്പോയി. ചക്രവാളങ്ങളെ കൂട്ടി യിണക്കുന്ന ആ ഗാനദീപിക എരിഞ്ഞണഞ്ഞു. അവസാനത്തെ രക്തബിന്ദുവരെ അമ്മയുടെ ആരോ ഗ്യത്തിനുവേണ്ടി അർപ്പിച്ചിട്ടു് അവൾ അന്തരിച്ചു. അനിയത്തീ—അനിയത്തീ അനിയത്തീ—.. (മൂന്നാമ ത്തെ സംബോധന ജോർജ് കരൾ പൊട്ടമാറു് ആ വർത്തിക്കുന്നു)

ജോ- അനിയത്തി...എന്റെ പ്രിയപ്പെട്ട കൊച്ചനിയത്തി നീയൊരു മാലാഖായാണു്. തങ്കച്ചിറകുകൾ വിരിച്ചു നീ പറന്നകന്നു. നിന്റെ മധുരഗാനം മാത്രം ഇവി ടെ അവശേഷിക്കുകയും മാതൃസ്നേഹത്തിന്റെ—മഹാ ത്യാഗത്തിന്റെ—മധുരസ്വപ്നങ്ങളുടെ—രാഗവിപഞ്ചി കതതർന്നു.

ഒന്നിച്ചുണ്ണുകയുംഒന്നിച്ചുറങ്ങുകയുംഒരുമിച്ചു് കളിച്ചു ആത്തുല്ലസിക്കുകയുംചെയ്ത എന്റെ പ്രിയപ്പെട്ട മ റിയക്കുട്ടീ നീ എവിടെ ഒരുപിടി മൺകൂനയ്ക്കുള്ളി ൽ നീ ഒളിച്ചു. ഈ മൺതരികൾ ഓരോന്നിലും നി ന്റെ സ്നേഹം അലിഞ്ഞുചേൻനു. ഈ വായുതരംഗങ്ങ ളിൽ നിന്റെ ശ്വാസധാര വിലയംകൊള്ളുന്നു. നാളെ നാളെ!ഇവിടെ വിരിയുന്ന കാട്ടുപൂക്കളിലൂടെ നീ പു ഞ്ചിരിക്കും. എണ്ണിയാൽത്തീരാത്ത നക്ഷത്രങ്ങൾ നി ന്നെനോക്കി അസൂയപ്പെട്ടും..ഹാ പൊന്നനിയത്തീ... (കുനിഞ്ഞു മൺകൂനയെ ആലിംഗനംചെയ്യുന്ന ഏതാ നും നിമിഷങ്ങൾ അങ്ങിനെ കിടക്കുന്നു. വീണ്ടും മു ഖയർത്തുമ്പോൾ കണ്ണീരുമായി ഒട്ടിച്ചേർന്ന പച്ചമണ്ണു മുഖത്തെല്ലാം കാണാം)

ഇല്ല. അവളെ അങ്ങിനെ വിളിക്കാൻ എനിക്കെ ന്തവകാശം? സാഹോദര്യത്തെ ഞെക്കിപ്പിഴിഞ്ഞ ക ശ്മലനാണു ഞാൻ ആത്മാർത്ഥതയെ അരിഞ്ഞുവീഴ്ത്തു വാനുയർന്ന കരാളഖഡ്ഗം. ഹൃദയബന്ധത്തെ ചവി ട്ടിത്തേയ്ക്കുന്നു ചെന്തീപ്പിശാച്... അമ്മ...അനിയത്തി... മധുരമനോജ്ഞമായ ആ മട്ടമലർത്തൊത്തുകളിലെ മ

ധു ഊററിയെടുത്തു വിഷംനിറച്ച കരാളസർപ്പം! ഹാ! (തലയടിച്ചു കരഞ്ഞുകൊണ്ടു്) എൻെറ വിഷപ്പല്ലാണു് അനിയത്തിയെ കൊന്നതു്. അമ്മയുടെ ആരോഗ്യം കാർന്നെടുക്കുന്നതു്.

(വരണമാല്യവുമായി മാത്യൂ പ്രവേശിക്കുന്നു)

ജോ- നീയാരു്. ദ്രോഹീ! മാറിനില്ക്കു്. ഈ വിശുദ്ധിയുടെ ബലിപീഠത്തിലേയ്ക്കടുക്കുവാൻ നിനക്കവകാശമില്ല.

മാത്യൂ- ക്ഷമിക്കുജോർജ്ജു്! ഈ മാല മറിയക്കുട്ടിക്കുവേണ്ടി ഞാൻ കൊരുത്തുവച്ചതാണു്.

ജോ- (എഴുന്നേററു ഉഗ്രഗാംഭീര്യത്തോടെ) മിണ്ടരുതു്. എൻെറ പെങ്ങൾ പാവപ്പെട്ടവളാണു്. സ്ത്രീധനം നൽകാൻ പണമില്ലാഞ്ഞിട്ടു വിവാഹവേദിയിൽവച്ചു നീ അവളെ അപമാനിച്ചയച്ചു. ഈ അന്ത്യവിശ്രമവേദിയിലെങ്കിലും അവളുടെ അഭിമാനത്തെ നീ ചോദ്യംചെയ്യരുതു് കടക്കു പുറത്തു്.

മാത്യൂ- അന്നത്തെ തെററിനു് ഇന്നെനിക്കു തിരിച്ചടി കിട്ടി. വിവാഹവേദിയിൽവച്ചു് എൻെറ മനസ്സതം കേട്ടതീ അശേഷം ലാലിക്കുട്ടി എന്നെ വിവാഹംചെയ്യാൻ മനസ്സില്ലെന്നു തുറന്നുപറഞ്ഞു (മുമ്പോട്ടടുക്കാൻ ശ്രമിക്കുന്നു)

ജോ- അരുതു്! നീങ്ങൾ ഒരടി മുമ്പോട്ടു വയ്ക്കരുതു്.

മാത്യൂ- (രംഗത്തേക്കു തിരിഞ്ഞു നൈരാശ്യവും പശ്ചാത്താപവുംകലർന്ന സ്വരത്തിൽ ആത്മസ്വഗതമെന്നപോലെ) ഞാൻ ഒരു വിഡ്ഢിയാണു്. പണത്തിനുവേണ്ടി ജീവിതം അടിയറവച്ച പടുവിഡ്ഢി. പണമില്ലാതിരുന്ന ഒരു പാവപ്പെട്ട വധുവിനെ ഞാൻ അവമാനിച്ചു. എന്നിട്ടു് ഒരു പണക്കാരിയുടെ പ്രേമത്തിനുവേണ്ടി അയിരക്കണക്കിനു പണം വാരിക്കൊടുത്തു. പക്ഷെ അവൾ എന്നെ തിരിച്ചടിച്ചു. ഈ മാല എൻെറ കൈയ്യിൽനിന്നേററു വാങ്ങുവാൻ ഇനി ഒരു പെൺകുട്ടിയുടേയും കഴുത്തണയുകയില്ല. ഹാ..

(മാല മുമ്പോട്ടു നീട്ടിപ്പിടിക്കുന്നു)

ജോ- (തെല്ലു ശാന്തനായി) സ്നേഹിതാ! സമ്പന്നയായ ലാലിക്കുട്ടിതന്നെയാണു ആ മാല അണിയേണ്ടതു്.

ലാലി- (പെട്ടെന്നു പ്രവേശിക്കുന്നു വിവാഹവേദിയിലെ വേഷഭൂഷണങ്ങൾ) കറൻസി നോട്ടുകൾകൊണ്ടു ഒരു പെൺപാവയുണ്ടാക്കി അയാൾ മാലയിടുവിക്കട്ടെ.

മാത്യു- ദുഷ്ടേ! നീ എന്നെ വഞ്ചിച്ചു.

ലാലി- ദ്രോഹീ! മിണ്ടരുതു്. നിങ്ങളുടെ വഞ്ചനയുടെ നിതാന്ത പ്രതീകമാണു് ഈ മൺകൂന. ഇതൊരു ബലികുടീരമാണു് ഇവിടെക്കടന്നുവരുവാൻ നിങ്ങളെപ്പോലുള്ള നാണയക്കൊതിയന്മാർക്കർഹതയില്ല പോകൂ പള്ളിയിൽച്ചെന്നിരുന്നു ഹൃദയമുരുകി പ്രാർത്ഥിക്കൂ; മറിയക്കുട്ടി നിങ്ങൾക്കു മാപ്പുതരണമെങ്കിൽ.

(മാത്യു മനസ്സില്ലാമനസ്സോടെ പിൻവാങ്ങുന്നു)

ലാലി- (ജോർജിൻെറനേക്കു് ഒരു കവർ നീട്ടിയിട്ടു്) സഹോദരാ ഇതു വാങ്ങിക്കൂ!

ജോ– എന്തായാലും എനിക്കാവശ്യമില്ല. നിങ്ങൾ പണക്കാരാണു്.

ലാലി- പണക്കാരും മനുഷ്യരാണു മി. ജോർജ് എൻെറ പിതാവു നിങ്ങളുടെ സഹോദരിയോടു് ഒരു കുറ്റംകൈ ചെയ്തു. അവളുടെ വിവാഹത്തിനുവേണ്ടി ഞങ്ങളുടെ ബാങ്കിലിട്ടിരുന്ന പണം യഥാവസരം കൊടുത്തില്ല ഞാൻ അതിനു പരിഹാരംചെയ്യാം.

ജോ- വേണ്ടാ! (ഗദ്ഗദത്തോടെ) അവൾ പോയി. എനിക്കിനി പണമെന്തിനു്?

ലാലി- അങ്ങനെയല്ല ജോർജ് ഇതു് എൻെറ സ്ത്രീത്വത്തിൻെറ വിലയാണു്. മറിയക്കുട്ടിക്കു പണമില്ലാഞ്ഞതിനാൽ മാത്യു അവളെ വിവാഹം ചെയ്തില്ല എന്നെ വിവാഹംചെയ്യാൻ വന്നപ്പോൾ ഞാൻ പണമാവശ്യപ്പെട്ടു. മൂവായിരംരൂപാ അയാൾ തന്നു മറിയക്കുട്ടിക്കു എൻെറ പിതാവു കൊടുത്തുതീർക്കേണ്ട തുക ഞാൻ അങ്ങനെ സമ്പാദിച്ചു. ഇതു സ്വീകരിക്കുക.

ജോ- അപ്പോൾ അയാളെ വിവാഹം ചെയ്യാനും ലാലിക്കുട്ടിക്കു കടമയുണ്ടു്.

ലാലി- അതൊരു സ്ത്രീക്കു സാദ്ധ്യമല്ല നിങ്ങൾ ദയവായി ഇതു സ്വീകരിക്കുക

ജോ- സഹോദരീ! അതുവേണ്ടാ (കണ്ണുകൾ തുടയ്ക്കുന്നു)

ലാലി- ഇതു വാങ്ങിക്കുകയില്ലേ (ദയനീയമായി നോക്കുന്നു)
ജോ- (നിശ്ചയദാർഢ്യത്തോടെ) ഇല്ല തീർച്ചയായും ഇല്ല.
ലാലി- ശരി! ഈ ശവകുടീരത്തിൽത്തന്നെ ഇതും ഞാൻ നിക്ഷേപിക്കുകയാണു്. മറിയക്കുട്ടിയുടെ അമൂല്യമായ സ്ത്രീത്വത്തിനു വിലപറഞ്ഞ ദ്രോഹിയുടെ പണം ഇവിടെയിരുന്നു ചിതലിൻെറ മുതലായിപ്പോകണം (അല്പം മണ്ണുമാററി പണം അവിടെ വയ്ക്കുന്നു( ജോർജ് 'അരുതേ അരുതേ, എന്നു വിലക്കുമ്പോഴേക്ക് അവൾ ഓടിപ്പോകുന്നു അസ്സനാരുകാക്കാ പ്രവേശിക്കുന്നു)
ജോ- (കാക്കായെ ആലിംഗനംചെയ്തിട്ടു്) കാക്കാ! ഹാ! എൻെറ അമ്മ?
അസ- ങ്ങ്ള ബേജാറാവാതിരിക്കിൻ. അമ്മേ സുഖമായിരിക്ക്ണു. ഇന്നി പേടിക്കാനൊന്നുല്ല്യാ. പിന്നെ ഒരു കാരിയം- മോള മയ്യത്തായബിവരം ആ പെണ്ടളറിഞ്ഞിട്ടില്ലട്ടോ. ഇപ്പോഴെണ്ടുമറീക്കല്ലു്.
ജോ- (ഏങ്ങലടിച്ചുകൊണ്ടു്) കാക്കാ! ഞാനാണെൻെറ അനിയത്തിക്കൊന്നതു്. ഇതവളുടെ ബലികുടീരമാണു്. ഇവിടെനിന്നു നീങ്ങുവാൻ എൻെറ മനസ്സനുവദിക്കുന്നില്ല.
അസ- ഞമ്മക്കു പണ്ടേ സംശയംതോന്നി, ല്ലക്കിളിപോലത്തെ പെങ്കൊച്ചിൻെറ ചോരയല്ലേ മട്ടമടാന്നു കുത്തി ബലിച്ചെട്ടത്തെ? അതും എത്രതവണ! ആ തള്ള മയ്യത്താവാണ്ടിരിക്കട്ടെന്നുബജാരിച്ചു ഞമ്മളൊന്നും മിണ്ടില്ല്യാ. ഒട്ടക്കം ഇങ്ങനെ ബരുന്നാരു ബിജാരിച്ചു! പടച്ചോൻെറ മായകളു്!

ജോ- കാക്കാ ഞാൻ ആ ഡോക്ടർക്കിട്ടു എവിടെയിട്ടെങ്കിലും രണ്ടെണ്ണം കൊടുക്കും. ഒരാളിൻെറ ശരീരത്തിൽനിന്നെടുക്കാവുന്ന രക്തത്തിനൊരു കണക്കില്ലേ.
അസ- ങ്ങള മുണ്ടണ്ടാ. ബന്നതൊക്കെ തഹിക്കിൻ. അപ്പാത്തിക്കരിക്കവെത്തംവന്നെങ്കിലും ങ്ങ്ടമ്മേനെ രക്ഷിക്കാനല്ലേ. ഇനി മുണ്ടണ്ടാ. ങ്ങള ബരിൻ.

ജോ- വേണ്ട കാക്കാ. ഞാൻ ഇവിടെയിരുന്നു മതിവരുവോളം ഒന്നു കരയട്ടെ,

19886

അസ- എന്തുട്ട ബിവരക്കേടാണപ്പാ! ങ്ങള്ള അമ്മേൻറട്ടക്ക ലോട്ട ശെല്ലിൻ. (മൺകൂനയിലിരിക്കുന്ന വീർത്ത കവർ കണ്ടിട്ട്) എന്തുട്ടാണിതു്? എയുത്തുകൂട്ട ബച്ചിരിക്കണെ?

ജോ- അതു മൂവായിരം രൂപയാണു കാക്കാ. ആ ലാലിക്കുട്ടി കൊണ്ടുവന്നു വച്ചിട്ടു പോയി. അവൾ മാത്യുവിനോടു വിവാഹത്തിനു പ്രതിഫലമായി വാങ്ങിച്ച പണം.

അസ- ആ കൊച്ചു് ഉശിരൊള്ളോളാ. അതിൻെറ ബാപ്പാൻെറ ചണ്ടിത്തരേന്നും അവളുടെ കയ്യിലില്ല

(എവറെഡിതൊമ്മൻ പ്രവേശിക്കുന്നു)

തൊമ്മൻ- ജോർജ്ജുട്ടീ! ഡോ കൂവേ! നിന്നെ ഞാനെവിടെയൊക്കെ തേടിയെന്നറിയാമോ! വരൂ വരൂ; വേഗം നമ്മുടെ ബിസ്സിനസ്സിൻെറ കാര്യമൊന്നാലോചിക്കണം. തൊമ്മനെവറെഡിയാ.

ജോ- സ്നേഹിതാ ദയവായി എന്നെ ഉപദ്രവിക്കാതെ പോകൂ.

തൊമ്മൻ- എന്തുപറഞ്ഞെടാ? പെണ്ണുങ്ങളെ കെട്ടിച്ചുതരാമെന്നുംപറഞ്ഞു്, തൊമ്മൻ പട്ടാളത്തിപ്പോയിക്കൊണ്ടുവന്ന രൂപാ മുഴുവൻ നീ കൈക്കലാക്കി. ഒടുക്കം പെണ്ണുങ്ങളു ചത്തുംപോയി. രക്ഷെ തൊമ്മനെവറെഡിയാ. കരുതിക്കോണം.

ജോ- ക്ഷമിക്കു സ്നേഹിതാ. ഞാൻ തെററുകാരനാണു്.

തൊമ്മൻ- എന്തോന്നു ക്ഷമിക്കാൻ? എൻെറ രൂപാ വച്ചുന്നുണ്ടോ?

അസ- ങ്ങള്ള പിരാന്തു പറയാതിരിക്കിൻ. ആ കൊച്ചിൻെറ മയ്യത്തു മണ്ണിലായതേയുള്ളല്ലോ.

തൊമ്മൻ- താൻവേണം കാക്കാ ഇതിനൊരു തീരുമാനമുണ്ടാക്കാൻ. ഞങ്ങളുടെ ബിസ്സിനസ്സാണെങ്കിൽ അടിക്കടി ഡള്ളാകുന്നു. എല്ലാ അവനും കിറുക്കുണ്ടെങ്കിലും ഒരുത്തനും ആമം മേടിക്കുന്നില്ല, ശവപ്പെട്ടിക്കും തീരെ ചെലവു കുറവാ. ഇവിടെ ഒരെണ്ണത്തിനാവശ്യം വന്നിട്ട് അതിൻെറ ഓർഡർപോലും ഇവൻ തന്നില്ല. നല്ല പാർട്ട്ണറല്ലേ; നമ്മുടെ പണം വേഗം വച്ചേക്കട്ടെ. ബിസ്സിനസ്സുകാർ വേറെയുണ്ട്. തൊമ്മനെവറെഡിയാ.

..RAM LIBRARY


അസ- ഇപ്പം ങ്ങ്ള് പോകിൻ' ഏറ്റപ്പാടൊക്കെ ഞമ്മള് തീ ക്കാം.

തൊമ്മൻ അതു പററത്തില്ല. റഡിക്കാഷ്, റഡിബിസ്സിനസ്, റഡികളം, റഡിപററ്, റഡിവരവ്, തൊമ്മനെ വറെറഡിയാ.

അസ- (മൺകൂനയിൽനിന്നും പണം കയ്യിലെടുത്ത്) ങ്ങള്ക്കെത്രയുറുപ്യ വരും?

തൊമ്മൻ- എല്ലാംകൂടെ രണ്ടായിരത്തി എഴനൂറു റുപാ.

അസ- ഇതാ മൂവായിരമുണ്ട്. വേഗം പോകിൻ. (പണം കൊടുക്കുന്നു, തൊമ്മൻ സന്തുഷ്ടനായി പോകുന്നു. ലാലിക്കുട്ടി ഒരു റീത്തുമായി പ്രവേശിക്കുന്നു)

ലാലി- ക്ഷമിക്കണെ ജോർജ്. ഞാൻ എൻെറ ചേച്ചിയുടെ ബലികുടീരത്തിൽ ഈ പുഷ്പവലയം അർപ്പിച്ചുകൊള്ളട്ടെ. (ജോർജ്ജ് നിർന്നിമേഷനായിനോക്കിക്കൊണ്ട് ഏങ്ങലടിക്കുന്നു.ലാലിക്കുട്ടി പുഷ്പവലയം സമർപ്പിക്കുന്നു.പശ്ചാത്തലത്തിൽ ശോകഗാനം മുഴങ്ങുന്നു. യവനിക സാവധാനം നിപതിക്കുന്നു.)

ശുഭം



പരീ
പഴ
ളിൽ
വ്യ
യിക
ളും
കാലത്തിൻെറ കൈപ്പാങ്ങിൽ കിട
ന്നു തിരിയുന്നു. ഈ പുതിയ കാഴ്ച
പ്പാടിൽ കണ്ടുമുട്ടിയ കുറെ വ്യക്തി
കളുടെ തനിപ്പകർപ്പുകൾ മണിമല
യുടെ 'ബലികുടീര''ത്തിൽ നിങ്ങൾ
ക്കു കാണാം.

ദീപിക

DC Library
* 0 0 0 1 9 8 9 5 *
T62 M31

## ജയിംസ് മണിമലയുടെ കൃതികൾ

**നോവൽ**

| | | |
|---|---|---|
| 1 | വെള്ളിച്ചങ്ങല | 2–75 |
| 2 | കടലും കരയും | 1–25 |
| 3 | താളംതെററിയ ഗാനം (അച്ചടിയിൽ) | 3–00 |

**ചെറുകഥാസമാഹാരം**

| | | |
|---|---|---|
| 4 | പൊന്നാരമോൾ | 1–00 |
| 5 | പൊൻകിനാവുകൾ | 1–00 |
| 6 | മിന്നൽപ്പിണറുകൾ | 0–50 |

**നാടകം**

| | | |
|---|---|---|
| 7 | പ്രേമയാഗം | 0–75 |
| 8 | പാവങ്ങളുടെ പടയാളി | 0–75 |
| 9 | വിളക്കണഞ്ഞിട്ടും വെളിച്ചം | 0–62 |
| 10 | മണിമേട | 0–50 |
| 11 | രക്തസാക്ഷിണി | 0–75 |
| 12 | ചാരിത്രതാരം | 0–75 |
| 13 | വയ്യാവേലികൾ | 1–00 |

**ഗദ്യകവിത**

| | | |
|---|---|---|
| 14 | ഹൃദ്യാഞ്ജലി | 0–50 |

**ദീപിക, കോട്ടയം.**

# ബലികുടീരം

ജയിംസ് മണിമ



T62
M31

Indic Digital Archive Foundation
gpura.org